# 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

# 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1168/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | xi |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

## സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>.:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. തോമസ് ചാണ്ടി,
ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല , ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ

# സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കായി അയച്ച 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ (ബിൽ നമ്പർ 78), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ 2017 ആഗസ്റ്റ് 3-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച ഈ ബിൽ 2017, ആഗസ്റ്റ് 16-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2017, ആഗസ്റ്റ് 16-ാം തീയതി സഭാ സമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 3</u>

ഉപഖണ്ഡം 4(ii)-ൽ " വൈസ് ചെയർമാനും" എന്ന വാക്കിനു പകരം " വൈസ് ചെയർമാനെ" എന്ന വാക്ക് ചേർക്കുകയും "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ഒരാളെ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

<u>ഖണ്ഡം 9</u>

ഉപഖണ്ഡം 2-ൽ അഞ്ചാമത്തെ വരിയിലെ "അത്" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

<u>ഖണ്ഡം 10</u>

ഉപഖണ്ഡം 1-ൽ "ആക്റ്റിന് " എന്ന വാക്കിന് പകരം "ആക്റ്റ് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 13</u>

ഉപഖണ്ഡം 2-ൽ "ബത്തകൾ കൂടാതെ മറ്റ് സേവന വ്യവസ്ഥകളും" എന്നതിനു പകരം "ബത്തകൾ, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ" എന്ന് മാറ്റം വരുത്തേണ്ടതാണ്.

ഖണ്ഡം 17

മാർജിനൽ ശീർഷകത്തിലെ "തുറമുഖ കാര്യാലയത്തിലെ" എന്നതിനുപകരം "തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും" എന്ന് മാറ്റം വരുത്തേണ്ടതാണ്. പ്രസ്തുത ഖണ്ഡത്തിലെ രണ്ടാമത്തെ വരിയിലെ "തുറമുഖ കാര്യാലയത്തിലെ" എന്നതിനു പകരം "തുറമുഖ ഡയറക്ടറേറ്റിലെയും തുറമുഖ കാര്യാലയങ്ങളിലെയും" എന്ന് മാറ്റം വരുത്തേണ്ടതാണ്.

ഖണ്ഡം 25

(1) മാർജിനൽ ശീർഷകത്തിൽ "മത്സ്യബന്ധനയാനങ്ങളുടെ മേലുള്ള നിയന്ത്രണം" എന്നതിനു ശേഷം " (1)" എന്ന് ചേർക്കേണ്ടതാണ്.

(2) ഓരോ "മത്സ്യബന്ധനയാനവും" എന്നതിനു ശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്നു കൂടി ചേർക്കേണ്ടതാണ്.

(3) പ്രസ്തുത ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡമായി "(2) ബോർഡിന്റെ അധികാര പരിധിയിൽ വരാവുന്ന അപായ സൂചനകൾ നൽകാൻ കഴിയുന്ന വിധത്തിലുള്ള എല്ലാ നടപടികളും ബോർഡ് സ്വീകരിക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതാണ്.

ഖണ്ഡം 33

ഉപഖണ്ഡം (2)-ൽ "സംഭരിക്കലിനു വേണ്ടിയോ" എന്ന വാക്കിനുപകരം "സംഭരിക്കുന്നതിനു വേണ്ടിയോ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 34

ഉപഖണ്ഡം (1)-ൽ "വിധേയമായല്ലാതെ" എന്നതിനു പകരം "വിധേയമായല്ലാതെയും" എന്ന് ചേർക്കേണ്ടതാണ്.

ഖണ്ഡം 36

ഉപഖണ്ഡം (1)-ൽ "സംബന്ധിച്ചോ" എന്ന വാക്കിനു പകരം "ബന്ധപ്പെട്ടോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഖണ്ഡം 50

നിലവിലുള്ള ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,—

"50. വിറ്റ് വരവിന്റെ വിനിയോഗം.—(1) 1962-ലെ കസ്റ്റംസ് ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി 48-ാം വകുപ്പുപ്രകാരമോ 49-ാം വകുപ്പുപ്രകാരമോ ഉള്ള ഓരോ വിൽപ്പനയുടെയും വിറ്റുവരവ് താഴെപ്പറയുന്ന ക്രമത്തിൽ വിനിയോഗിക്കേണ്ടതാണ്:—

(എ) വിൽപ്പനയുടെ ചെലവുകൾ കൊടുക്കുന്നതിൽ;

(ബി) 46-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ലീനിന്റെ മുൻഗണനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ലീനുകളും അവകാശങ്ങളും അവയുടെ മുൻഗണനാ ക്രമപ്രകാരം കൊടുക്കുന്നതിൽ;

(സി) ചരക്കുകൾ കരയ്ക്കിറക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ സൂക്ഷിക്കുന്നതിനോ സംഭരണശാലയിൽ സംഭരിക്കുന്നതിനോ ഉള്ള നിരക്കുകളും ചെലവുകളും, അങ്ങനെയുള്ള ചരക്കുകൾ സംബന്ധിച്ച് കരയ്ക്കിറക്കിയ തീയതി മുതൽ നാലുമാസക്കാലാവധിക്ക് കൊടുക്കേണ്ടതായ പീനൽ ഡമറേജ് അല്ലാത്ത ഡമറേജ് ഉൾപ്പെടെ അതിനെ സംബന്ധിച്ച് ബോർഡിന് ചെല്ലേണ്ട മറ്റ് എല്ലാ ചാർജ്ജുകളും കൊടുക്കുന്നതിൽ;

(ഡി) ബോർഡിന് ചെല്ലേണ്ടതായ മറ്റേതെങ്കിലും തുക കൊടുക്കുന്നതിൽ.

(2) അധിക തുക ഏതെങ്കിലുമുണ്ടെങ്കിൽ, ചരക്കുകളുടെ ഏൽപ്പിച്ചു കൊടുക്കുന്ന ആളിനോ അയാളുടെ ഏജന്റിനോ ഇറക്കുമതിക്കാരനോ ഉടമസ്ഥനോ ചരക്കുകളുടെ വിൽപ്പന തീയതി മുതൽ ആറു മാസത്തിനുള്ളിൽ ഇതിനുവേണ്ടി അയാൾ സമർപ്പിച്ച ഒരു അപേക്ഷയിന്മേൽ നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം യാതൊരു അപേക്ഷയും സമർപ്പിച്ചിട്ടില്ലാത്തിടത്ത്, ബോർഡ് ഈ ആക്റ്റിന്റെ ആവശ്യത്തിനായി അധിക തുക വിനിയോഗിക്കേണ്ടതാണ്.

(4) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

(5) വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 16.

## വിയോജനക്കുറിപ്പ്

2017-ലെ കേരള മാരിടൈം ബോർഡ് ബിൽ, കേരളാ മാരിടൈം ബോർഡ് സ്ഥാപിക്കൽ എന്ന രണ്ടാം അധ്യായത്തിൽ പറയുന്ന കാര്യങ്ങളിൽ പലതിനോടും വിയോജിക്കുകയാണ്. നിലവിലുള്ള ബോർഡിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളത് കാര്യമായ ഒരു പോരായ്മയാണ്. ബോർഡിന്റെ യോഗങ്ങൾ സംബന്ധിച്ച വ്യവസ്ഥകളിലും അപാകതകളുണ്ട്. വകുപ്പ് 25-ലെ നിബന്ധനകൾ മത്സ്യബന്ധന ബോട്ടുകളെ ബാധിക്കുന്നതിനാൽ അത് ഒഴിവാക്കണമെന്ന അഭിപ്രായമുണ്ട്. 26, 27 വകുപ്പുകൾ ഇൻഡ്യൻ കസ്റ്റംസ് ആക്ടുമായി പൊരുത്തക്കേടുള്ളതിനാൽ സംഭവിക്കാവുന്ന വിഷയങ്ങളും ചൂണ്ടിക്കാണിക്കുകയാണ്. വകുപ്പ് 50 പ്രകാരമുള്ള വിറ്റുവരവിന്റെ വിനിയോഗം സംബന്ധിച്ച വ്യവസ്ഥകളിലും ആശയക്കുഴപ്പമുണ്ട്. വകുപ്പ് 30, 32, 33, 34, 35 എന്നിവയിലും ജനാധിപത്യ വിരുദ്ധവും, നിയമ വിരുദ്ധവുമുള്ള കാര്യങ്ങളുള്ളതിനാൽ വിയോജിപ്പുണ്ട്. നിയമത്തിലെ 8-ാം അധ്യായത്തിലെ 53-ാം വകുപ്പ് പ്രകാരം ബോർഡിന് വായ്പകൾ സ്വരൂപിക്കുവാനുള്ള അധികാരം നൽകുന്ന എന്നുള്ളതിനോട് വിയോജിക്കുകയാണ്. ഫലപ്രദമായ തീരദേശ സംരക്ഷണ സംവിധാനം നടപ്പാക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള ഒരു ബോർഡ് രൂപീകരണമാണ് ഉദ്ദേശമെങ്കിൽ അതിന് ഈ ബിൽ പര്യാപ്തമല്ല. ആയതിലുള്ള വിയോജിപ്പും രേഖപ്പെടുത്തുകയാണ്.

എൻ. ഷംസുദ്ദീൻ, എം. എൽ. എ. (ഒപ്പ്)

# 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നതും വശത്ത് വരച്ചിരിക്കുന്നതും സമിതി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കിയതിനെയും സൂചിപ്പിക്കുന്നു.]

## കേരള സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾക്കുവേണ്ടി കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനും അപ്രകാരമുള്ള തുറമുഖങ്ങളുടെയും ചില സംരംഭങ്ങളുടെയും ഭരണവും നിയന്ത്രണവും നടത്തിപ്പും ആ ബോർഡിൽ നിക്ഷിപ്തമാക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങൾക്ക് വേണ്ടി കേരള മാരിടൈം ബോർഡ് രൂപീകരിക്കേണ്ടതും അപ്രകാരമുള്ള തുറമുഖങ്ങളുടെയും ചില സംരംഭങ്ങളുടെയും ഭരണവും നിയന്ത്രണവും നടത്തിപ്പും ആ ബോർഡിൽ നിക്ഷിപ്തമാക്കേണ്ടതും യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി എട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് എന്ന് പേരു പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(4) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ 1908-ലെ ഇന്ത്യൻ തുറമുഖ ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) ബാധകമാകുന്ന സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാൻഡിംഗ് കേന്ദ്രങ്ങളും ഒഴികെയുള്ള എല്ലാ ചെറുകിട തുറമുഖങ്ങൾക്കും ഇത് ബാധകമാകുന്നതും സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, 1908-ലെ ഇന്ത്യൻ തുറമുഖ ആക്റ്റിലെ (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ആ ആക്റ്റ് വ്യാപകമാക്കിയിട്ടുള്ള

സംസ്ഥാനത്തെ മറ്റേതെങ്കിലും ചെറുകിട തുറമുഖങ്ങൾക്കും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രഭാവത്തോടുകൂടി, ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കാവുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, സംരംഭം നിഷിപ്തമാക്കുകയും കൈമാറുകയും ചെയ്യുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ട ദിവസം എന്നർത്ഥമാകുന്നു;

(ബി) "ബോർഡ്" എന്നാൽ 3-ാം വകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട കേരള മാരിടൈം ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ചെയർമാൻ" എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പു പ്രകാരം, നിയമിക്കപ്പെട്ട ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നുന്നതും അതിൽ 4-ാം വകുപ്പുപ്രകാരം ചെയർമാനായി നിയമിക്കപ്പെട്ട ആൾ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ ഈ ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസറായി നിയമിക്കപ്പെട്ട ആഫീസർ എന്നർത്ഥമാകുന്നു;

(ഇ) "കോടതി" എന്നാൽ ഒരു യാനത്തെ അറസ്റ്റ് ചെയ്യുന്നതിനും തടഞ്ഞുവയ്ക്കുന്നതിനും സിവിലും ക്രിമിനലും സംഗതികളിന്മേൽ കടൽ പ്രദേശം സംബന്ധിച്ച് അധികാരിതയുള്ള കേരള ഹൈക്കോടതിയും മറ്റ് കോടതികളും എന്നർത്ഥമാകുന്നു;

(എഫ്) "ഡോക്ക്" എന്നതിൽ എല്ലാ ബെയ്സിനുകളും ലോക്കുകളും കട്ടുകളും എൻട്രൻസുകളും ഗ്രേവിംഗ് ഡോക്കുകളും ഗ്രേവിംഗ് ബ്ലോക്കുകളും ഇൻക്ലൻഡ് പ്ലെയിനുകളും, സ്ലിപ് വേകളും ഗ്രീഡ് അയണുകളും നങ്കൂരങ്ങളും ട്രാൻസിറ്റ് ഷെഡുകളും വെയർഹൗസുകളും ഗോഡൗണുകളും തുറസ്സായ പുരയിടങ്ങളും എതെങ്കിലും ഡോക്കിനോട് ചേർന്നിരിക്കുന്ന മറ്റു നിർമ്മാണങ്ങളും സാധനങ്ങളും മാത്രമല്ല കൈവഴികളാൽ വലയം ചെയ്യപ്പെടുന്നതോ സംരക്ഷിക്കപ്പെടുന്നതോ ആയ കടൽഭാഗവും അലതാനിയും അലതാനികൾ ഉൾപ്പെടെയുള്ള പുറം നങ്കൂരത്താവളവും ഒരു തുറമുഖത്തിന്റെ പുറം നങ്കൂരത്താവളവും അല്ലെങ്കിൽ പുൽമുട്ടുകളും കൂടി ഉൾപ്പെടുന്നതുമാകുന്നു;

(ജി) "മത്സ്യബന്ധന യാനം" എന്നാൽ ലാഭത്തിനുവേണ്ടി കടൽ മത്സ്യബന്ധനത്തിൽ മാത്രമായി ഏർപ്പെട്ടിട്ടുള്ള യന്ത്രവത്കൃതമായ ഒരു യാനം എന്നർത്ഥമാകുന്നു;

(എച്ച്) "വിദേശത്തേക്ക് പോകുന്ന കപ്പൽ" എന്നാൽ ഭാരതത്തിലെ ഏതെങ്കിലും തുറമുഖമോ സ്ഥലമോ കൂടാതെ മറ്റേതെങ്കിലും തുറമുഖമോ സ്ഥലമോ തമ്മിലും അല്ലെങ്കിൽ ഭാരതത്തിന് പുറത്തുള്ള തുറമുഖങ്ങളോ സ്ഥലങ്ങളോ തമ്മിലും വ്യാപാരത്തിൽ ഏർപ്പെടാത്ത ആഭ്യന്തര വ്യാപാര കപ്പൽ അല്ലാത്ത ഒരു കപ്പൽ എന്നർത്ഥമാകുന്നു;

(ഐ) ''ഫോർഷോർ'' എന്നാൽ ഒരു തുറമുഖത്തെ സംബന്ധിച്ചിടത്തോളം, ആ തുറമുഖത്തെ സംബന്ധിക്കുന്ന ഹൈവാട്ടർ മാർക്കിനും ലോ വാട്ടർ മാർക്കിനും ഇടയിലുള്ള പ്രദേശം എന്നർത്ഥമാകുന്നു;

(ജെ) ''ചരക്കുകൾ'' എന്നതിൽ കന്നുകാലികളും എല്ലാതരത്തിലുമുള്ള ജംഗമവസ്തുക്കളും ഉൾപ്പെടുന്നതും എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ യന്ത്രവത്കൃത ബോട്ടുകളോ മറ്റു ജലയാനങ്ങളോ മുഖേന പിടിക്കുന്ന മത്സ്യം ഉൾപ്പെടാത്തതുമാകുന്നു;

(കെ) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എൽ) ''ഹൈ വാട്ടർമാർക്ക്'' എന്നാൽ ഒരു തുറമുഖത്തെ സംബന്ധിച്ചിടത്തോളം, വർഷത്തിന്റെ ഏതെങ്കിലും സീസണിൽ ആ തുറമുഖത്ത് സാധാരണ വേലിയേറ്റം എത്തിച്ചേരുന്ന ഏറ്റവും ഉയർന്ന സ്ഥാനത്തിൽക്കൂടി വരയപ്പെടുന്ന ഒരു രേഖ എന്നർത്ഥമാകുന്നു;

(എം) ''സ്ഥാവര വസ്തു'' എന്നതിൽ ഏതെങ്കിലും ഭൂമിയിലോ വാർഫിലോ ഡോക്കിലോ പിയറിലോ അവയിൻമേലോ അവയുമായി ബന്ധപ്പെട്ടോ പ്രയോഗിക്കാവുന്ന എല്ലാ വാർഫേജ് അവകാശങ്ങളും മറ്റു അവകാശങ്ങളും ഉൾപ്പെടുന്നതാകുന്നു;

(എൻ) ''ഇന്ത്യൻ കപ്പൽ'' എന്നാൽ 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റിൻ (1958-ലെ 44-ാം കേന്ദ്ര ആക്റ്റ്) കീഴിൽ അപ്രകാരം രജിസ്റ്റർ ചെയ്ത ഒരു കപ്പൽ എന്നർത്ഥമാകുന്നതും പ്രസ്തുത ആക്റ്റിന്റെ 22-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം ഒരു ഇന്ത്യൻ കപ്പലായി അംഗീകരിച്ചതും, 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ ഏതെങ്കിലും തുറമുഖത്ത് രജിസ്റ്റർ ചെയ്തതുമായ ഏതെങ്കിലും കപ്പൽ ഉൾപ്പെടുന്നതുമാകുന്നു;

(ഒ) ''കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ'' എന്നാൽ 1956-ലെ കമ്പനികൾ ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്ത കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(പി) ''കേരള സംസ്ഥാന മാരിടൈം സൊസൈറ്റി'' എന്നാൽ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12-ാം ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്ത കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നർത്ഥമാകുന്നു;

(ക്യൂ) ''കര'' എന്നതിൽ ഹൈവാട്ടർ മാർക്കിനു താഴെയുള്ള കടൽത്തട്ടും കൂടാതെ ഭൂബദ്ധമായിട്ടുള്ളതോ ഭൂബദ്ധമായിട്ടുള്ള ഏതിനോടെങ്കിലും സ്ഥിരമായി ഉറപ്പിച്ചിട്ടുള്ളതോ ആയ വസ്തുക്കളും ഉൾപ്പെടുന്നു;

(ആർ) ''ലോ വാട്ടർമാർക്ക്'' എന്നാൽ ഒരു തുറമുഖത്തെ സംബന്ധിച്ചിടത്തോളം, വർഷത്തിന്റെ ഏതെങ്കിലും സീസണിൽ ആ തുറമുഖത്തെ സാധാരണ വേലിയിറക്കം എത്തിച്ചേരുന്ന താഴ്ന്ന സ്ഥാനത്തിൽകൂടി വരയപ്പെടുന്ന ഒരു രേഖ എന്നർത്ഥമാകുന്നു;

(എസ്) "മാസ്റ്റർ" എന്നാൽ ഏതെങ്കിലും ചെറുകിട തുറമുഖത്തെ ഉപയോഗിക്കുന്ന ഏതെങ്കിലും ജലയാനത്തെയോ യാനത്തെയോ സംബന്ധിച്ചിടത്തോളം, ആ തുറമുഖത്തിന്റെ ഒരു പൈലറ്റ്, ഹാർബർ മാസ്റ്റർ, ഡോക്ക് മാസ്റ്റർ അല്ലെങ്കിൽ ബെർത്തിംഗ് മാസ്റ്റർ എന്നിവരൊഴികെ, അതതു സംഗതിപോലെ, അങ്ങനെയുള്ള ജലയാനത്തിന്റേയോ യാനത്തിന്റേയോ ചാർജോ നിയന്ത്രണമോ തൽസമയമുള്ള ഏതൊരാളും എന്നർത്ഥമാകുന്നു;

(റ്റി) "അംഗം" എന്നാൽ, അതതു സംഗതിപോലെ, ബോർഡിലേയോ അതിന്റെ കമ്മിറ്റികളിലേയോ ഒരംഗം എന്നർത്ഥമാകുന്നു;

(യു) "ചെറുകിട തുറമുഖം" അല്ലെങ്കിൽ "തുറമുഖം" എന്നാൽ കേന്ദ്രസർക്കാർ ഏതെങ്കിലും നിയമത്തിൻ കീഴിൽ, അതത് സമയം അപ്രകാരം പ്രഖ്യാപിച്ച ഒരു വൻകിട തുറമുഖം അല്ലാതെയുള്ള, 1908-ലെ ഇന്ത്യൻ തുറമുഖ ആക്റ്റിൻ (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) കീഴിൽ, അതത് സമയം, സർക്കാരാൽ നിർവ്വചിക്കപ്പെടാവുന്ന അപ്രകാരമുള്ള പരിധിക്കുള്ളിൽ, ഈ ആക്റ്റ് ബാധകമാകുന്നത് എന്നർത്ഥമാകുന്നു;

(വി) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഡബ്ലിയു) "ഉടമസ്ഥൻ" എന്നാൽ,—

(i) ചരക്കുകളെ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള ചരക്കുകൾ വിൽക്കുന്നതിനോ സൂക്ഷിക്കുന്നതിനോ കയറ്റുന്നതിനോ ഇറക്കുന്നതിനോ ഉള്ള ഏതെങ്കിലും കൺസൈനറോ, കൺസൈനിയോ കപ്പൽവഴി ചരയ്ക്കയയ്ക്കുന്ന ആളോ ഏജന്റോ എന്നർത്ഥമാകുന്നതും, കൂടാതെ അവർ ഉൾപ്പെടുന്നതും; കൂടാതെ

(ii) ഏതെങ്കിലും തുറമുഖം ഉപയോഗിക്കുന്ന ഏതെങ്കിലും ജലയാനത്തേയോ യാനത്തേയോ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും തുറമുഖ ഉടമസ്ഥനോ ചാർട്ടററോ കൺസൈനിയോ ഈടവകാശമുള്ളയാളോ എന്നർത്ഥമാകുന്നതും,

ആകുന്നു.

(എക്സ്) "പിയർ" എന്നതിൽ ഏതൊരു തട്ടും ഗോവണിയും കടവും, ഹാർഡ് ജെട്ടിയും ഫ്ളോട്ടിംഗ് ബാർജും പോൺടൂണും ഏതെങ്കിലും പാലങ്ങളോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റു നിർമ്മാണങ്ങളും ഉൾപ്പെടുന്നു;

(വൈ) "തുറമുഖ പ്രവേശങ്ങൾ" എന്നാൽ ഏതെങ്കിലും തുറമുഖത്തെ സംബന്ധിച്ചിടത്തോളം, 1908-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) പ്രാബല്യത്തിലുള്ള, തുറമുഖത്തിലേക്ക് നയിക്കുന്ന ഗതാഗതയോഗ്യമായ നദികളുടെയും ചാനലുകളുടെയും ഭാഗങ്ങൾ എന്നർത്ഥമാകുന്നതും അതിനു പുറമേ തുറമുഖത്തിന്റെ പരിധിക്കുള്ളിലെ അടിസ്ഥാന സൗകര്യങ്ങളായ റോഡും റെയിലും ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇസഡ് എ) "പബ്ലിക് സെക്യൂരിറ്റികൾ" എന്നാൽ,—

(i) പ്രോമിസറി നോട്ടുകൾ, കടപ്പത്രങ്ങൾ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ സ്റ്റോക്ക് അല്ലെങ്കിൽ മറ്റു സെക്യൂരിറ്റികൾ:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും മുതലും പലിശയും രണ്ടും പൂർണ്ണമായും നിരുപാധികമായും സർക്കാർ ഗ്യാരന്റി ചെയ്തിട്ടുള്ള സെക്യൂരിറ്റികൾ, ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി, ആ സർക്കാരിന്റെ സെക്യൂരിറ്റിയായി കരുതപ്പെടേണ്ടതാണ്; കൂടാതെ

(ii) സംസ്ഥാനത്ത് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെ അധികാരത്തിൻ കീഴിൽ ഏതെങ്കിലും മുനിസിപ്പാലിറ്റിയോ ഇംപ്രൂവ്മെന്റ് ട്രസ്റ്റോ പോർട്ട് ട്രസ്റ്റോ അല്ലെങ്കിൽ അതിനു വേണ്ടിയോ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾ അല്ലെങ്കിൽ പണത്തിനു വേണ്ടിയുള്ള മറ്റ് ഈട് പത്രങ്ങൾ എന്നർത്ഥമാകുന്നതും അതിൽ സെക്യൂരിറ്റികൾ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് ബി) "നിരക്ക്" എന്നാൽ ഈ ആക്റ്റ് പ്രകാരം ഈടാക്കാവുന്ന ഏതെങ്കിലും ടോൾ, ചുങ്കങ്ങൾ, വാടക, ഫീസ് അല്ലെങ്കിൽ ചാർജ് എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് സി) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ബോർഡ് ഉണ്ടാക്കിയിട്ടുള്ള റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഇസഡ് ഡി) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ഇസഡ് ഇ) "സെക്യൂരിറ്റികൾ" എന്നാൽ 1956-ലെ സെക്യൂരിറ്റീസ് കോൺട്രാക്സ് (റെഗുലേഷൻ) ആക്റ്റിലെ (1956-ലെ 42-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (എച്ച്) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള സെക്യൂരിറ്റികൾ എന്നർത്ഥമാകുന്നു;

(ഇസഡ് എഫ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഇസഡ് ജി) "സംരംഭങ്ങൾ" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പ് പ്രകാരം സർക്കാരിനു കൈമാറ്റപ്പെടുകയും അതിൽ നിക്ഷിപ്തമായിത്തീരുകയും ചെയ്ത കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനും കേരള സംസ്ഥാന മാരിടൈം സൊസൈറ്റിയും എന്നർത്ഥമാകുന്നു;

(ഇസഡ് എച്ച്) "ജലയാനം" എന്നതിൽ മനുഷ്യരെയോ ചരക്കുകളേയോ പ്രധാനമായും ജലമാർഗ്ഗം കൊണ്ടുപോകുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഏതൊന്നും ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് ഐ) "വാർഫ്" എന്നതിൽ ചരക്കുകൾ കയറ്റുന്നതിനോ ഇറക്കുന്നതിനോ വേണ്ടിയോ യാത്രക്കാരെ കയറ്റുന്നതിനോ ഇറക്കുന്നതിനോ വേണ്ടിയോ ഉപയോഗിക്കപ്പെടാവുന്ന ഏതെങ്കിലും ഭിത്തി അല്ലെങ്കിൽ തട്ടും, കരയുടെയോ ഫോർഷോറിന്റേയോ ഏതെങ്കിലും ഭാഗവും അതിനെ ചുറ്റിയോ അതിനോട് ചേർന്നിരിക്കുന്നതോ ആയ ഏതൊരു ഭിത്തിയും ഉൾപ്പെടുന്നു.

## അദ്ധ്യായം II

## കേരള മാരിടൈം ബോർഡ് സ്ഥാപിക്കൽ

3. കേരള മാരിടൈം ബോർഡ് സ്ഥാപിക്കൽ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം എത്രയും പെട്ടെന്ന്, സർക്കാരിന്, വിജ്ഞാപനം വഴി, 'കേരള മാരിടൈം ബോർഡ്' എന്ന് വിളിക്കപ്പെടുന്ന ഒരു ബോർഡ് സ്ഥാപിക്കാവുന്നതാണ്.

(2) ബോർഡ്, സ്ഥാവര ജംഗമ വസ്തു ആർജ്ജിക്കുന്നതിനും കൈവശം വെയ്ക്കുന്നതിനും വ്യയനം ചെയ്യുന്നതിനും കരാറുകളിലേർപ്പെടുന്നതിനും ഉള്ള അധികാരത്തോടു കൂടിയ, ശാശ്വത പിൻതുടർച്ചാവകാശവും ഒരു പൊതുമുദ്രയുമുള്ള മേൽപറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

(3) ബോർഡിന്റെ ആസ്ഥാനം കൊച്ചിയിൽ ആയിരിക്കുന്നതാണ്.

(4) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം ഷിപ്പിംഗിലും മാരിടൈം നിയമത്തിലും പരിജ്ഞാനമുള്ള ഒരാൾ ആയിരിക്കേണ്ടതുമാണ്.

(ii) വൈസ് ചെയർമാനെ [****] സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത് നിയമിക്കേണ്ടതും അയാൾ കേരള സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാൾ ആയിരിക്കേണ്ടതുമാണ്.

| | | |
|---|---|---|
| (iii) ഗവൺമെന്റ് സെക്രട്ടറി (മത്സ്യബന്ധനവും തുറമുഖവും വകുപ്പ്) | - | എക്സ് ഒഫിഷ്യോ അംഗം |
| (iv) ഗവൺമെന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്) | - | എക്സ് ഒഫിഷ്യോ അംഗം |
| (v) നിയമ സെക്രട്ടറി (നിയമ വകുപ്പ്) | - | എക്സ് ഒഫിഷ്യോ അംഗം |

(vi) കേരള തീരത്തിന്റെ ചുമതലയുള്ള, ഭാരതത്തിന്റെ നാവികസേനയിൽ നിന്നുള്ള ഒരു പ്രതിനിധി - എക്സ് ഒഫിഷ്യോ അംഗം

(vii) തീരക്കടലിന്റെയും കേരള തീരത്തിന്റെയും ചുമതലയുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ നിന്നുള്ള ഒരു പ്രതിനിധി - എക്സ് ഒഫിഷ്യോ അംഗം

(viii) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - എക്സ് ഒഫിഷ്യോ അംഗം

(ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ - അംഗങ്ങൾ

4. ചെയർമാന്റെ അഭാവം.—ചെയർമാന്റെ അഭാവത്തിലോ അവധിയിലോ വൈസ് ചെയർമാനും ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ സർക്കാർ നിയമിക്കാവുന്ന അങ്ങനെയുള്ള ആളും ചെയർമാനായി പ്രവർത്തിക്കേണ്ടതാണ്.

5. ബോർഡിന്റെ യോഗം.—(1) ബോർഡ്, റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗങ്ങൾ നടത്തേണ്ടതും (2)-ഉം (3)-ഉം (4)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അങ്ങനെയുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതുമാണ്.

(2) ബോർഡിന്റെ യോഗത്തിൽ ചെയർമാനും അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ്-ചെയർമാനും ചെയർമാന്റെയും വൈസ്-ചെയർമാന്റെയും അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ആളും അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(3) ഒരു യോഗത്തിലെ എല്ലാ പ്രശ്നങ്ങളും ആ യോഗത്തിൽ ഹാജരാവുകയും വോട്ട് ചെയ്യുകയും ചെയ്ത അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും വോട്ടുകൾ തുല്യമായിരിക്കുന്ന സംഗതിയിൽ അദ്ധ്യക്ഷം വഹിക്കുന്ന ആൾക്ക് ഒരു രണ്ടാം വോട്ട് അഥവാ കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതുമാണ്.

(4) ഒരു യോഗത്തിന്റെ ക്വാറം തികയാൻ ആവശ്യമായ അംഗങ്ങളുടെ എണ്ണം റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കേണ്ടതും ക്വാറം തികയുന്ന അത്രയും എണ്ണം അംഗങ്ങൾ അങ്ങനെയുള്ള യോഗത്തിലുടനീളം ഹാജരില്ലാത്ത പക്ഷം ഏതൊരു യോഗത്തിലും യാതൊരു കാര്യങ്ങളും നടത്തുവാൻ പാടില്ലാത്തതുമാണ്.

6. ബോർഡിന്റെ കമ്മിറ്റികൾ.—(1) ബോർഡിന്, അതിന്റെ അംഗങ്ങളുടെ ഇടയിൽ നിന്നും, ബോർഡ് ആവശ്യമെന്നു കരുതാവുന്ന അത്രയെണ്ണം അംഗങ്ങൾ അടങ്ങുന്ന ഒന്നോ അതിലധികമോ കമ്മിറ്റികൾ, ബോർഡ് അങ്ങനെയുള്ള കമ്മിറ്റിക്കോ കമ്മിറ്റികൾക്കോ ഏൽപ്പിച്ചുകൊടുക്കാവുന്ന അങ്ങനെയുള്ള അതിന്റെ കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനുള്ള ആവശ്യത്തിനായി, അതത് സമയം, രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള സ്ഥലത്തും യോഗം ചേരേണ്ടതും ക്വാറം ഉൾപ്പെടെ അതിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അങ്ങനെയുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതുമാണ്.

7. നിയമനത്തിലെ ന്യൂനതകൾ പ്രവൃത്തികൾ മുതലായവയെ അസാധുവാക്കുന്നതല്ല.—ബോർഡിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ ഏതെങ്കിലും പ്രവൃത്തി അല്ലെങ്കിൽ നടപടി,—

(എ) അതിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും അപാകതയോ;

(ബി) അതിലെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാൾക്ക് എന്തെങ്കിലും അയോഗ്യതയോ അയാളുടെ നിയമനത്തിൽ എന്തെങ്കിലും ന്യൂനതയോ;

(സി) പ്രവർത്തിയുടേയോ നടപടികളുടേയോ ഗുണദോഷങ്ങളെ ബാധിക്കാതെയുള്ള അതിന്റെ നടപടിക്രമത്തിൽ ഏതെങ്കിലും ക്രമക്കേടോ, കാരണമായി മാത്രം അസാധുവാകുന്നതല്ല.

8. അധികാരങ്ങൾ ഏൽപ്പിച്ചു നൽകൽ.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ബോർഡിനു നൽകിയിട്ടുള്ളതോ ബോർഡിൽ ചുമത്തപ്പെട്ടതോ ആയതും, സർക്കാരിന്റെ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ളതുമായ അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും, അങ്ങനെയുള്ള നിർദ്ദേശത്തിൽ വ്യക്തമാക്കുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ കൂടി വിനിയോഗിക്കുന്നതിനും നിർവ്വഹിക്കുന്നതിനും, നിർദ്ദേശിക്കാവുന്നതാണ്.

9. ചെയർമാന്റെയും, വൈസ് ചെയർമാന്റെയും, ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും കർത്തവ്യങ്ങൾ.—(1) രോഗത്താലോ മറ്റു ന്യായമായ കാരണത്താലോ തടയപ്പെടാത്തപക്ഷം, ബോർഡിന്റെ ഓരോ യോഗത്തിലും സന്നിഹിതനാകേണ്ടത് ചെയർമാന്റെയും വൈസ് ചെയർമാന്റെയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും കർത്തവ്യമായിരിക്കുന്നതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ബോർഡിന്റെ ഓരോ യോഗത്തിനും ശേഷം അങ്ങനെയുള്ള യോഗത്തിന്റെ മിനിട്ട്സിന്റെ ഒരു പകർപ്പ്, കഴിയുന്നത്ര വേഗം, എന്നാൽ ഓരോ യോഗത്തിനും ശേഷം പതിനഞ്ച് ദിവസങ്ങൾ കവിയാതെ, സർക്കാരിനും ബോർഡിലെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതും സർക്കാരിന്, [****] അതത് സമയം ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിപ്പോർട്ടുകൾ, റിട്ടേണുകൾ, രേഖകൾ അല്ലെങ്കിൽ മറ്റു വിവരങ്ങൾ നൽകേണ്ടതുമാണ്.

(3) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ബോർഡിന്റെ എല്ലാ ജീവനക്കാരുടെയും പ്രവൃത്തികളിൻമേലുള്ള നിർവ്വാഹക ഭരണ വിഷയങ്ങളിലും ബോർഡിന്റെ കണക്കുകളും റിക്കോർഡുകളും സംബന്ധിച്ച വിഷയങ്ങളിലും മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതാണ്.

## അദ്ധ്യായം III

## സംരംഭങ്ങളുടെ നിക്ഷിപ്തമാക്കലും കൈമാറ്റം ചെയ്യലും

10. സംരംഭങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കണമെന്ന്.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കരാറിലോ മറ്റു രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംരംഭങ്ങളായ, അതായത്, 1956-ലെ കമ്പനികൾ ആക്റ്റ് (1950-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്ത കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനും 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്ത കേരള സംസ്ഥാന മാരിടൈം സൊസൈറ്റിയും നിശ്ചയിക്കപ്പെട്ട ദിവസത്തിലും അന്നു മുതൽക്കും ഉള്ള പ്രഭാവത്തോടുകൂടി ഈ ആക്റ്റ് ഹേതുവായി, സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും അതിൽ നിക്ഷിപ്തമായിത്തീരുകയും ചെയ്യുന്നതാണ്.

(2) സർക്കാരിൽ നിക്ഷിപ്തമായ സംരംഭങ്ങളിൽ, താഴെപ്പറഞ്ഞിട്ടുള്ള സ്വത്തുക്കളും അവകാശങ്ങളും ബാധ്യതകളും കടപ്പാടുകളും ഉൾപ്പെടുന്നതാണ്, അതായത്:—

(i) സംരംഭങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്ഥിരം ആസ്തികളും സംരംഭങ്ങളെ സംബന്ധിക്കുന്ന എല്ലാ രേഖകളും;

(ii) നിശ്ചയിക്കപ്പെട്ട ദിവസത്തിനു മുമ്പ് ഏർപ്പെട്ട ഏതെങ്കിലും കരാറിൻ കീഴിലുള്ള സംരംഭങ്ങളുമായി ബന്ധപ്പെട്ട എല്ലാ അവകാശങ്ങളും ബാധ്യതകളും കടപ്പാടുകളും.

(3) നിശ്ചയിക്കപ്പെട്ട ദിവസം സംരംഭങ്ങൾ ബോധിപ്പിച്ചതോ, അവയ്ക്ക് എതിരായി ബോധിപ്പിച്ചതോ ആയ ഏതെങ്കിലും വ്യവഹാരമോ അപ്പീലോ ഏതു സ്വഭാവത്തിലുംപെട്ട മറ്റു നടപടിയോ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത്, അപ്രകാരമുള്ള കൈമാറ്റം കാരണത്താലോ ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള എന്തെങ്കിലും കാരണത്താലോ ഉപശമിക്കാൻ പാടില്ലാത്തതും തുടരാതിരിക്കാൻ പാടില്ലാത്തതും അല്ലെങ്കിൽ ഏതു വിധത്തിലും പ്രതികൂലമായി ബാധിക്കപ്പെടാതിരിക്കേണ്ടതും എന്നാൽ ആ വ്യവഹാരമോ അപ്പീലോ മറ്റു നടപടികളോ സംസ്ഥാന സർക്കാരിനാലോ ബോർഡിനാലോ അല്ലെങ്കിൽ അവയ്ക്കെതിരായോ തുടരാവുന്നതോ തുടർന്ന് നടത്താവുന്നതോ ആണ്.

11. സംരംഭങ്ങൾ ബോർഡിന് കൈമാറുന്നത്.—സർക്കാരിന്, ഉത്തരവു വഴി, 10-ാം വകുപ്പുപ്രകാരം അതിൽ നിക്ഷിപ്തമായ സംരംഭങ്ങൾ, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും ബോർഡിന് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെയുള്ള കൈമാറ്റത്തിൻമേൽ 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായതോ സംക്രമിച്ചതോ ആയ ആ സംരംഭം എല്ലാ ആസ്തികളും, ബാധ്യതകളും, അവകാശങ്ങളും, കടപ്പാടുകളും സഹിതം ബോർഡിൽ നിക്ഷിപ്തമാകുന്നതോ സംക്രമിക്കുന്നതോ ആണ്.

12. നിലവിലുള്ള ജീവനക്കാർ, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ കൈമാറ്റം.—(1) നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് സംരംഭങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്ത ഏതൊരു ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരോ നിശ്ചയിക്കപ്പെട്ട ദിവസം സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനോ ഒരു ജീവനക്കാരനോ ആകുന്നതും 11-ാം വകുപ്പ് പ്രകാരം സംരംഭങ്ങൾ കൈമാറപ്പെടുന്ന പക്ഷം അവർ ബോർഡിന്റെ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആകുന്നതും അങ്ങനെ സംരംഭങ്ങൾ കൈമാറ്റം ചെയ്തിട്ടില്ലാത്തതായിരുന്നുവെങ്കിൽ അയാൾ ആഫീസിൽ തുടരുമായിരുന്ന അതേ കാലയളവും അതേ വേതനത്തിലും അതേ വ്യവസ്ഥകളിലും നിബന്ധനകളിലും പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിക്കപ്പെടാവുന്ന മറ്റു സംഗതികളിലും അതേ അവകാശത്തോടും, വിശേഷാധികാരത്തോടും അതതു സംഗതിപോലെ സർക്കാരിന്റെയോ ബോർഡിന്റെയോ കീഴിലുള്ള അയാളുടെ തൊഴിൽ യഥാവിധി അവസാനിക്കുന്നതു വരെയോ സർക്കാരോ ബോർഡോ അയാളുടെ വേതനമോ സേവന വ്യവസ്ഥകളോ യഥാവിധി മാറ്റം വരുത്തുന്നതു വരെയോ അതതുസംഗതിപോലെ തൊഴിൽ തുടരേണ്ടതാണ്.

(2) സംരംഭങ്ങളിൽ നിയമിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ മറ്റാളുടേയോ സേവനങ്ങൾ മാറ്റം ചെയ്യപ്പെടുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ മറ്റു ജീവനക്കാരനേയോ ഈ ആക്റ്റിൻകീഴിൽ യാതൊരു നഷ്ടപരിഹാരത്തിനും അർഹനാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു അവകാശവാദവും ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനമോ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

(3) സംരംഭങ്ങളിൽ ജോലി ചെയ്യുന്ന ആൾക്കാരുടെ ആനുകൂല്യങ്ങൾക്കായി ഒരു പ്രോവിഡന്റ് ഫണ്ടോ സൂപ്പർ ആന്വേഷൻ ഫണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടോ സംരംഭങ്ങൾ രൂപീകരിച്ചിട്ടുള്ള പക്ഷം, ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ സർക്കാരിലേക്കോ ബോർഡിലേക്കോ സേവനങ്ങൾ മാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനേയോ മറ്റു ജീവനക്കാരേയോ സംബന്ധിച്ച തുകകൾ നിശ്ചയിക്കപ്പെട്ട ദിവസം അങ്ങനെയുള്ള പ്രോവിഡന്റ് ഫണ്ടിലോ, സൂപ്പർആന്വേഷൻ ഫണ്ടിലോ അല്ലെങ്കിൽ മറ്റു ഫണ്ടിലോ നിക്ഷേപം നിലവിലുള്ള തുകകളിൽ, സർക്കാരിലേയ്ക്കോ, ബോർഡിലേയ്ക്കോ, അതതു സംഗതി പോലെ, കൈമാറ്റം ചെയ്യപ്പെടുന്നതും നിക്ഷിപ്തമായിത്തീരുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിനോ ബോർഡിനോ കൈമാറ്റം ചെയ്യപ്പെട്ട തുകകൾ, അതതു സംഗതി പോലെ, സർക്കാരോ ബോർഡോ നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള രീതിയിൽ കൈകാര്യം ചെയ്യേണ്ടതാണ്.

## അദ്ധ്യായം IV

## ബോർഡിലെ ജീവനക്കാർ

13. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാവുന്നതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ യോഗ്യത, ശമ്പളം, ബത്തകൾ, മറ്റു സേവന വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

14. ബോർഡിന്റെ ധനകാര്യ-കണക്കുകളുടെ കൺട്രോളറും ഉദ്യോഗസ്ഥരും ജീവനക്കാരും.—(1) ബോർഡ്, സർക്കാരിന്റെ മുൻകൂട്ടിയുള്ള ലിഖിതമായ അനുമതിയോടുകൂടി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകൾ ഉള്ള ഒരാളെ ധനകാര്യ-കണക്കുകളുടെ കൺട്രോളറായി നിയമിക്കേണ്ടതാണ്. സർക്കാരിന്, അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളോടും വ്യവസ്ഥകളോടും കൂടി അങ്ങനെയുള്ള നിയമനത്തിന് അനുമതി നൽകാവുന്നതാണ്.

(2) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള ലിഖിതമായ അനുമതിയോടുകൂടി, അങ്ങനെയുള്ള മറ്റു തസ്തികകൾ സൃഷ്ടിക്കുകയും ബോർഡിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി അത് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള മറ്റു ഉദ്യോഗസ്ഥരേയും ജീവനക്കാരേയും ഡെപ്യൂട്ടേഷനിലോ മറ്റു വിധത്തിലോ നിയമിക്കുകയും റെഗുലേഷനുകളാൽ അവരുടെ നിയമന-സേവന വ്യവസ്ഥകളും അവർക്ക് നൽകാവുന്ന വേതനവും നിശ്ചയിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, 1908-ലെ ഇന്ത്യൻ പോർട്സ് ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ആ തുറമുഖത്തിൽ ജലയാനങ്ങളെ നയിക്കാൻ സർക്കാർ തത്സമയം അധികാരപ്പെടുത്തിയിട്ടില്ലാത്ത യാതൊരാളും ഏതൊരു തുറമുഖത്തിലും ഒരു പൈലറ്റായി നിയമിക്കപ്പെടാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള ലിഖിതമായ അനുവാദത്തോടെ, അതതുസമയങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സാധാരണ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ ഒരു ജീവനക്കാരനെ ബോർഡിലേക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(4) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഈ ആക്റ്റിലും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും റെഗുലേഷനുകളിലും, കേരള സർവ്വീസ് ചട്ടങ്ങൾ, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം കൂടാതെ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ എന്നിവയുടെ വ്യവസ്ഥകൾ അതത് സമയം ഭേദഗതി വരുത്തിയ പ്രകാരം, ആവശ്യമായ മാറ്റങ്ങളോടുകൂടി, ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ബോർഡിന്റെ ജീവനക്കാർക്ക് ബാധകമാകുന്നതാണ്.

(5) 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ജീവനക്കാർക്കുവേണ്ടി കണക്കിൽ വരവു വെച്ചിട്ടുള്ള തുകകൾ അവർക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി അല്ലെങ്കിൽ അതുപോലുള്ള ഫണ്ടുകളിലെ നിശ്ചയിക്കപ്പെട്ട ദിവസം വരെയുള്ള ഏതെങ്കിലും സഞ്ചിത കുടിശ്ശിക പലിശയോടുകൂടിയും അങ്ങനെയുള്ള ഫണ്ടുകളെ സംബന്ധിച്ച അക്കൗണ്ടുകളോടുകൂടിയും സർക്കാർ ബോർഡിന് കൈമാറേണ്ടതും, കൂടാതെ, ബോർഡ്, സർക്കാരിനെ ഒഴിവാക്കിക്കൊണ്ട്, അങ്ങനെയുള്ള ജീവനക്കാർക്ക് അവരുടെ സേവന വ്യവസ്ഥകൾ അനുസരിച്ച് ഉചിതമായ സമയത്ത് നൽകേണ്ടതായ പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി അല്ലെങ്കിൽ അതുപോലുള്ള മറ്റു തുകകൾ നൽകുവാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്.

15. <u>ബോർഡിലെ ജീവനക്കാർക്ക് അവധി മുതലായവ അനുവദിക്കുന്നതിനുള്ള അധികാരം.</u>—(1) റെഗുലേഷനുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സേവനം നീട്ടുന്നതിനും, അവധി അനുവദിക്കുന്നതിനും, സസ്പെന്റ് ചെയ്യുന്നതിനും കുറവു വരുത്തുന്നതിനും നീക്കം ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യുന്നതിനും അല്ലെങ്കിൽ ബോർഡിലെ ജീവനക്കാരുടെ മറ്റേതെങ്കിലും പ്രശ്നം തീർപ്പാക്കുന്നതിനും ജീവനക്കാരന്റെ സ്വഭാവദൂഷ്യം ഒഴികെയുള്ള മറ്റേതെങ്കിലും കാരണത്താൽ അങ്ങനെയുള്ള ഏതെങ്കിലും ജീവനക്കാരന്റെ സേവനം അവസാനിപ്പിക്കുന്നതിനുള്ള അധികാരം ഉൾപ്പെടെ, ഉള്ള അധികാരങ്ങൾ ബോർഡോ റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റേതെങ്കിലും അധികാരസ്ഥാനമോ വിനിയോഗിക്കേണ്ടതാണ്.

(2) പദവിയിൽ കുറവു വരുത്തിക്കൊണ്ടോ, നീക്കം ചെയ്തുകൊണ്ടോ, പിരിച്ചുവിട്ടുകൊണ്ടോ ഉള്ള ബോർഡിന്റെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തും സർക്കാരിലേക്ക് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

## <u>അദ്ധ്യായം V</u>

## സ്വത്തും കരാറുകളും

16. <u>സർക്കാരിന്റെ ആസ്തികളും ബാധ്യതകളും ബോർഡിന് കൈമാറ്റം ചെയ്യൽ.</u>- ഏതൊരു തുറമുഖത്തെ സംബന്ധിച്ചും നിശ്ചയിക്കപ്പെട്ട ദിവസം മുതൽ,—

(എ) അങ്ങനെയുള്ള ദിവസത്തിനു മുൻപ് സർക്കാരിൽ നിക്ഷിപ്തമായ എല്ലാ വസ്തുവകകളും ആസ്തികളും നിധികളും തുറമുഖത്തിന്റെ ആവശ്യങ്ങൾക്കായി നിരക്കുകൾ ഈടാക്കുന്നതിനുള്ള എല്ലാ അവകാശങ്ങളും ബോർഡിൽ നിക്ഷിപ്തമാകുന്നതാണ്;

(ബി) തുറമുഖങ്ങൾക്കുവേണ്ടിയോ അവയുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ അങ്ങനെയുള്ള ദിവസത്തിന് തൊട്ടുമുമ്പ് സർക്കാരോ സർക്കാരുമായോ സർക്കാരിനു വേണ്ടിയോ ഉണ്ടാക്കിയിട്ടുള്ള എല്ലാ കടങ്ങളും, കടപ്പാടുകളും ബാധ്യതകളും ഏർപ്പെട്ട എല്ലാ കരാറുകളും ഏർപ്പെടുന്ന എല്ലാ സംഗതികളിലും കാര്യങ്ങളിലും ബോർഡോ, ബോർഡുമായോ, ബോർഡിനു വേണ്ടിയോ ഉണ്ടാക്കിയിട്ടുള്ളതോ ഏർപ്പെട്ടതായോ ചെയ്യാൻ ഏർപ്പെട്ടതായോ ആയി കരുതപ്പെടേണ്ട താണ്;

(സി) അങ്ങനെയുള്ള ദിവസം വരെ തുറമുഖത്തിനു വേണ്ടിയോ തുറമുഖങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ മൂലധനചെലവിനായി സർക്കാർ പ്രഖ്യാപിച്ചതും സർക്കാർ വഹിച്ചതുമായ എല്ലാ അനാവർത്തക ചെലവുകളും സർക്കാർ ബോർഡിന് നൽകിയ മൂലധനമായി കണക്കാക്കേണ്ടതാണ്;

(ഡി) അങ്ങനെയുള്ള ദിവസത്തിന് തൊട്ടുമുമ്പ് തുറമുഖവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കേണ്ടതായ എല്ലാ നിരക്കുകളും ഫീസുകളും വാടകകളും മറ്റു തുകകളും ബോർഡിന് ലഭിക്കാനുള്ളതായി കരുതേണ്ടതാണ്;

(ഇ) തുറമുഖവുമായി ബന്ധപ്പെട്ട് ഏതൊരു സംഗതിയെ സംബന്ധിച്ചും അങ്ങനെയുള്ള ദിവസത്തിന് തൊട്ടുമുമ്പ് സർക്കാരോ സർക്കാരിന് എതിരായോ ബോധിപ്പിച്ചിട്ടുള്ള എല്ലാ വ്യവഹാരങ്ങളും മറ്റു നിയമനനടപടികളും ബോർഡിന് അല്ലെങ്കിൽ ബോർഡിന് എതിരായി തുടരാവുന്നതാണ്;

(എഫ്) പൂർണ്ണമായോ പ്രധാനമായോ ചെറുകിട തുറമുഖങ്ങൾക്കുവേണ്ടിയോ അതുമായി ബന്ധപ്പെട്ടോ അങ്ങനെയുള്ള ദിവസത്തിന് തൊട്ടുമുമ്പ് സർക്കാരിന്റെ കീഴിൽ സേവനം ചെയ്യുന്ന ഏതൊരു ജീവനക്കാരനും ബോർഡിന്റെ ഒരു ജീവനക്കാരനായിത്തീരുന്നതും ബോർഡ് സ്ഥാപിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ അയാൾക്ക് ലഭിക്കുമായിരുന്ന അതേ കാലയളവിലേയ്ക്കും അതേ സേവനവേതന വ്യവസ്ഥകളോടും ഉദ്യോഗത്തിൽ തുടരുകയോ അവിടെ സേവനം ചെയ്യുകയോ ചെയ്യേണ്ടതും ബോർഡിലെ അയാളുടെ ജോലി അവസാനിപ്പിക്കുന്നതുവരെയോ അയാളുടെ സേവന കാലാവധിയോ പ്രതിഫലമോ സേവനവ്യവസ്ഥകളോ റെഗുലേഷനുകളാൽ ബോർഡ് യഥാവിധി മാറ്റം വരുത്തുന്നതുവരെയോ അങ്ങനെ ജോലി തുടരേണ്ടതുമാണ്.

എന്നാൽ, അപ്രകാരമുള്ള ജീവനക്കാരുടെ സേവനകാലാവധിയും പ്രതിഫലവും സേവന വേതന വ്യവസ്ഥകളും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ അയാൾക്ക് ഗുണകരമല്ലാത്ത രീതിയിൽ മാറ്റുവാൻ പാടില്ലാത്തതാകുന്നു.

<u>വിശദീകരണം.</u>—ക്ലിപ്ത നിബന്ധന അല്ലാതെയുള്ള ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "സർക്കാർ" എന്ന പദത്തിന് തുറമുഖ കാര്യാലയം എന്നർത്ഥമാകുന്നു.

17. തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ ബോർഡിലേക്ക് മാറ്റം ചെയ്യൽ.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതൽക്കും തുറമുഖ ഡയറക്ടറേറ്റിലെയും തുറമുഖ കാര്യാലയങ്ങളിലെയും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിത്തീരുന്നതും, ബോർഡിലേക്ക് മാറ്റം ചെയ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റു കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതുവരെയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റെഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ്

18. പ്രോവിഡന്റ് ഫണ്ടിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും ഉള്ള ശേഖരം കൈമാറ്റം ചെയ്യൽ.—17-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലും സൂപ്പർ ആന്വേഷൻ ഫണ്ടുകളിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും വരവു വെച്ചിട്ടുള്ള തുക, ഏതെങ്കിലും ഉണ്ടെങ്കിൽ, തുറമുഖ കാര്യാലയം, അത് ബോർഡിന് കൈമാറേണ്ടതും പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട ബാധ്യതകൾ ബോർഡിന്റെ ബാധ്യതകളായിരിക്കുന്നതുമാണ്.

19. നിലവിലുള്ള നിരക്കുകൾ മുതലായവ ബോർഡ് വ്യത്യാസപ്പെടുത്തുംവരെ തുടരുന്നതാണ്.—നിശ്ചയിക്കപ്പെട്ട ദിവസം മുതൽ ഏതൊരു തുറമുഖവുമായും ബന്ധപ്പെട്ട എല്ലാ നിരക്കുകളും ഫീസും മറ്റു ചാർജ്ജുകളും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ബോർഡ് വ്യത്യാസപ്പെടുത്താത്തപക്ഷവും, വ്യത്യാസപ്പെടുത്തുന്നതുവരെയും അങ്ങനെയുള്ള ദിവസത്തിനുമുൻപ് സർക്കാർ ചുമത്തിക്കൊണ്ടിരുന്നതും പിരിച്ചെടുത്തുകൊണ്ടിരുന്നതുമായ അതേ നിരക്കിൽ തുടർന്നും ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്.

20. പലിശ സഹിതം മൂലധനം തിരിച്ചടയ്ക്കൽ.—ബോർഡ്, സർക്കാർ നിശ്ചയിക്കാവുന്ന ഓരോ ഇടവേളകളിലും അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും 16-ാം വകുപ്പിലെ (സി) ഖണ്ഡപ്രകാരം സർക്കാർ നൽകിയ മൂലധനമായി കണക്കാക്കപ്പെടുന്ന തുക സർക്കാർ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കുകൾ പ്രകാരമുള്ള പലിശസഹിതം തിരിച്ചടക്കേണ്ടതും അപ്രകാരമുള്ള മൂലധനത്തിന്റെ തിരിച്ചടവോ പലിശയുടെ അടവോ ബോർഡിന്റെ ചെലവിന്റെ ഒരു ഭാഗമായി കരുതപ്പെടേണ്ടതുമാണ്.

21. <u>കരാർ മുഖേന ഭൂമി ആർജ്ജിക്കുവാൻ കഴിയാതെ വരുമ്പോഴുള്ള നടപടിക്രമം.</u>—ബോർഡിന്റെ ആവശ്യങ്ങൾക്കായി ഏതെങ്കിലും ഭൂമി ആവശ്യമാകുന്ന സംഗതിയിൽ സർക്കാരിന്, ബോർഡിന്റെ അപേക്ഷയിൻമേൽ 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ, റിഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്റ്റിലെ (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം വസ്തു ആർജ്ജനം നടത്താവുന്നതും ആ ആക്റ്റ് പ്രകാരം അവാർഡ് ചെയ്ത നഷ്ടപരിഹാരവും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ വഹിച്ച ചെലവുകളും ബോർഡ് നൽകുമ്പോൾ ഭൂമി ബോർഡിൽ നിക്ഷിപ്തമാകുന്നതുമാണ്.

22. <u>ബോർഡ് കരാറുകളിൽ ഏർപ്പെടുന്നത്.</u>—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ബോർഡ് ഉണ്ടാക്കുന്ന കരാറുകളെ സംബന്ധിച്ച് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്, അതായത്:—

(എ) ബോർഡിന് വേണ്ടിയുള്ള എല്ലാ കരാറുകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ബോർഡ് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ഉണ്ടാക്കേണ്ടതാണ്;

(ബി) സ്ഥാവരവസ്തുവിന്റെ ആർജ്ജനത്തിനോ വിൽപ്പനയ്ക്കോ വേണ്ടിയോ അങ്ങനെയുള്ള ഏതെങ്കിലും വസ്തു മുപ്പത് വർഷത്തിൽ കവിയുന്ന ഒരു കാലയളവിലേയ്ക്ക് പാട്ടത്തിന് കൊടുക്കുന്നതിനും ലൈസൻസ് നൽകുന്നതിനും വേണ്ടിയോ ഉള്ള യാതൊരു കരാറും അത്, സർക്കാർ, അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും, മുൻകൂട്ടി അംഗീകരിക്കാത്ത പക്ഷം, ഉണ്ടാക്കുവാൻ പാടുള്ളതല്ല;

(സി) ജലഭാഗസ്പർശിയായ പ്രദേശവും, ജെട്ടിയും, ജലപാതയും അവയുടെ തൽസ്ഥാനത്തുള്ള അടിസ്ഥാന സൗകര്യങ്ങളും അഞ്ചുവർഷത്തിൽ കവിയുന്ന ഒരു കാലയളവിലേയ്ക്ക് പാട്ടത്തിന് കൊടുക്കുന്നതിനും ലൈസൻസ് നൽകുന്നതിനും വേണ്ടിയുള്ള യാതൊരു കരാറും അത്, സർക്കാർ, അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും, മുൻകൂട്ടി അംഗീകരിക്കാത്ത പക്ഷം, ഉണ്ടാക്കുവാൻ പാടുള്ളതല്ല;

(ഡി) ബോർഡിന് വേണ്ടി കരാറുകൾ ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനുള്ള ഫോറവും രീതിയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്;

(ഇ) ഈ ആക്റ്റിലേയും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾ അനുസരിച്ച് അല്ലാതെ ഉണ്ടാക്കിയിട്ടുള്ള യാതൊരു കരാറും ബോർഡിന് ബാധകമാകുന്നതല്ല.

## അദ്ധ്യായം VI

## ചെറുകിട തുറമുഖങ്ങളിൽ ബോർഡ് നടത്തേണ്ട നിർമ്മാണങ്ങളും സേവനങ്ങളും

23. നിർമ്മാണങ്ങൾ നടത്തുന്നതിനും ഉപകരണങ്ങൾ നൽകുന്നതിനുമുള്ള ബോർഡിന്റെ അധികാരങ്ങൾ.—(1) ബോർഡിന്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനു വിധേയമായി, തുറമുഖത്തിന്റെ പരിധിക്കുള്ളിലോ പരിധിക്ക് പുറത്തോ അതിന് ആവശ്യമാണെന്നോ യുക്തമാണെന്നോ തോന്നുന്ന അങ്ങനെയുള്ള നിർമ്മാണങ്ങൾ നടത്താവുന്നതും അങ്ങനെയുള്ള ഉപകരണങ്ങൾ നൽകാവുന്നതുമാണ്.

(2) അങ്ങനെയുള്ള നിർമ്മാണങ്ങളിലും ഉപകരണങ്ങളിലും,—

(എ) ആവശ്യമാണെന്ന് ബോർഡ് കരുതുന്ന സൗകര്യപ്രദമായ എല്ലാ ആർച്ചുകളും ഓവുചാലുകളും കടവുകളും ഗോവണികളും വേലികളും റോഡുകളും പാലങ്ങളും ടണലുകളും പ്രവേശനസ്ഥലവും ബോർഡിന്റെ ജീവനക്കാരുടെ താമസത്തിന് ആവശ്യമായ കെട്ടിടങ്ങളും സഹിതം സംസ്ഥാനത്തെ തുറമുഖത്തിനുള്ളിലോ തുറമുഖ പ്രവേശന ഭാഗങ്ങൾക്കുള്ളിലോ തുറമുഖത്തെ ഫോർഷോറിലോ തുറമുഖ പ്രവേശനഭാഗങ്ങളിലോ ഉള്ള വാർഫുകളും, കപ്പൽത്തുറകളും, ഡോക്കുകളും, സ്റ്റേജുകളും, ജെട്ടികളും, കടൽപ്പാലങ്ങളും കപ്പലുകൾ നങ്കൂരമിടുന്ന സ്ഥലവും മറ്റു നിർമ്മാണങ്ങളും;

(ബി) ബസ്സുകളും, തീവണ്ടി എഞ്ചിനുകളും, റോളിംഗ് സ്റ്റോക്കും, ഷെഡുകളും, ഹോട്ടലുകളും, വെർഹൗസുകളും യാത്രക്കാർക്കും ചരക്കുകൾക്കുമുള്ള മറ്റു സ്ഥല സൗകര്യവും യാത്രക്കാരെ വഹിക്കുന്നതിനുവേണ്ടിയും കരയ്ക്കിറക്കിയ ചരക്കുകളെ കൊണ്ടുപോകുന്നതിനും കൈപ്പറ്റുന്നതിനും സൂക്ഷിച്ചുവയ്ക്കുന്നതിനും അല്ലെങ്കിൽ കപ്പലിൽ കയറ്റി അയയ്ക്കുന്നതിനോ മറ്റുവിധത്തിലോ വേണ്ടിയുള്ള മറ്റു ഉപകരണങ്ങളും;

(സി) നങ്കൂരങ്ങളും ക്രെയിനുകളും, സ്കെയിലുകളും ജലയാനങ്ങളിൽ സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും വേണ്ടിയുള്ള മറ്റെല്ലാ ആവശ്യമായ മാർഗ്ഗങ്ങളും ഉപകരണങ്ങളും;

(ഡി) തുറമുഖത്തിന്റെ ഫോർഷോറിലോ തുറമുഖപ്രവേശന ഭാഗങ്ങളുടെയോ ഏതെങ്കിലും ഭാഗം ഈ ആക്റ്റ് അധികാരപ്പെടുത്തയിട്ടുള്ളതോ മറ്റ് വിധത്തിൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതോ ആയ നിർമ്മാണങ്ങളുടെ നടത്തിപ്പിന് ആവശ്യമായേക്കാവുന്ന നികത്തലും കുഴിച്ചെടുക്കലും വളച്ചുകെട്ടലും ഉയർത്തലും;

(ഇ) തുറമുഖത്തിന്റെ സംരക്ഷണത്തിന് ഉചിതമായേക്കാവുന്ന അങ്ങനെയുള്ള കടൽഭിത്തികളും മറ്റു നിർമ്മാണങ്ങളും;

(എഫ്) തുറമുഖ പ്രവേശന ഭാഗങ്ങളുടെയോ തുറമുഖത്തിന്റെയോ തുറമുഖപ്രവേശന ഭാഗങ്ങളുടെയോ ഫോർഷോറിന്റെയോ ഏതെങ്കിലും ഭാഗം വൃത്തിയാക്കുന്നതിനും വിസ്തൃതിപ്പെടുത്തുന്നതിനും ആഴംകൂട്ടുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉള്ള ഡ്രഡ്ജറുകളും മറ്റു യന്ത്രങ്ങളും;

(ജി) സംസ്ഥാനത്തിന്റെ ചുമതലകളെ സംബന്ധിച്ചിടത്തോളം സുരക്ഷിതമായ നാവികയാത്രയ്ക്ക് ആവശ്യമായ, തുറമുഖത്തിലെയും തുറമുഖപ്രവേശന ഭാഗങ്ങളിലെയും ലൈറ്റ് ഹൗസുകളും, ഭാരം കുറഞ്ഞ കപ്പലുകളും, അടയാള ദീപങ്ങളും, ബോയ്കളും, പൈലറ്റ് ബോട്ടുകളും മറ്റ് ഉപകരണങ്ങളും;

(എച്ച്) തുറമുഖത്തേക്ക് പ്രവേശിക്കുകയോ തുറമുഖം വിടുകയോ എവിടെയെങ്കിലും ബന്ധിക്കപ്പെടുകയോ ചെയ്ത ഏതെങ്കിലും ജലയാനത്തെ വലിച്ചുകൊണ്ടു പോകുന്നതിനോ അതിന് സഹായം നൽകുന്നതിനോ ഉള്ള ആവശ്യത്തിനും ജീവനോ സ്വത്തോ രക്ഷപ്പെടുത്തുന്നതിനോ സംരക്ഷിക്കുന്നതിനോ ഉള്ള ആവശ്യത്തിനും 27-ാം വകുപ്പ് പ്രകാരം യാത്രക്കാരെയോ ചരക്കുകളെയോ കരയ്ക്കിറക്കുന്നതിനോ കപ്പലിൽ കയറ്റിക്കൊണ്ടുപോകുന്നതിനോ ട്രാൻസ്ഷിപ്പിംഗിനോ ഉള്ള ആവശ്യത്തിനും വേണ്ടിയുള്ള തുറമുഖത്തിന്റെ പരിധികൾക്കുള്ളിലും അതിനപ്പുറത്തും, അതിർത്തി ജലത്തിലോ മറ്റുവിധത്തിലോ ആയാലും, ഉപയോഗത്തിനുള്ള ജലയാനങ്ങളും, ടഗ്ഗുകളും, ബോട്ടുകളും, ചരക്കുവള്ളങ്ങളും ലോഞ്ചുകളും ലൈറ്ററുകളും;

(ഐ) തുറമുഖത്തിലെ ജലവിതരണാവശ്യത്തിനായുള്ള കുഴൽക്കിണറുകൾ കുഴിക്കലും ഉപകരണങ്ങൾ സംരക്ഷിക്കലും ബോട്ടുകളും ചരക്കുവള്ളങ്ങളും മറ്റു സാമഗ്രികളും ഉപയോഗിക്കലും;

(ജെ) തീ കെടുത്തുന്നതിന് ആവശ്യമായിട്ടുള്ള എഞ്ചിനുകളും മറ്റു ഉപകരണങ്ങളും;

(കെ) ചെറു ഉൾക്കടലുകൾ ഉൾപ്പെടെ കടൽത്തീരത്തോട് തൊട്ടുകിടക്കുന്ന ഭൂമികൾ;

(എൽ) തുറമുഖങ്ങളിലോ അവയ്ക്കിടയിലോ നടത്തുന്ന കടത്ത് സർവ്വീസ് അനുബന്ധമായ കടത്ത് ബോട്ടുകളും മറ്റു നിർമ്മാണങ്ങളും ഉപകരണവും;

(എം) ഹൈഡ്രോളിക് പഠനങ്ങൾ നടത്തുന്നതിനുള്ള മോഡലുകളുടെയും പ്ലാനുകളുടെയും നിർമ്മാണവും;

(എൻ) ഡ്രൈഡോക്കുകളും സ്ലിപ്‌വേകളും ബോട്ട് ബേസിനുകളും ജലയാനങ്ങളുടെയോ ടഗ്ഗുകളുടെയോ ബോട്ടുകളുടെയോ യന്ത്രങ്ങളുടേയോ മറ്റ് ഉപകരണങ്ങളുടെയോ കേടുപാടുകൾ തീർക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ഉള്ള വർക്ക്ഷോപ്പും;

(ഒ) തുറമുഖ പ്രദേശങ്ങൾക്കുള്ളിലും ബോർഡ് തീരുമാനിക്കുന്നപ്രകാരമുള്ള മറ്റു പ്രദേശങ്ങളിലും ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തലും അതിന് ആവശ്യമായ ജലയാനങ്ങളും ഉപകരണങ്ങളും സൗകര്യങ്ങളും നൽകലും;

(പി) കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും, ഉൾപ്പെടാവുന്നതാണ്.

24. ചില പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള ബോർഡിന്റെ അധികാരം.—(1) ബോർഡിന്, ഏതൊരാൾക്കും വേണ്ടി, ബോർഡും ബന്ധപ്പെട്ട ആളും തമ്മിൽ സമ്മതിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും, ഏതെങ്കിലും പ്രവൃത്തികളോ സേവനങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിലുള്ള പ്രവൃത്തികളോ സേവനങ്ങളോ നിർവ്വഹിക്കുന്നതിന് ഏറ്റെടുക്കാവുന്നതാണ്.

(2) ബോർഡിന്, പൊതുതാൽപ്പര്യാർത്ഥം അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്നോ യുക്തമാണെന്നോ അത് കരുതുകയാണെങ്കിൽ, അതിന്റെ ജലയാനങ്ങളിലെയോ ഉപകരണങ്ങളിലെയോ എന്തെങ്കിലുമോ അതിന്റെ ജീവനക്കാരിൽ ആരുടെയെങ്കിലും സേവനങ്ങളോ ഏതൊരാളിനും, മൂന്ന് മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്കും ബോർഡും ബന്ധപ്പെട്ട ആളും തമ്മിൽ സമ്മതിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും നൽകാവുന്നതാണ്.

25. മത്സ്യബന്ധന യാനങ്ങളുടെ മേലുള്ള നിയന്ത്രണം.—(1) ചാനലുകളും അതിന്റെ ബേസിനുകളും ഉൾപ്പെടെയുള്ള ചെറുകിട തുറമുഖത്തിനുള്ളിൽ വന്നുപോകുന്ന ഓരോ മത്സ്യബന്ധനയാനവും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബോർഡിന്റെ പൊതു നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ്.

(2) ബോർഡിന്റെ അധികാരപരിധിയിൽ വരാവുന്ന അപായസൂചനകൾ നൽകാൻ കഴിയുന്ന വിധത്തിലുള്ള എല്ലാനടപടികളും ബോർഡ് സ്വീകരിക്കേണ്ടതാണ്.

26. ഡോക്കുകൾ, വാർഫുകൾ മുതലായവ കടൽ സഞ്ചാര യാനങ്ങൾ ഉപയോഗിക്കണമെന്ന് ഉത്തരവിടാനുള്ള ബോർഡിന്റെ അധികാരം.—(1) യാനങ്ങളുടെയും വിമാനങ്ങളുടെയും ഇന്ത്യയിലേക്കുള്ള ആഗമനം സംബന്ധിച്ച്, 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962- ലെ 52-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കടൽ സഞ്ചാര യാനങ്ങളിൽ നിന്നും അവയിലേക്കും, ചരക്കുകളോ യാത്രക്കാരെയോ സ്വീകരിക്കുന്നതിനോ കരയ്ക്കിറക്കുന്നതിനോ കയറ്റിക്കൊണ്ടു പോകുന്നതിനോ വേണ്ടി മതിയായ സംഭരണശാലകളോടും ഷെഡുകളോടും ഉപകരണങ്ങളോടുംകൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും തുറമുഖത്തിലോ തുറമുഖ പ്രവേശന ഭാഗങ്ങളിലോ നിർമ്മിച്ച ഏതെങ്കിലും ഡോക്കോ, ബെർത്തോ, വാർഫോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ കെട്ടിയിടുന്ന സ്ഥലമോ പൂർത്തീകരിക്കുമ്പോൾ, ബോർഡിന്, ഔദ്യോഗിക ഗസറ്റിന്റെ തുടർച്ചയായ മൂന്ന് പതിപ്പുകളിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴി, അങ്ങനെയുള്ള ഡോക്കോ, ബെർത്തോ, വാർഫോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ കെട്ടിയിടുന്ന സ്ഥലമോ പ്രവേശനത്തിനും കരയ്ക്കിറക്കുന്നതിനും കപ്പൽ സഞ്ചാരത്തിനും അല്ലെങ്കിൽ കടൽ-സഞ്ചാര യാനങ്ങളിൽ നിന്നും അവയിലേയ്ക്കും ചരക്കുകളോ യാത്രക്കാരെയോ കരയ്ക്കിറക്കുന്നതിനോ കയറ്റിക്കൊണ്ടുപോകുന്നതിനോ സജ്ജമാണ് എന്ന് പ്രഖ്യാപിക്കാവുന്നതാണ്.

(2) അപ്രകാരമുള്ള വിജ്ഞാപനത്തിന്റെ മൂന്നാമത്തെ പ്രസിദ്ധീകരണ തീയതി മുതൽ, അങ്ങനെയുള്ള ഡോക്കിലോ, ബെർത്തിലോ, വാർഫിലോ, കപ്പൽത്തുറയിലോ, സ്റ്റേജിലോ, ജെട്ടിയിലോ, കടൽപ്പാലത്തിലോ കെട്ടിയിടുന്ന സ്ഥലത്തോ സ്ഥലമുള്ളപ്പോൾ ചരക്കുകളെയോ യാത്രക്കാരെയോ കരയ്ക്കിറക്കുന്നതിനും കപ്പലിൽ കയറ്റിക്കൊണ്ടുപോകുന്നതിനുമുള്ള ആവശ്യത്തിനായോ ആയത് കരയ്ക്കിറക്കുന്നതിനോ

കപ്പലിൽ കയറ്റുന്നതിനുവേണ്ടിയോ ഉള്ള, ചരക്കുകളോ യാത്രക്കാരെയോ എടുക്കുവാനിരിക്കെ അപ്രകാരം ചെയ്യുവാൻ ആരംഭിച്ചിട്ടില്ലാത്തതോ ആയ തുറമുഖത്തിനുള്ളിലോ തുറമുഖ പ്രവേശന ഭാഗങ്ങളിലോ ഉള്ള ഏതൊരു കടൽ-സഞ്ചാര യാനത്തിനും, അങ്ങനെയുള്ള ഡോക്കിന്റെയോ ബെർത്തിന്റെയോ, വാർഫിന്റെയോ, കപ്പൽത്തുറയുടെയോ സ്റ്റേജിന്റെയോ, ജെട്ടിയുടെയോ, കടൽപ്പാലത്തിന്റെയോ അല്ലെങ്കിൽ കെട്ടിയിടുന്ന സ്ഥലത്തിന്റെയോ പാർശ്വത്തിലൂടെ വരുവാൻ അതത് സമയം ഉത്തരവിടുന്നത് ബോർഡിന് നിയമപരമായിരിക്കുന്നതാണ്:

എന്നാൽ, അപ്രകാരം ഉത്തവിടുന്നതിന് മുൻപ്, ഏതെങ്കിലും പ്രത്യേക ഡോക്കിന്റെയോ ബെർത്തിന്റെയോ, വാർഫിന്റെയോ, കപ്പൽത്തുറയുടെയോ സ്റ്റേജിന്റെയോ, ജെട്ടിയുടെയോ, കടൽപ്പാലത്തിന്റെയോ അല്ലെങ്കിൽ കെട്ടിയിടുന്ന സ്ഥലത്തിന്റെയോ ഉപയോഗത്തെ സംബന്ധിച്ച് അങ്ങനെയുള്ള ജലയാനത്തിന്റേയും ജലയാനത്തിലെ ജോലിക്കാരുടെയും സൗകര്യത്തിന്, ബോർഡ്, കഴിയുന്നിടത്തോളം പരിഗണന നൽകേണ്ടതാണ് :

എന്നുമാത്രമല്ല, തുറമുഖത്തിന്റെ സംരക്ഷകൻ ബോർഡ് അല്ലാത്തപക്ഷം, ബോർഡ് മേൽപ്പറഞ്ഞ പ്രകാരം ഉത്തരവ് സ്വയം പുറപ്പെടുവിക്കുവാൻ പാടില്ലാത്തതും എന്നാൽ, തുറമുഖത്തിന്റെ സംരക്ഷകനോടോ തുറമുഖത്തിന്റെ സംരക്ഷകന്റെ അവകാശങ്ങളും അധികാരങ്ങളും അധികാരസ്ഥാനങ്ങളും വിനിയോഗിക്കുന്ന മറ്റ് ആളോടോ അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്.

27. <u>മതിയായ സ്ഥലസൗകര്യമുണ്ടെങ്കിൽ ഡോക്കുകൾ, വാർഫുകൾ മുതലായവ ഉപയോഗിക്കുവാൻ എല്ലാ കടൽ-സഞ്ചാര യാനങ്ങളെയും നിർബന്ധിക്കാവുന്നതാണെന്ന്.</u>—മേൽപ്പറഞ്ഞ പ്രകാരം ഏതെങ്കിലും തുറമുഖത്തിലോ തുറമുഖ പ്രവേശന ഭാഗങ്ങളിലോ മതിയായ എണ്ണത്തിലുള്ള ഡോക്കുകളോ, ബെർത്തുകളോ, വാർഫുകളോ, കപ്പൽത്തുറകളോ, സ്റ്റേജുകളോ, ജെട്ടികളോ, കടൽപ്പാലങ്ങളോ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളപ്പോൾ, ബോർഡിന്, 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962- ലെ 52-ാം കേന്ദ്ര ആക്റ്റ്) 33-ാം വകുപ്പിൽ അനുശാസിച്ചിട്ടുള്ള ശരിയായ ഉദ്യോഗസ്ഥന്റെ അംഗീകാരവും അനുമതിയും വാങ്ങിയശേഷവും ഔദ്യോഗിക ഗസറ്റിന്റെ തുടർച്ചയായ മൂന്ന് പതിപ്പുകളിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴിയും, ബോർഡിന്റെ അനുമതിയോടെയും ബോർഡ് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് അനുസൃതവുമല്ലാതെ, അങ്ങനെയുള്ള ഡോക്കുകളിലോ, ബെർത്തുകളിലോ, വാർഫുകളിലോ, കപ്പൽത്തുറകളിലോ, സ്റ്റേജുകളിലോ, ജെട്ടികളിലോ, കടൽപ്പാലങ്ങളിലോ അല്ലാതെ മറ്റുവിധത്തിൽ ഏതെങ്കിലും കടൽ-സഞ്ചാര ജലയാനങ്ങളിൽ നിന്നോ അവയിലേയ്ക്കോ യാതൊരു ചരക്കുകളോ യാത്രക്കാരേയോ ചെറുകിട തുറമുഖത്തിന്റെയോ തുറമുഖ പ്രദേശങ്ങളുടെയോ ഉള്ളിൽ കരയ്ക്കിറക്കുകയോ കയറ്റുകയോ ചെയ്യരുതെന്ന് നിർദ്ദേശിക്കാവുന്നതാണ്.

എന്നാൽ, 1962-ലെ കസ്റ്റംസ് ആക്റ്റിലെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം അംഗീകരിക്കപ്പെട്ട അങ്ങനെയുള്ള ഒരു സ്ഥലത്ത് നിന്നും ചരക്കുകൾ കയറ്റുകയും അങ്ങനെയുള്ള ഒരു സ്ഥലത്ത് ഇറക്കുകയും ചെയ്യേണ്ടതാണ്.

28. ഡോക്കുകൾ, വാർഫുകൾ മുതലായവയുടെ പാർശ്വത്തിലൂടെ ജലയാനങ്ങൾ വരരുതെന്നോ അവിടെ നിന്ന് അവ നീക്കം ചെയ്യണമെന്നോ ഉത്തരവിടുന്നതിനുള്ള അധികാരം.—ബോർഡ് ഇതിനുവേണ്ടി നിയമിച്ചിട്ടുള്ള ഏത് ഉദ്യോഗസ്ഥനും അടിയന്തര സംഗതിയിലോ അദ്ദേഹത്തിന് മതിയായതെന്ന് തോന്നുന്ന ഏതെങ്കിലും കാരണത്താലോ, ലിഖിതമായിട്ടുള്ള നോട്ടീസ് മുഖേന ഏതൊരു കടൽ-സഞ്ചാര യാനത്തിന്റേയും മാസ്റ്റർക്കോ ഉടമസ്ഥനോ ഏജന്റിനോ അങ്ങനെയുള്ള ജലയാനത്തെ ബോർഡിന്റെ സ്വന്തമായതോ നിയന്ത്രണത്തിൻ കീഴിലുള്ളതോ ആയ ഏതെങ്കിലും ഡോക്കിന്റെയോ, ബെർത്തിന്റെയോ, വാർഫിന്റെയോ, കപ്പൽത്തുറയുടെയോ, സ്റ്റേജിന്റെയോ, കടൽപ്പാലത്തിന്റെയോ കെട്ടിയിടുന്ന സ്ഥലത്തിന്റെയോ പാർശ്വത്തിലൂടെ കൊണ്ടുവരരുത് എന്നോ അങ്ങനെയുള്ള ജലയാനത്തെ അവിടെ നിന്ന് നീക്കം ചെയ്യണമെന്നോ ഉത്തരവിടാവുന്നതും അപ്രകാരമുള്ള നോട്ടീസ് പാലിക്കാത്തപക്ഷം, ബോർഡിന്, അങ്ങനെയുള്ള ജലയാനത്തെ സംബന്ധിച്ച് അങ്ങനെയുള്ള ജലയാനം അങ്ങനെയുള്ള ഡോക്കിലോ, ബെർത്തിലോ, വാർഫിലോ, കപ്പൽത്തുറയിലോ, സ്റ്റേജിലോ, ജെട്ടിയിലോ, കടൽപ്പാലത്തിലോ കെട്ടിയിടുന്ന സ്ഥലത്തോ നിൽക്കുന്ന ഇരുപത്തിനാല് മണിക്കൂറുകളുടെ ഓരോ ദിവസത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ദിവസത്തിന്റെ ഭാഗത്തിനോ പതിനായിരം രൂപയിൽ കവിയാത്ത, അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക ചാർജ്ജ് ചെയ്യാവുന്നതാണ്:

എന്നാൽ, നീക്കം ചെയ്യപ്പെടാൻ ഉത്തരവായിട്ടുള്ള ഒരു ജലയാനത്തിന്റെ സംഗതിയിൽ, മേൽപ്പറഞ്ഞ അങ്ങനെയുള്ള നോട്ടീസ് ജലയാനത്തിന്റെ മാസ്റ്റർക്കോ ഉടമസ്ഥനോ ഏജന്റിനോ നൽകി പന്ത്രണ്ട് മണിക്കൂർ കഴിയും വരെ അപ്രകാരമുള്ള ചാർജ്ജ് ഈടാക്കി തുടങ്ങുവാൻ പാടില്ലാത്തതാണ്.

29. വാർഫുകൾ മുതലായവ ഉപയോഗിക്കുവാനുള്ള ബാധ്യതയിൽ നിന്നും ജലയാനങ്ങളെ ഒഴിവാക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം.—സർക്കാരിന്, അതിന്റെ അഭിപ്രായത്തിൽ അപ്രകാരം ചെയ്യുന്നത് പൊതുതാൽപ്പര്യാർത്ഥം ആവശ്യമാണെങ്കിൽ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി, അത് ഉചിതമെന്ന് കരുതാവുന്ന ഒരു തുറമുഖത്തിലോ തുറമുഖ പ്രവേശന ഭാഗങ്ങളിലോ ഉള്ള അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള കാലയളവിലും ബോർഡിന് അങ്ങനെയുള്ള പണം കൊടുക്കുന്നതിന് വിധേയമായും അങ്ങനെയുള്ള ഉപാധികളിൻമേലും, ചരക്കുകളോ വിനിർദ്ദേശിക്കപ്പെട്ട ചില ചരക്കുകളോ ചരക്കുകളുടെ വിഭാഗങ്ങളോ ഇറക്കുന്നതിനോ കപ്പലിൽ കയറ്റുന്നതിനോ വിനിർദ്ദേശിക്കപ്പെട്ട ചില ജലയാനങ്ങളെയോ ജലയാനങ്ങളുടെ വിഭാഗങ്ങളെയോ അതതുസമയം അനുവദിക്കാവുന്നതാണ്:

എന്നാൽ, 1962-ലെ കസ്റ്റംസ് ആക്റ്റിലെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം അംഗീകരിക്കപ്പെട്ട അങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നും ചരക്കുകളോ ചരക്കുകളുടെ വിഭാഗങ്ങളോ കയറ്റുകയും ഇറക്കുകയും ചെയ്തിരിക്കേണ്ടതാണ്.

30. കടൽ-സഞ്ചാര യാനങ്ങൾ അല്ലാതെയുള്ള ജലയാനങ്ങൾ, ഡോക്കുകൾ, വാർഫുകൾ മുതലായവ ഉപയോഗിക്കുവാൻ നിർബന്ധിക്കപ്പെടുന്നത് എപ്പോഴാണെന്ന് ബോർഡ് പ്രഖ്യാപിക്കേണ്ടതാണെന്ന്.—(1) കടൽ-സഞ്ചാര യാനങ്ങളല്ലാതുള്ള ജലയാനങ്ങളിൽ നിന്നോ അവയിലേക്കോ ചരക്കുകളോ യാത്രക്കാരെയോ സ്വീകരിക്കുന്നതിനോ കരയ്ക്കിറക്കുന്നതിനോ കയറ്റുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും ഡോക്കോ, ബെർത്തോ, വാർഫോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ കടൽപ്പാലമോ കെട്ടിയിടുന്ന സ്ഥലമോ നിർമ്മിക്കപ്പെടുകയും അതിനുവേണ്ടിയുള്ള ശരിയായ എല്ലാ ഉപകരണങ്ങളോടും പൂർത്തിയാക്കപ്പെടുകയും ചെയ്തിരിക്കുമ്പോൾ, ബോർഡിന്, കസ്റ്റംസ് കളക്ടറുടെ അംഗീകാരം നേടിയതിന് ശേഷം, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവു വഴി,—

(i) കടൽ-സഞ്ചാര യാനങ്ങൾ അല്ലാതെയുള്ള ജലയാനങ്ങളിൽനിന്നോ അവയിലേയ്ക്കോ ചരക്കുകളേയോ യാത്രക്കാരെയോ സ്വീകരിക്കുന്നതിനോ കരയ്ക്കിറക്കുന്നതിനോ കയറ്റലിനോ അങ്ങനെയുള്ള ഡോക്കോ, ബെർത്തോ, വാർഫോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ അല്ലെങ്കിൽ കെട്ടിയിടുന്ന സ്ഥലമോ സജ്ജമാണ് എന്ന് പ്രഖ്യാപിക്കാവുന്നതും; കൂടാതെ

(ii) അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള കടൽ-സഞ്ചാര യാനം അല്ലാതെയുള്ള ഏതൊരു വിഭാഗത്തിൽപ്പെട്ട ഏതൊരു ജലയാനത്തിൽ നിന്നോ അതിലേക്കോ അങ്ങനെയുള്ള ഡോക്കിലോ, ബെർത്തിലോ, വാർഫിലോ, കപ്പൽത്തുറയിലോ സ്റ്റേജിലോ, ജെട്ടിയിലോ, കടൽപ്പാലത്തിലോ അല്ലെങ്കിൽ കെട്ടിയിടുന്ന സ്ഥലത്തോ ഒഴികെ, ബോർഡിന്റെ പ്രത്യക്ഷമായ അനുവാദമില്ലാതെ, അതിൽ പറയുന്ന ചില പരിധികൾക്കുള്ളിൽ ഏതെങ്കിലും ചരക്കുകളേയോ യാത്രക്കാരെയോ ഇറക്കുകയോ കയറ്റുകയോ ചെയ്യുന്നത് നിയമപരമായിരിക്കുകയില്ലെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഉത്തരവിന്റെ പ്രസിദ്ധീകരണ തീയതി മുതൽ ബോർഡിന്റെ അനുമതിയില്ലാതെ അങ്ങനെയുള്ള വിഭാഗത്തിൽപ്പെട്ട ഏതൊരു ജലയാനവും,—

(i) അങ്ങനെയുള്ള ഡോക്കിലോ, ബെർത്തിലോ, വാർഫിലോ, കപ്പൽത്തുറയിലോ, സ്റ്റേജിലോ, ജെട്ടിയിലോ, കടൽപ്പാലത്തിലോ കെട്ടിയിടുന്ന സ്ഥലത്തോ ഒഴികെ അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള പരിധികൾക്കുള്ളിലുള്ള ഏതൊരു സ്ഥലത്തും ഏതെങ്കിലും ചരക്കുകളെയോ യാത്രക്കാരെയോ കരയ്ക്കിറക്കുന്നതോ കയറ്റുന്നതോ;

(ii) അങ്ങനെയുള്ള പരിധിക്കുള്ളിലായിരിക്കുമ്പോൾ, കടൽത്തീരത്തു നിന്നും പന്ത്രണ്ട് നോട്ടിക്കൽ മൈലിനുള്ളിൽ നങ്കൂരമിടുകയോ ബന്ധിക്കുകയോ നിർത്തിയിടുകയോ ചെയ്യുന്നത്;

നിയമപരമായിരിക്കുന്നതല്ല.

1168/2017.

(3) അങ്ങനെയുള്ള ഉത്തരവിന്റെ പ്രസിദ്ധീകരണത്തിനുശേഷം, അങ്ങനെയുള്ള ഏതെങ്കിലും ജലയാനം അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള പരിധികൾക്കുള്ളിലായിരിക്കുമ്പോൾ, അങ്ങനെ നങ്കൂരമിടുകയോ ബന്ധിക്കുകയോ നിർത്തിയിടുകയോ ചെയ്യുന്നുവെങ്കിൽ, ബോർഡിന്, ജലയാനത്തിന്റെ മാസ്റ്ററുടെയോ ഉടമസ്ഥന്റെയോ ഏജന്റിന്റെയോ ചെലവിൽ അതിനെ പ്രസ്തുത പരിധികൾക്ക് പുറത്തേക്ക് നീക്കം ചെയ്യിപ്പിക്കുന്നത് നിയമപരമായിരിക്കുന്നതാണ്.

31. ബോർഡോ മറ്റൊരാളോ സേവനങ്ങൾ നിർവ്വഹിക്കുന്നത്.—(1) ബോർഡിന് താഴെ പറയുന്ന സേവനങ്ങൾ ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) തുറമുഖത്തിലുള്ള ജലയാനങ്ങൾക്കും ബോർഡിന് സ്വന്തമായതോ ബോർഡിന്റെ കൈവശത്തിലുള്ളതോ ആയ വാർഫുകൾക്കോ, കടൽപ്പാലങ്ങൾക്കോ, കപ്പൽത്തുറകൾക്കോ, ഡോക്കുകൾക്കോ ഇടയിൽ യാത്രക്കാരെയും ചരക്കുകളേയും കയറ്റിറക്കുനടത്തലും കരയ്ക്കിറക്കലും കപ്പലിൽ കയറ്റിക്കൊണ്ടുപോകലും ട്രാൻസ്ഷിപ്പ് ചെയ്യലും;

(ബി) 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) 141-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കിയ റെഗുലേഷനുകൾക്ക് വിധേയമായി, ബോർഡിന്റെ പരിസരങ്ങൾക്കുള്ളിൽ കൊണ്ടുവരുന്ന ചരക്കുകൾ സ്വീകരിക്കലോ നീക്കം ചെയ്യലോ മാറ്റം ചെയ്യലോ പരിവഹണം ചെയ്യലോ സൂക്ഷിച്ചുവയ്ക്കലോ ഏൽപ്പിച്ചു കൊടുക്കലോ;

(സി) ചുമത്തുവാൻ ഉചിതമെന്ന് സർക്കാർ കരുതുന്ന അങ്ങനെയുള്ള മാർഗ്ഗങ്ങൾ വഴിയും അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായും തുറമുഖത്തിന്റെയോ തുറമുഖ പ്രവേശനഭാഗങ്ങളുടെ അതിർത്തികൾക്കുള്ളിലോ യാത്രക്കാരെ കൊണ്ടുപോകൽ; കൂടാതെ

(ഡി) ജലയാനങ്ങളെയോ ജലയാനങ്ങളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും സേവനങ്ങളോ പൈലറ്റ് ചെയ്യലോ വലിച്ചുകൊണ്ടുപോകലോ കെട്ടി ഉറപ്പിക്കലോ വീണ്ടും കെട്ടി ഉറപ്പിക്കലോ കൊളുത്തിടലോ അളവെടുക്കലോ.

(2) ബോർഡിന്, ഉടമസ്ഥൻ അപ്രകാരം ആവശ്യപ്പെടുന്നെങ്കിൽ, സേവനമോ സേവനങ്ങളോ നിർവഹിക്കുന്ന ആവശ്യത്തിലേക്കായി ചരക്കുകളുടെ ചുമതല ഏറ്റെടുക്കാവുന്നതും ബോർഡ് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ഒരു രസീത് നൽകേണ്ടതുമാണ്.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്, സമ്മതിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സേവനങ്ങൾ ഏതെങ്കിലും നിർവ്വഹിക്കുവാൻ ഏതൊരു ആളെയും, അധികാരപ്പെടുത്താവുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരാളും, അങ്ങനെയുള്ള സേവനത്തിന് ഈ ആക്റ്റിലെ 32, 33 അല്ലെങ്കിൽ 35 എന്നീ വകുപ്പുകൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള സ്കെയിലനുസരിച്ച് ഈടാക്കാവുന്ന തുകയിലും അധികമായി യാതൊരു തുകയും ചാർജ്ജ് ചെയ്യുവാനോ വസൂലാക്കുവാനോ പാടില്ലാത്തതാണ്.

(5) അങ്ങനെയുള്ള ഏതൊരാളും, ഉടമസ്ഥൻ അപ്രകാരം ആവശ്യപ്പെടുന്ന പക്ഷം, ചരക്കുകളെ സംബന്ധിച്ചുള്ള ഏതെങ്കിലും സേവനങ്ങൾ നിർവ്വഹിക്കേണ്ടതും ആ ആവശ്യത്തിലേയ്ക്കായി ചരക്കുകളുടെ ചുമതല ഏറ്റെടുക്കേണ്ടതും ബോർഡ് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ രസീത് നൽകേണ്ടതുമാണ്.

(6) അയാൾ ചുമതല ഏറ്റെടുത്തിട്ടുള്ള ചരക്കുകളുടെ നഷ്ടത്തിനോ നാശത്തിനോ ചീത്തയാകലിനോ ഉള്ള അങ്ങനെയുള്ള ഏതെങ്കിലും ആളുടെ ഉത്തരവാദിത്വം ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും 1872-ലെ ഇന്ത്യൻ കോൺട്രാക്റ്റ് ആക്റ്റിലെ (1872-ലെ 9-ാം കേന്ദ്ര ആക്റ്റ്) 151-ഉം 152-ഉം 161-ഉം വകുപ്പുകൾ പ്രകാരമുള്ള ഒരു ബെയിലിയുടെ ഉത്തരവാദിത്വമായിരിക്കുന്നതുമാണ്.

(7) ഈ വകുപ്പു പ്രകാരം ഏതെങ്കിലും ചരക്കുകളുടെ ചുമതല ഏറ്റെടുക്കുകയും അവയ്ക്ക് രസീത് നൽകുകയും ചെയ്തു കഴിഞ്ഞാൽ, അവയ്ക്ക് സംഭവിക്കാവുന്ന ഏതെങ്കിലും നഷ്ടത്തിനോ കേടിനോ ഉള്ള യാതൊരു ബാദ്ധ്യതയും ഒരു രസീത് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്കോ ചരക്കുകൾ കരയ്ക്കിറക്കപ്പെട്ടിട്ടുള്ളതോ ട്രാൻസ്ഷിപ്പ് ചെയ്യപ്പെട്ടിട്ടുള്ളതോ ആയ ജലയാനത്തിന്റെ മാസ്റ്റർക്കോ ഉടമസ്ഥനോ ഉണ്ടായിരിക്കുന്നതല്ല.

32. ചരക്കുകളുടെ നഷ്ടം മുതലായവയ്ക്കുള്ള ബോർഡിന്റെ ഉത്തരവാദിത്വം.— (1) 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962- ലെ 52-ാം കേന്ദ്ര ആക്റ്റ്) 45-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി, ബോർഡ് ചുമതല ഏറ്റെടുത്തിട്ടുള്ള ചരക്കുകളുടെ നഷ്ടത്തിനോ നാശത്തിനോ ചീത്തയാകലിനോ ഉള്ള ബോർഡിന്റെ ഉത്തരവാദിത്വം,—

(i) റെയിൽവേ വഴി കൊണ്ടുപോകലിന് സ്വീകരിച്ച ചരക്കുകളുടെ സംഗതിയിൽ, 1989-ലെ റെയിൽവേയ്സ് ആക്റ്റിലെ (1989-ലെ 24-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളാൽ അനുശാസിക്കപ്പെടേണ്ടതും; കൂടാതെ

(ii) മറ്റു സംഗതികളിൽ, 1872-ലെ ഇന്ത്യൻ കോൺട്രാക്റ്റ് ആക്റ്റിലെ (1872-ലെ 9-ാം കേന്ദ്ര ആക്റ്റ്) 151-ഉം 152-ഉം 161-ഉം വകുപ്പുകൾ പ്രകാരം, ഒരു ബെയിലിയുടെ ഉത്തരവാദിത്വമായിരിക്കുന്നതാണ്:

എന്നാൽ, ഈ വകുപ്പുപ്രകാരമുള്ള യാതൊരു ഉത്തരവാദിത്വവും,—

(എ) 31-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു രസീത് ബോർഡ് നൽകുന്നതുവരെയും; കൂടാതെ

(ബി) ബോർഡ് അങ്ങനെയുള്ള ചരക്കുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന തീയതി മുതൽ, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള കാലവധി അവസാനിച്ചശേഷവും;

ബോർഡിന് ഉണ്ടാകുന്നതല്ല.

(2) ബോർഡ്, അത് ചുമതല ഏറ്റെടുത്തിട്ടുള്ള ചരക്കുകളുടെ നഷ്ടത്തിനോ നാശത്തിനോ, ചീത്തയാകലിനോ, കേടിനോ, 31-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം അങ്ങനെയുള്ള ചരക്കുകളുടെ ചുമതല ബോർഡ് ഏറ്റെടുക്കുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അങ്ങനെയുള്ള നഷ്ടത്തിന്റെയോ കേടിന്റെയോ അറിയിപ്പ് നൽകിയിട്ടില്ലാത്ത പക്ഷം, യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ല.

33. 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരം വാർഫുകൾ മുതലായവയിൽ നിയമിച്ചിട്ടുള്ള കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് ഏർപ്പെടുത്തേണ്ട താമസസൗകര്യം.—(1) 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) 141-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് വിധേയമായി, ആ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കടൽ-സഞ്ചാര യാനങ്ങളുടെ ഉപയോഗത്തിനുവേണ്ടി ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും തുറമുഖത്തിൽ ഏർപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും ഡോക്കിനെയോ, ബെർത്തിനെയോ, വാർഫിനെയോ, കപ്പൽത്തുറയെയോ, സ്റ്റേജിനെയോ, ജെട്ടിയെയോ, കടൽപ്പാലത്തിനെയോ കെട്ടിയിടുന്ന സ്ഥലത്തെയോ സംഭരണശാലയെയോ ഷെഡിനെയോ ഏതെങ്കിലും സംഭരണശാലയുടെയോ ഷെഡിന്റെയോ ഒരു ഭാഗത്തെയോ 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) അർത്ഥത്തിനുള്ളിൽ തീരുവ ചുമത്താവുന്ന ചരക്കുകൾ അവയുടെ ആദ്യ ഇറക്കുമതിയിൽ തീരുവ കൊടുക്കാതെ സൂക്ഷിക്കുന്നതിന് വേണ്ടിയുള്ള ഒരു അംഗീകൃത സ്ഥലമായി സംഭരണശാലയെയോ ചരക്കുകൾ കരയ്ക്കിറക്കുന്നതിനോ കപ്പലിൽ കയറ്റുന്നതിനോ കസ്റ്റംസ് തീരുവ ചുമത്തലിന് വേണ്ടിയുള്ള ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള സംഗതിയിൽ, ബോർഡ്, അങ്ങനെയുള്ള ഡോക്കിലോ, ബെർത്തിലോ, വാർഫിലോ, കപ്പൽത്തുറയിലോ, സ്റ്റേജിലോ, ജെട്ടിയിലോ, കടൽപ്പാലത്തിലോ കെട്ടിയിടുന്ന സ്ഥലത്തോ ഉള്ളതോ ചേർന്നുള്ളതോ അങ്ങനെയുള്ള സംഭരണ ശാലകളിലോ ഷെഡിലോ അതിന്റെ ഭാഗത്തോ ഉള്ളതോ ആയ ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തെ കസ്റ്റംസ് ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനുവേണ്ടി മാറ്റി വയ്ക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്.

(2) ഏതെങ്കിലും തുറമുഖത്ത് ഏതെങ്കിലും ഡോക്കോ, ബെർത്തോ, വാർഫോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ, കെട്ടിയിടുന്ന സ്ഥലമോ സംഭരണശാലയോ ഷെഡോ അതിന്റെ ഭാഗമോ തുറമുഖത്തിലെ കസ്റ്റംസ് ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം മാറ്റി വച്ചിട്ടുണ്ടെങ്കിൽ തന്നെയും, അതിനെ സംബന്ധിച്ചോ അവിടെ ചരക്കുകൾ സംഭരിക്കുന്നതിനു വേണ്ടിയോ ഈ ആക്റ്റ് പ്രകാരം കൊടുക്കേണ്ടതായിട്ടുള്ള എല്ലാ നിരക്കുകളും മറ്റു ചാർജ്ജുകളും ബോർഡിനോ ആയത് സ്വീകരിക്കുന്നതിനായി ബോർഡ് നിയമിക്കാവുന്ന അങ്ങനെയുള്ള ആൾക്കോ ആളുകൾക്കോ കൊടുക്കേണ്ടതാണ്.

34. നിബന്ധനയ്ക്കു വിധേയമായി ഒരു തുറമുഖത്തിന്റെ പരിധികൾക്കുള്ളിൽ സ്വകാര്യ വാർഫുകൾ മുതലായവയുടെ നിർമ്മാണം അനുവദിക്കുവാനുള്ള അധികാരം.— (1) യാതൊരാളും ബോർഡിന്റെ ലിഖിതമായുള്ള മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയും ബോർഡ് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളും ഉപാധികളും, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയ്ക്ക് വിധേയമായല്ലാതെയും ഒരു തുറമുഖത്തിന്റെയോ തുറമുഖ പ്രവേശന ഭാഗങ്ങളുടെയോ പരിധികൾക്കുള്ളിൽ ഏതെങ്കിലും ഡോക്കോ, ബെർത്തോ, വാർഫോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ കടൽപ്പാലമോ നങ്കൂരമിട്ട് നിർത്തുകയോ കെട്ടിയിടുകയോ ചെയ്യുന്ന സ്ഥലമോ ഉണ്ടാക്കുകയോ, ഉയർത്തുകയോ സ്ഥാപിക്കുകയോ പ്രസ്തുത പരിധികൾക്കുള്ളിലുള്ള തീരപ്രദേശത്ത് ഏതെങ്കിലും നികത്തൽ ഏറ്റെടുക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ, ഒരു സർക്കാർ വകുപ്പോ, സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു സ്ഥാപനമോ മുൻകൂട്ടിയുള്ള അനുമതി തേടുന്ന പക്ഷം അങ്ങനെയുള്ള അപേക്ഷ കൈപ്പറ്റിയ തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം അതിൻമേൽ ഒരു തീരുമാനം എടുക്കേണ്ടതും അത് അറിയിക്കേണ്ടതുമാണ്.

എന്നുമാത്രമല്ല, അതിൻമേൽ എടുത്ത തീരുമാനം നിർദ്ദിഷ്ട സമയത്തിനുള്ളിൽ അറിയിക്കുവാൻ ബോർഡ് വീഴ്ച വരുത്തുന്ന സംഗതിയിൽ, അതത് സംഗതി പോലെ, സർക്കാർ വകുപ്പിന് അല്ലെങ്കിൽ സ്ഥാപനത്തിന് അനുമതി നൽകപ്പെട്ടിട്ടുള്ളതുപോലെ കരുതപ്പെടേണ്ടതാണ്.

(2) ഏതെങ്കിലും ആൾ (1)-ാം ഉപവകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും വാർഫോ, ഡോക്കോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ കടൽപ്പാലമോ കെട്ടിയിടലിനുള്ള നിർമ്മാണമോ ഉണ്ടാക്കുകയോ, ഉയർത്തുകയോ സ്ഥാപിക്കുകയോ ഫോർഷോറിലേക്ക് ഏതെങ്കിലും നികത്തൽ ഏറ്റെടുക്കുകയോ ചെയ്യുകയാണെങ്കിൽ, ബോർഡിന്, നോട്ടീസ് മുഖേന, നോട്ടീസിൽ പറയുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ അത് നീക്കം ചെയ്യുവാൻ അങ്ങനെയുള്ള ആളിനോട് ആവശ്യപ്പെടാവുന്നതും അയാൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ ബോർഡിന്, അങ്ങനെയുള്ള ആ ആളിന്റെ ചെലവിൽ അത് നീക്കം ചെയ്യിപ്പിക്കാവുന്നതുമാണ്.

35. ഏതെങ്കിലും സ്വകാര്യ വാർഫ് മുതലായവയുടെ ഉപയോഗം നിയമവിരുദ്ധമായി തീരുന്ന ചില സംഗതികളിൽ നൽകേണ്ട നഷ്ടപരിഹാരം.—(1) 26-ാം വകുപ്പോ 27-ാം വകുപ്പോ പ്രകാരം പ്രസിദ്ധീകരിച്ച ഒരു ഉത്തരവിന്റെ ഫലമായി ഏതെങ്കിലും ആൾ ഉണ്ടാക്കിയതോ സ്ഥാപിച്ചതോ ഉയർത്തിയതോ ആയ ഏതെങ്കിലും വാർഫിന്റെയോ, ഡോക്കിന്റെയോ, ബെർത്തിന്റെയോ, കപ്പൽത്തുറയുടെയോ, സ്റ്റേജിന്റെയോ, ജെട്ടിയുടെയോ, കടൽപ്പാലത്തിന്റെയോ കെട്ടിയിടുന്ന സ്ഥലത്തിന്റെയോ ഉപയോഗം നിയമവിരുദ്ധമായി തീരുന്നിടത്ത്, ബോർഡിന്, ബന്ധപ്പെട്ട ആളിനെ കേട്ടതിനുശേഷം, ഉത്തരവ് മുഖേന അങ്ങനെയുള്ള വാർഫോ, ഡോക്കോ, ബെർത്തോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ, കെട്ടിയിടുന്ന സ്ഥലമോ അടയ്ക്കുകയോ നീക്കം ചെയ്യുകയോ നികത്തുകയോ നശിപ്പിക്കുകയോ ചെയ്യാവുന്നതും അല്ലെങ്കിൽ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി തീരുമാനിക്കാവുന്ന അങ്ങനെയുള്ള നിരക്കുകളും ചാർജ്ജുകളും ഒടുക്കുന്നതിൻമേൽ അങ്ങനെയുള്ള ആളെ അവ ഉപയോഗിക്കാൻ അനുവദിക്കാവുന്നതുമാണ്.

(2) (3)-ാം ഉപവകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ യാതൊരാൾക്കും (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ ഒരു ഉത്തരവ് കാരണം സംഭവിച്ചതോ സംഭവിച്ചതായി ആരോപിക്കപ്പെട്ടതോ ആയ ഏതൊരു ഹാനിയ്ക്കോ നാശത്തിനോ നഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരം അവകാശപ്പെടാൻ അർഹതയില്ലാത്തതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും വാർഫോ, ഡോക്കോ, ബെർത്തോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ കെട്ടിയിടുന്നതിനുള്ള സ്ഥലമോ അങ്ങനെയുള്ള അനുമതി നൽകുവാൻ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയാണ് ഉണ്ടാക്കുകയോ സ്ഥാപിക്കുകയോ ഉയർത്തുകയോ ചെയ്തിട്ടുള്ളതെന്ന് ഏതെങ്കിലും ആൾ ബോർഡിനെ ബോദ്ധ്യപ്പെടുത്തുംവിധം തെളിയിക്കുകയാണെങ്കിൽ, അയാൾക്ക് ബോർഡ് നഷ്ടപരിഹാരം നൽകേണ്ടതാണ്. ആയതിനുള്ള തുക ഇതിനുശേഷം പറയുന്ന രീതിയിലും തത്വങ്ങളും അനുസരിച്ച് തീരുമാനിക്കേണ്ടതാണ്, അതായത്:—

(എ) നഷ്ടപരിഹാരം കണക്കാക്കുന്നതിൽ, ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും വാർഫോ, ഡോക്കോ, ബെർത്തോ, കപ്പൽത്തുറയോ, സ്റ്റേജോ, ജെട്ടിയോ, കടൽപ്പാലമോ നങ്കൂരമിടുന്ന സ്ഥലമോ ഉപയോഗിക്കുന്നതിനായി നൽകുവാൻ അങ്ങനെയുള്ള ആൾ ബാദ്ധ്യസ്ഥനായിരിക്കുന്ന ഏതെങ്കിലും നിരക്കുകളോ മറ്റു ചാർജ്ജുകളോ കണക്കിലെടുക്കാൻ പാടില്ലാത്തതാകുന്നു;

(ബി) നഷ്ടപരിഹാരത്തുക അങ്ങനെയുള്ള വാർഫിന്റെയോ, ബെർത്തിന്റെയോ, കപ്പൽത്തുറയുടെയോ, സ്റ്റേജിന്റെയോ, ജെട്ടിയുടെയോ, കടൽപ്പാലത്തിന്റെയോ കെട്ടിയിടുന്ന സ്ഥലത്തിന്റെയോ നിർമ്മാണ ചെലവിന് ബന്ധപ്പെടുത്തി കണക്കാക്കേണ്ടതാണ്;

(സി) നഷ്ടപരിഹാരത്തുക കരാർ മുഖേന നിശ്ചയിക്കാൻ കഴിയുന്ന സംഗതിയിൽ, അത് അങ്ങനെയുള്ള കരാർ അനുസരിച്ച് നൽകേണ്ടതാണ്;

(ഡി) അങ്ങനെയുള്ള ഒരു കരാറിൽ എത്താൻ കഴിയാത്ത സംഗതിയിൽ, സർക്കാർ, ഒരു ഹൈക്കോടതി ജഡ്ജിയായിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ, അങ്ങനെ നിയമിക്കാൻ യോഗ്യതയുള്ളതോ ആയ ഒരാളിനെ മധ്യസ്ഥനായി നിയമിക്കേണ്ടതാണ്;

(ഇ) സർക്കാരിന്, മധ്യസ്ഥൻ ഈ വകുപ്പ് പ്രകാരം തീരുമാനിക്കേണ്ടിയിരിക്കുന്ന ഏതെങ്കിലും പ്രശ്നം തീരുമാനിക്കുന്നതിൽ അയാളെ സഹായിക്കുവാൻ അന്വേഷണവിചാരണയിലുള്ള ഏതെങ്കിലും കേസ് സംബന്ധിച്ച ഏതെങ്കിലും വിഷയത്തെക്കുറിച്ച് പ്രത്യേക അറിവുള്ള ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതും അങ്ങനെ നാമനിർദ്ദേശം ചെയ്യുന്ന സംഗതിയിൽ നഷ്ടപരിഹാരം നൽകപ്പെടേണ്ട ആൾക്കും അതേ ആവശ്യത്തിനുവേണ്ടി ഒരു അസ്സസ്സറെ നാമനിർദ്ദേശം ചെയ്യാവുന്നതുമാണ്;

(എഫ്) മധ്യസ്ഥന് മുൻപാകെയുള്ള നടപടിയുടെ ആരംഭത്തിൽ, ബോർഡും നഷ്ടപരിഹാരം നൽകപ്പെടേണ്ടയാളും അവരുടെ അഭിപ്രായത്തിൽ അവരെ സംബന്ധിച്ച് എന്താണ് ന്യായമായ നഷ്ടപരിഹാരത്തുക എന്ന് പ്രസ്താവിക്കേണ്ടതാണ്;

(ജി) മാധ്യസ്ഥൻ തർക്കം കേട്ടതിനുശേഷം അദ്ദേഹത്തിന് ന്യായമെന്നു തോന്നുന്ന നഷ്ടപരിഹാരത്തുക തീരുമാനിച്ചുകൊണ്ടുള്ള ഒരു മാധ്യസ്ഥ തീരുമാനം ഉണ്ടാക്കേണ്ടതും അങ്ങനെയുള്ള നഷ്ടപരിഹാരം നൽകപ്പെടേണ്ട ആളെയോ ആളുകളെയോ വ്യക്തമാക്കേണ്ടതുമാണ്;

(എച്ച്) നഷ്ടപരിഹാരത്തിന് അർഹതയുള്ള ആളെയോ ആളുകളെയോ, സംബന്ധിച്ച് ഒരു തർക്കം ഉള്ള സംഗതിയിൽ മാധ്യസ്ഥൻ അങ്ങനെയുള്ള തർക്കം തീരുമാനിക്കേണ്ടതും നഷ്ടപരിഹാരത്തിന് ഒന്നിൽ കൂടുതൽ പേർക്ക് അർഹതയുണ്ടെന്ന് മാധ്യസ്ഥൻ കണ്ടെത്തുകയാണെങ്കിൽ, അദ്ദേഹം നഷ്ടപരിഹാര തുക അങ്ങനെയുള്ള ആളുകൾക്കിടയിൽ വീതിക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## തുറമുഖങ്ങളിൽ നിരക്കുകൾ ചുമത്തലും വസൂലാക്കലും

36. ബോർഡോ മറ്റു ആളോ നിർവഹിക്കുന്ന സേവനങ്ങൾക്കുള്ള നിരക്കുകളുടെ സ്കെയിലുകൾ.—(1) ബോർഡ്, അതത് സമയം തുറമുഖത്തോ തുറമുഖ പ്രവേശന ഭാഗങ്ങളിലോ അവയുമായി ബന്ധപ്പെട്ടോ ഇതിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സേവനങ്ങളിൽ ഏതെങ്കിലും, അത് സ്വയമായോ 28-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആളോ ഏതൊക്കെ നിരക്കുകളിലാണ് നിർവഹിക്കേണ്ടത് എന്നതിന്റെ ഒരു സ്കെയിലും ഏതൊക്കെ ഉപാധികളിൻ കീഴിലാണ് നിർവഹിക്കേണ്ടത് എന്നതിന്റെ ഒരു സ്റ്റേറ്റ്മെന്റും റെഗുലേഷൻ വഴി ഉണ്ടാക്കേണ്ടതാണ്,—

(എ) തുറമുഖത്തിലോ തുറമുഖ പ്രവേശന ഭാഗങ്ങളിലോ ഉള്ള ജലയാനങ്ങൾ തമ്മിൽ യാത്രക്കാരെയോ ചരക്കുകളോ ട്രാൻഷിപ്പ് ചെയ്യൽ;

(ബി) ബോർഡിന്റെ കൈവശമോ അധീനതയിലോ ഉള്ള അങ്ങനെയുള്ള ജലയാനങ്ങളിൽ നിന്നോ അതിലേയ്ക്കോ ഏതെങ്കിലും വാർഫിലോ, കപ്പൽതുറയിലോ, ജെട്ടിയിലോ, കടൽപ്പാലത്തിലോ, ഡോക്കിലോ, ബെർത്തിലോ, കപ്പൽ നങ്കൂരമിടുന്ന സ്ഥലത്തോ, സ്റ്റേജിലോ, നിർമ്മിതിയിലോ, ഭൂമിയിലോ, കെട്ടിടത്തിലോ നിന്നോ അതിലേക്കോ തുറമുഖത്തിന്റെയോ തുറമുഖ പ്രവേശന ഭാഗങ്ങളുടെയോ പരിധിയിലുള്ള ഏതെങ്കിലും സ്ഥലത്തോ യാത്രക്കാരെയോ ചരക്കുകളോ കയറ്റലും ഇറക്കലും, കരയ്ക്കിറക്കലും കപ്പലിൽ കയറ്റലും;

(സി) അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്ത് ചരക്കുകൾ ക്രെയിൻ കൊണ്ട് ഉയർത്തലോ ചുമന്നുകൊണ്ടുപോകലോ;

(ഡി) ഏതെങ്കിലും സ്ഥലത്തെ ചരക്കുകളുടെ തുറമുഖചുങ്കമോ സംഭരണ കൂലിയോ അവ കയറ്റുന്നതിനോ ഇറക്കുന്നതിനോ ഉള്ള കാലതാമസത്തിനുള്ള പണമോ;

(ഇ) തുറമുഖങ്ങളിലെയും തുറമുഖ പ്രദേശങ്ങളിലെയും തീരദേശങ്ങളിലെയും, ഉൾനാടൻ ജലഗതാഗത മാർഗ്ഗങ്ങളിലെയും മറ്റു ജലാശയങ്ങളിലെയും ഹൈഡ്രോഗ്രാഫിക് സർവ്വേ; കൂടാതെ

(എഫ്) 1908-ലെ ഇന്ത്യൻ തുറമുഖ ആക്റ്റ് പ്രകാരം (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) ഫീസ് ചുമത്താവുന്ന ജലയാനങ്ങളെ സംബന്ധിച്ച സേവനങ്ങൾ ഒഴികെയുള്ള ജലയാനങ്ങളെയോ യാത്രക്കാരെയോ ചരക്കുകളെയോ സംബന്ധിച്ച മറ്റേതെങ്കിലും സേവനം.

(2) വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ചരക്കുകൾക്കും ജലയാനങ്ങൾക്കും വ്യത്യസ്ത തുറമുഖങ്ങൾക്കും വേണ്ടി വ്യത്യസ്തങ്ങളായ നിരക്കുകളുടെ സ്കെയിലുകളും ഉപാധികളും ഉണ്ടാക്കാവുന്നതാണ്.

37. <u>ബോർഡിന് സ്വന്തമായിട്ടുള്ള വസ്തുക്കളുടെ ഉപയോഗത്തിനുള്ള നിരക്കുകളുടെ സ്കെയിലുകളും ഉപാധികളുടെ സ്റ്റേറ്റ്മെന്റും.</u>—(1) 1962-ലെ കസ്റ്റംസ് ആക്റ്റിലെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) 141-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് വിധേയമായി, ബോർഡ്, ബോർഡിന് സ്വന്തമായിട്ടുള്ളതോ അതിന്റെ കൈവശമോ അധീനതയിലോ ഉള്ള ഏതെങ്കിലും സ്വത്തോ തുറമുഖത്തിന്റെയോ തുറമുഖ പ്രവേശനഭാഗങ്ങളുടെയോ പരിധികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലമോ ഇതിന് താഴെ വിനിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താവുന്നതിന് നൽകുന്നതിനുള്ള നിരക്കുകളുടെ ഒരു സ്കെയിലും ഉപാധികളുടെ ഒരു സ്റ്റേറ്റ്മെന്റും കൂടി അതത് സമയം ഉണ്ടാക്കേണ്ടതാണ്,—

(എ) ജലയാനങ്ങൾ വഴി മുൻപറഞ്ഞ പ്രകാരം ഏതെങ്കിലും പൊങ്ങിനെയോ, നങ്കൂരമിടുന്ന സ്ഥലത്തെയോ, വാർഫിനെയോ, കപ്പൽത്തുറയെയോ, കടൽപ്പാലത്തെയോ, ഡോക്കിനെയോ, കെട്ടിയിടുന്ന സ്ഥലത്തെയോ, ഭൂമിയെയോ, കെട്ടിടത്തെയോ സ്ഥലത്തെയോ സമീപിക്കൽ അല്ലെങ്കിൽ അവിടെയോ തൊട്ടടുത്തായോ സ്ഥിതി ചെയ്യൽ;

(ബി) യാത്രക്കാരെയോ ചരക്കുകളോ വഹിക്കുന്ന മൃഗങ്ങളോ വാഹനങ്ങളോ വഴി, മുൻപറഞ്ഞ പ്രകാരം ഏതെങ്കിലും വാർഫിലോ, കപ്പൽത്തുറയിലോ, കടൽപ്പാലത്തിലോ, ഡോക്കിലോ, ഭൂമിയിലോ, കെട്ടിടത്തിലോ, റോഡിലോ, പാലത്തിലോ, പ്രവേശന ഭാഗത്തോ, സ്ഥലത്തോ പ്രവേശിക്കൽ അല്ലെങ്കിൽ അവ വാടകയ്ക്ക് എടുത്ത് നടത്തൽ;

(സി) ഇറക്കുമതി ചെയ്തതോ കയറ്റുമതിക്ക് ഉദ്ദേശിച്ചിട്ടുള്ളതോ ആയ സാധനങ്ങളുടെ ഉടമസ്ഥരോ സ്റ്റീമർ ഏജന്റുകളോ ഭൂമിയോ ഷെഡ്ഡുകളോ പാട്ടത്തിന് എടുക്കൽ;

(ഡി) ബോർഡിന് സ്വന്തമായിട്ടുള്ളതോ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും ഭൂമിയുടെയോ കെട്ടിടത്തിന്റെയോ നിർമ്മാണങ്ങളുടെയോ ജലയാനങ്ങളുടെയോ ഉപകരണങ്ങളുടെയോ മറ്റേതെങ്കിലും ഉപയോഗം.

(2) വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ചരക്കുകൾക്കും ജലയാനങ്ങൾക്കും വ്യത്യസ്ത തുറമുഖങ്ങൾക്കും വേണ്ടി വ്യത്യസ്തങ്ങളായ നിരക്കുകളുടെ സ്കെയിലുകളും ഉപാധികളും ഉണ്ടാക്കാവുന്നതാണ്.

38. <u>സംയോജിത സേവനങ്ങളുടെ ഏകീകൃത നിരക്കുകൾ.</u>—ബോർഡിന്, 31-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംയോജിത സേവനങ്ങൾക്കുവേണ്ടിയോ ബോർഡിന് സ്വന്തമായിട്ടുള്ളതോ അതിന്റെ കൈവശമോ അധീനതയിലോ ഉള്ള ഏതെങ്കിലും വസ്തുവിന്റെ 32-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള ഉപയോഗവുമായോ ഉപയോഗിക്കുവാനുള്ള അനുമതിയുമായോ ഉള്ള അങ്ങനെയുള്ള സേവനത്തിന്റെയോ സേവനങ്ങളുടെയോ ഏതെങ്കിലും സംയോജനത്തിന് വേണ്ടിയോ അതത് സമയം നിരക്കുകളുടെ ഒരു ഏകീകൃത സ്കെയിൽ ഉണ്ടാക്കേണ്ടതാണ്.

39. <u>ചില സംഗതികളിൽ സൗജന്യനിരക്കുകൾ ചുമത്തുവാനുള്ള അധികാരം.</u>— ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ ഏതെങ്കിലും പ്രകാരം നിരക്കുകളുടെ സ്കെയിലുകൾ ഉണ്ടാക്കുമ്പോൾ ബോർഡിന്,—

(എ) ഒരു ഇന്ത്യൻ തുറമുഖത്തുനിന്നും മറ്റൊരു ഇന്ത്യൻ തുറമുഖത്തേയ്ക്ക് ഒരു ജലയാനത്തിൽ കൊണ്ടുപോകുന്ന തീരദേശ ചരക്കുകൾ, അതായത്, 1962-ലെ കസ്റ്റംസ് ആക്റ്റിൽ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) നിർവചിച്ച പ്രകാരമുള്ള ഇറക്കുമതി ചെയ്ത ചരക്കുകൾ അല്ലാത്ത ചരക്കുകൾ, സംബന്ധിച്ച് കുറഞ്ഞ ഒരു നിരക്ക് നിർണ്ണയിക്കാവുന്നതാണ്:

എന്നാൽ, ബോർഡ് ഈ വകുപ്പിൻ കീഴിൽ കുറഞ്ഞ ഒരു നിരക്ക് നിശ്ചയിക്കുമ്പോൾ ഒരു ഇന്ത്യൻ തുറമുഖവും അത്തരത്തിലുള്ള മറ്റൊരു തുറമുഖവും തമ്മിൽ യാതൊരു വിവേചനവും കാണിക്കാൻ പാടില്ലാത്തതാണ്.

(ബി) പ്രത്യേക സംഗതികളിലുള്ള മറ്റു ചരക്കുകൾ,

സംബന്ധിച്ച് കുറഞ്ഞ ഒരു നിരക്ക് നിർണ്ണയിക്കാവുന്നതാണ്.

40. <u>നിരക്കുകൾക്കും വ്യവസ്ഥകൾക്കും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി.</u>— ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾ പ്രകാരം ബോർഡ് ആവിഷ്കരിച്ച നിരക്കുകളുടെ ഓരോ സ്കെയിലും ഉപാധികളുടെ ഓരോ സ്റ്റേറ്റ്മെന്റും അനുമതിക്കായി സർക്കാരിന് സമർപ്പിക്കേണ്ടതും, അപ്രകാരം അനുമതി ലഭിക്കുകയും ബോർഡ് അത് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുമ്പോൾ അതിന് പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.

41. <u>നിരക്കുകളുടെ രൂപഭേദപ്പെടുത്തലും റദ്ദാക്കലും ആവശ്യപ്പെടാനുള്ള സർക്കാരിന്റെ അധികാരം.</u>—(1) പൊതുജനതാൽപ്പര്യാർത്ഥം അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് സർക്കാർ കരുതുമ്പോഴെല്ലാം, അതിന്, ലിഖിതമായ ഉത്തരവുവഴി വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ പ്രാബല്യത്തിലുള്ള സ്കെയിലുകളിലെ ഏതെങ്കിലും റദ്ദാക്കുവാനോ ആയത് രൂപഭേദപ്പെടുത്തുവാനോ ബോർഡിനോട് നിർദ്ദേശിക്കാവുന്നതാണ്.

(2) ബോർഡ്, അങ്ങനെയുള്ള നിർദ്ദേശം, നിർണ്ണയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ അനുസരിക്കുവാൻ വീഴ്ചവരുത്തുകയോ അവഗണിക്കുകയോ ചെയ്യുന്നപക്ഷം, സർക്കാരിന്, അങ്ങനെയുള്ള സ്കെയിലുകളിൽ ഏതെങ്കിലും റദ്ദാക്കാവുന്നതോ അത് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള രൂപഭേദപ്പെടുത്തലുകൾ അതിൽ വരുത്താവുന്നതോ ആണ്.

എന്നാൽ, അങ്ങനെ ഏതെങ്കിലും സ്കെയിൽ അപ്രകാരം റദ്ദാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ മുൻപ്, സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിൽ ബോർഡ് ഉന്നയിക്കാവുന്ന ഏതെങ്കിലും നിർദ്ദേശമോ ആക്ഷേപമോ പരിഗണിക്കേണ്ടതാണ്.

(3) ഈ വകുപ്പിന് അനുസൃതമായി സ്കെയിലുകളിൽ ഏതെങ്കിലും റദ്ദാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യപ്പെട്ടിരിക്കുമ്പോൾ അങ്ങനെയുള്ള റദ്ദാക്കലോ, രൂപഭേദപ്പെടുത്തലോ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും വിജ്ഞാപനം ചെയ്യേണ്ടതും അതിൻമേൽ അതിനനുസൃതമായി പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

42. ചാർജ്ജുകളുടെ നിരക്കുകളിലെ ഇളവ്.—ബോർഡിന്, പ്രത്യേക സംഗതികളിലും, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും, ഏതെങ്കിലും ചരക്കുകളെയോ വാഹനങ്ങളെയോ ജലയാനങ്ങളെയോ ചരക്കുകളുടെയോ വാഹനങ്ങളുടെയോ ജലയാനങ്ങളുടെയോ വിഭാഗത്തെയോ, ഈ ആക്റ്റ് പ്രകാരം പ്രാബല്യത്തിലുള്ള നിരക്കുകളുടെ ഏതെങ്കിലും സ്കെയിലിന് അനുസൃതമായി അവയെ സംബന്ധിച്ച് ചുമത്താവുന്ന ഏതെങ്കിലും നിരക്കോ ചാർജ്ജോ ഒടുക്കുന്നതിൽനിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതോ അപ്രകാരം ചുമത്തപ്പെടുന്ന അങ്ങനെയുള്ള മുഴുവൻ നിരക്കോ ചാർജ്ജോ അതിന്റെ ഏതെങ്കിലും ഭാഗമോ ഇളവ് ചെയ്യാവുന്നതോ ആണ്.

43. അധിക ചാർജ്ജുകളുടെ തിരിച്ചടവ്.—എല്ലാ പ്രസക്തമായ അസ്സൽ രേഖകളുടെ ശരിയായ പിൻബലമുള്ളതും അടവിന്റെ തീയതി മുതൽ ആറുമാസക്കാലാവധിക്കുള്ളിലും ഒരാൾ മടക്കിനൽകുന്നതിനായുള്ള തന്റെ അവകാശവാദം രേഖാമൂലം അയാളോ അയാൾക്കുവേണ്ടിയോ ബോർഡിനെ അറിയിക്കാത്തപക്ഷം ബോർഡ്, ചുമത്തിയ അധിക ചാർജ്ജ് തിരികെ ലഭിക്കുന്നതിന് യാതൊരാൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല:

എന്നാൽ, ബോർഡിന്, അതിന്റെ സ്വന്തം നിലയിൽ, ഏത് സമയത്തും അതിന്റെ ബില്ലുകളിൽ ചുമത്തിയ അധിക ചാർജ്ജുകൾ തിരികെ നൽകാവുന്നതാണ്.

44. കുറവായി ചുമത്തിയതോ, തെറ്റായി തിരികെ നൽകിയതോ ആയ ചാർജ്ജുകൾ ഒടുക്കുന്നതിനുള്ള നോട്ടീസ്.—(1) ബോർഡിന്, ഈ അദ്ധ്യായപ്രകാരം ചുമത്തപ്പെടാവുന്ന ഏതെങ്കിലും ചാർജ് കുറവായി ചുമത്തിയതായോ, തെറ്റായി മടക്കി നൽകിയതായോ ബോദ്ധ്യപ്പെടുമ്പോൾ, അതിന് അങ്ങനെയുള്ള ചാർജ് അടയ്ക്കാൻ ബാദ്ധ്യസ്ഥനായ ആളിനോട്, അല്ലെങ്കിൽ ആർക്കാണോ തുക തെറ്റായി മടക്കി നൽകപ്പെട്ടിട്ടുള്ളത് ആ ആളിനോ, ഒരു നോട്ടീസ്, ആ നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള തുക അയാൾ എന്തുകൊണ്ട് അടയ്ക്കേണ്ടതില്ല എന്ന കാരണം കാണിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അയാൾക്ക് നൽകാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു നോട്ടീസും,—

(എ) ചാർജ് കുറവായി ചുമത്തിയിട്ടുള്ളപ്പോൾ, ചാർജ് ഒടുക്കുന്ന തീയതി മുതൽ;

(ബി) ചാർജ് തെറ്റായി മടക്കി നൽകപ്പെട്ടിട്ടുണ്ടെങ്കിൽ, അത് മടക്കി നൽകിയ തീയതി മുതൽ;

മൂന്നു വർഷം അവസാനിച്ചതിനുശേഷം നൽകാൻ പാടില്ലാത്തതാണ്.

(2) ബോർഡിന്, (1)-ാം ഉപവകുപ്പ് പ്രകാരം നോട്ടീസ് നൽകപ്പെട്ടിട്ടുള്ള ആൾ സമർപ്പിച്ചിട്ടുള്ള നിവേദനം ഏതെങ്കിലുമുണ്ടെങ്കിൽ അത് പരിഗണിച്ചതിനുശേഷം അങ്ങനെയുള്ള ആളിൽ നിന്നും കിട്ടാനുള്ള തുക തീരുമാനിക്കാവുന്നതും അതിൻമേൽ അപ്രകാരം തീരുമാനിച്ച തുക അങ്ങനെയുള്ള ആൾ അടയ്ക്കേണ്ടതുമാണ്.

45. ചരക്കുകൾ സംബന്ധിച്ച നിരക്കുകൾ അടയ്ക്കേണ്ട സമയം.—കരയ്ക്കിറക്കേണ്ട ചരക്കുകളെ സംബന്ധിച്ച നിരക്കുകൾ, ആ ചരക്കുകൾ കരയ്ക്കിറക്കിയാലുടനെ അടയ്ക്കേണ്ടതും ബോർഡിന്റെ പരിസരത്തുനിന്നും നീക്കം ചെയ്യേണ്ടതോ കയറ്റുമതിക്കായി കപ്പലിൽ കയറ്റപ്പെടേണ്ടതോ ഒരു കപ്പലിൽ നിന്നും മറ്റു കപ്പലിൽ കയറ്റപ്പെടേണ്ടതോ ആയ ചരക്കുകളെ സംബന്ധിച്ച നിരക്കുകൾ ചരക്കുകൾ നീക്കം ചെയ്യപ്പെടുന്നതിനോ കപ്പലിൽ കയറ്റപ്പെടുന്നതിനോ ഒരു കപ്പലിൽ നിന്ന് മറ്റൊരു കപ്പലിൽ കയറ്റപ്പെടുന്നതിനോ മുമ്പ് നൽകേണ്ടതാണ്.

46. നിരക്കുകൾക്കായി ബോർഡിനുള്ള ലീൻ.—(1) ഏതെങ്കിലും ചരക്കുകൾ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം ബോർഡിന് ചുമത്താവുന്ന എല്ലാ നിരക്കുകളുടെയും തുകയ്ക്ക് വേണ്ടിയും ഏതെങ്കിലും ചരക്കുകൾ വച്ചേയ്ക്കാവുന്ന ഏതെങ്കിലും കെട്ടിടത്തിനോ അടിത്തറയ്ക്കോ ചരക്കുകൾ അടുക്കി വയ്ക്കുന്നതായ പ്രദേശങ്ങൾക്കോ മറ്റ് പരിസരങ്ങൾക്കോ ബോർഡിന് കിട്ടേണ്ടതായ വാടകയ്ക്കും വേണ്ടിയും അങ്ങനെയുള്ള ചരക്കുകളിൻമേൽ, ബോർഡിന്, ഒരു ലീൻ ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള നിരക്കുകളും വാടകയും പൂർണ്ണമായി ഒടുക്കുന്നതുവരെ അതിന് അവ പിടിച്ചെടുത്ത് കസ്റ്റഡിയിൽ സൂക്ഷിക്കാവുന്നതുമാണ്.

(2) അങ്ങനെയുള്ള ലീനിന്, പൊതുശരാശരിക്ക് വേണ്ടിയും ചരക്കുകൂലിക്കും മറ്റ് ചാർജുകൾക്കും വേണ്ടി പ്രസ്തുത ചരക്കുകളിൻമേൽ ചരക്കുകൂലിക്കായി അങ്ങനെയുള്ള ലീൻ നിലനിൽക്കുന്ന കപ്പൽ ഉടമകൾക്കുള്ള ലീനും കസ്റ്റംസിനെ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പിഴയോ ഫൈനോ വഴിയല്ലാതെ കേന്ദ്ര സർക്കാരിന് നൽകേണ്ടതും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം സർക്കാരിന് നൽകേണ്ടതുമായ തുകയും ഒഴികെയുള്ള മറ്റെല്ലാ ലീനുകൾക്കും അവകാശവാദങ്ങൾക്കും മേൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

47. ചരക്കുകൂലിക്കും മറ്റു ചാർജ്ജുകൾക്കും ഉള്ള കപ്പലുടമസ്ഥന്റെ ലീൻ.—(1) ഏതെങ്കിലും ജലയാനത്തിന്റെ മാസ്റ്ററോ, ഉടമസ്ഥനോ അയാളുടെ ഏജന്റോ, ബോർഡിന് സ്വന്തമാക്കിയിട്ടുള്ളതോ അതിന്റെ കൈവശമുള്ളതോ ആയ ഏതെങ്കിലും ഡോക്കിലോ വാർഫിലോ കപ്പൽത്തുറയിലോ സ്റ്റേജിലോ ജെട്ടിയിലോ ബർത്തിലോ കെട്ടിയിടുന്ന സ്ഥലത്തോ കടൽപ്പാലത്തോ വച്ച് അങ്ങനെയുള്ള ജലയാനങ്ങളിൽ നിന്നും ഏതെങ്കിലും ചരക്കുകൾ കരയ്ക്കിറക്കുന്ന സമയത്തോ അതിനുമുമ്പോ ബോർഡിന് ലിഖിതമായ ഒരു നോട്ടീസ്, അങ്ങനെയുള്ള നോട്ടീസിൽ പറയേണ്ടതായ ഒരു തുകയ്ക്ക് കപ്പൽ ഉടമസ്ഥന് നൽകേണ്ടതായ ചരക്കുകൂലിക്കും മറ്റ് ചാർജ്ജുകൾക്കുമുള്ള ഒരു ലീനിന് അങ്ങനെയുള്ള ചരക്കുകൾ വിധേയമായിരിക്കും എന്ന് നോട്ടീസ് നൽകുകയാണെങ്കിൽ, അങ്ങനെയുള്ള ചരക്കുകൾ അങ്ങനെയുള്ള തുകയ്ക്കുള്ള അങ്ങനെയുള്ള ലീനിന് ബാദ്ധ്യസ്ഥമായി തുടരുന്നതാണ്.

(2) ഇതിനുശേഷം പറഞ്ഞിരിക്കുന്ന പ്രകാരം ലീൻ തീർക്കുന്നതുവരെ ആ ചരക്കുകൾ, ആ ചരക്കുകളുടെ ഉടമസ്ഥരുടെ ഉത്തരവാദിത്വത്തിലും ചെലവിലും ബോർഡിന്റെ സൂക്ഷിപ്പിൽ നിലനിർത്തേണ്ടതും അവ അപ്രകാരം നിലനിർത്തപ്പെടാവുന്ന സമയത്തേക്കുള്ള ഗോഡൗണിന്റെയും സ്റ്റോറേജിന്റെയും വാടക അങ്ങനെയുള്ള ചരക്കിന് അവകാശപ്പെട്ട കക്ഷി നൽകേണ്ടതുമാണ്.

(3) ആരാലാണോ അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ അങ്ങനെയുള്ള നോട്ടീസ് നൽകപ്പെട്ടിട്ടുള്ളത് ആ ആൾ ഒപ്പിട്ടു പൂർത്തീകരിച്ച, അങ്ങനെയുള്ള ലീനിന്റെ തുകയ്ക്കുള്ള ഒരു രസീതായോ വിടുതലായോ കരുതപ്പെടാവുന്ന ഒരു രേഖ ബോർഡ് ഇതിലേക്കായി നിയമിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാക്കുന്നതിൻമേൽ, ബോർഡിന് അങ്ങനെയുള്ള രേഖയുടെ നിജസ്ഥിതി സംബന്ധിച്ച് ന്യായമായ ശ്രദ്ധയെടുത്തതിനുശേഷം അങ്ങനെയുള്ള ചരക്കുകൾ നീക്കം ചെയ്യുവാൻ അനുവദിക്കാവുന്നതാണ്.

(4) ഈ വകുപ്പിലെ വ്യവസ്ഥകൾ മത്സ്യബന്ധന തുറമുഖങ്ങളിലും മത്സ്യമിറക്കു കേന്ദ്രങ്ങളിലും പരമ്പരാഗത ജലയാനങ്ങളും യന്ത്രവൽകൃത ജലയാനങ്ങളും പ്രവർത്തിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ബാധകമാകുന്നതല്ല.

48. <u>ചരക്കുകളുടെ വിൽപ്പന</u>.—(1) ബോർഡിന്, ഏതെങ്കിലും ചരക്കുകൾ അതിന്റെ കസ്റ്റഡിയിൽ വന്നിട്ടുള്ള സമയം മുതൽ രണ്ട് മാസം അവസാനിച്ചതിനുശേഷമോ ജീവികളുടെയും നശിച്ചു പോകാവുന്നതോ അപകടമുണ്ടാക്കുന്നതോ ആയ ചരക്കുകളുടെ സംഗതിയിൽ, ജീവികളോ ചരക്കുകളോ കരയ്ക്കിറക്കിയതിനു ശേഷമുള്ള ഇരുപത്തിനാലു മണിക്കൂറിൽ കുറഞ്ഞതല്ലാത്ത, ബോർഡ് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള കുറഞ്ഞ കാലാവധി അവസാനിച്ചതിനുശേഷമോ,—

(എ) അങ്ങനെയുള്ള ചരക്കുകളെ സംബന്ധിച്ച് ബോർഡിന് കൊടുക്കേണ്ടതായ ഏതെങ്കിലും നിരക്കുകൾ കൊടുത്തിട്ടില്ലെങ്കിൽ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ചരക്കുകൾ സൂക്ഷിച്ചിരുന്ന ഏതെങ്കിലും സ്ഥലത്തെ സംബന്ധിച്ച് ബോർഡിന് കൊടുക്കേണ്ടതായ ഏതെങ്കിലും വാടക കൊടുത്തിട്ടില്ലെങ്കിൽ; അല്ലെങ്കിൽ

(സി) ചരക്കുകൂലിക്കോ മറ്റ് ചാർജ്ജുകൾക്കോ ഉള്ള ഏതെങ്കിലും കപ്പൽ ഉടമയുടെ ഏതെങ്കിലും ലീനിന് നോട്ടീസ് നൽകപ്പെട്ടിരിക്കുകയും അത് വിടർത്തപ്പെട്ടിട്ടില്ലാതിരിക്കുകയും ചെയ്യുന്നെങ്കിലും ചരക്കുകൂലിക്കോ മറ്റ് ചാർജ്ജുകൾക്കോ ഉള്ള അങ്ങനെയുള്ള ലീൻ അവകാശപ്പെടുന്ന ആൾ അങ്ങനെയുള്ള വിൽപ്പനയ്ക്ക് വേണ്ടി ബോർഡിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും,

പൊതുലേലം മുഖേന വിൽക്കാവുന്നതോ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് ബോർഡ് കരുതുന്ന അങ്ങനെയുള്ള സംഗതിയിൽ, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ബോർഡിന്റെ അഭിപ്രായത്തിൽ ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ചരക്കുകളോ അതിന്റെ അത്രത്തോളം ഭാഗമോ ടെണ്ടറോ സ്വകാര്യ കരാർ മുഖേനയോ മറ്റേതെങ്കിലും രീതിയിലോ വിൽക്കാവുന്നതോ ആണ്.

(2) അങ്ങനെയുള്ള വിൽപ്പന നടത്തുന്നതിന് മുമ്പ്, ബോർഡ്, ആയതിന്റെ പത്തു ദിവസത്തെ നോട്ടീസ്, ഔദ്യോഗിക ഗസറ്റിലും ആ പ്രദേശത്ത് വ്യാപകമായി പ്രചാരത്തിലുള്ള കുറഞ്ഞത് ഒരു വർത്തമാന പത്രത്തിലും കൂടി അതിന്റെ പ്രസിദ്ധീകരണം വഴി നൽകേണ്ടതാണ്:

എന്നാൽ ജീവികളുടെയും നശിക്കുന്നതും അപകടമുണ്ടാക്കുന്നതുമായ ചരക്കുകളുടെയും സംഗതിയിൽ, ബോർഡ്, റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അപ്രകാരമുള്ള രീതിയിലും അങ്ങനെയുള്ള കുറഞ്ഞ കാലയളവിലേക്കുമുള്ള നോട്ടീസ് നൽകാവുന്നതാണ്.

(3) ചരക്കുകളുടെ ഉടമസ്ഥന്റെ മേൽവിലാസം, ചരക്കുകളിൽ പ്രകടമായോ ബോർഡിന്റെ കൈവശം വന്നിട്ടുള്ള രേഖകളിൽ ഏതിലെങ്കിലുമോ പ്രസ്താവിച്ചിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ മറ്റുവിധത്തിൽ അറിയാമെങ്കിലോ അങ്ങനെയുള്ള മേൽവിലാസത്തിൽ ഏൽപ്പിക്കുന്നതോ പോസ്റ്റോ ഇ-മെയിലോ വഴി അയയ്ക്കുന്നതോ ആയ കത്ത് മുഖേന കൂടി അയാൾക്ക് നോട്ടീസ് നൽകേണ്ടതാണ്: എന്നാൽ അങ്ങനെയുള്ള ചരക്കുകൾ ഉത്തമ വിശ്വാസപൂർവ്വം വാങ്ങിയ ആളിന്റെ ഉടമസ്ഥാവകാശം, അങ്ങനെയുള്ള നോട്ടീസ് അയക്കുവാനുള്ള വീഴ്ച കാരണം അസാധുവാക്കപ്പെടാത്തതും അങ്ങനെയുള്ള ആൾ നോട്ടീസ് അയച്ചിട്ടുണ്ട് എന്ന് അന്വേഷിക്കുവാൻ ബാദ്ധ്യസ്ഥനല്ലാത്തതും ആകുന്നു.

(4) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിയന്ത്രിത ചരക്കുകൾ, സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള രീതിയിലും വിൽക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിലും 49-ാം വകുപ്പിലും "നിയന്ത്രിത ചരക്കുകൾ" എന്നാൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം അതിന്റെ വിലയും വിറ്റഴിക്കലും നിയന്ത്രിക്കപ്പെടുന്ന ചരക്കുകൾ എന്നർത്ഥമാകുന്നു.

49. സമയപരിധിക്കുള്ളിൽ ബോർഡിന്റെ പരിസരങ്ങളിൽ നിന്നും നീക്കം ചെയ്യപ്പെടാത്ത ചരക്കുകളുടെ വിറ്റഴിക്കൽ.—(1) 1962-ലെ കസ്റ്റംസ് ആക്റ്റിന്റെ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) 48-ാം വകുപ്പിനും 141-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിനും പ്രസ്തുത ആക്റ്റിലെ 48-ാം വകുപ്പ് പ്രകാരം കരയ്ക്കിറക്കിയതിനുശേഷം മുപ്പത് ദിവസത്തിനുള്ളിൽ ചരക്കുകൾ ക്ലിയർ ചെയ്യാതിരിക്കുകയോ, വെയർഹൗസിൽ

സൂക്ഷിക്കാതിരിക്കുന്നതിനോ, കപ്പലിൽ കയറ്റി അയയ്ക്കാതിരിക്കുകയോ ചെയ്യുന്ന സംഗതിയുടെ നടപടിക്രമത്തിനും വിധേയമായും ബോർഡിന്റെ സൂക്ഷിപ്പിൽ വച്ചിട്ടുള്ള ഏതെങ്കിലും ചരക്കുകൾ, അങ്ങനെയുള്ള ചരക്കുകൾ അവരുടെ സൂക്ഷിപ്പിൽ വയ്ക്കപ്പെട്ട തീയതിമുതൽ മുപ്പത് ദിവസത്തിനുള്ളിൽ അവയ്ക്ക് അവകാശപ്പെട്ട ഉടമസ്ഥനോ മറ്റ് ആളോ ബോർഡിന്റെ പരിസരങ്ങളിൽ നിന്ന് നീക്കം ചെയ്യാത്തിടത്ത്, ബോർഡിന് ഉടമസ്ഥന്റെയോ മറ്റ് ആളിന്റെയോ മേൽവിലാസം അറിയാമെങ്കിൽ, അങ്ങനെയുള്ള മേൽവിലാസത്തിൽ ഏൽപ്പിച്ചു കൊടുക്കുന്നതോ പോസ്റ്റ് വഴി അയയ്ക്കുന്നതോ ഇ-മെയിൽ വഴിയോ ആയ കത്ത് മുഖേന അയാൾക്ക് ഒരു നോട്ടീസ് നൽകുവാൻ ഇടയാക്കാവുന്നതും അപ്രകാരം അയാൾക്ക് നോട്ടീസ് നൽകുവാൻ കഴിയുന്നില്ലെങ്കിലോ അയാളുടെ മേൽവിലാസം അറിയുന്നില്ലെങ്കിലോ ആ ചരക്കുകൾ ഉടൻതന്നെ നീക്കം ചെയ്യുവാൻ അയാളോട് ആവശ്യപ്പെട്ടുകൊണ്ടും അത് പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആ ചരക്കുകൾ പൊതുലേലം മുഖേനയോ ടെണ്ടർ മുഖേനയോ കരാർ മുഖേനയോ മറ്റെന്തെങ്കിലും രീതിയിലോ വിൽക്കപ്പെടുവാൻ ബാദ്ധ്യസ്ഥമാണെന്ന് പ്രസ്താവിച്ചുകൊണ്ടും ഉള്ള ഒരു നോട്ടീസ് ഔദ്യോഗിക ഗസറ്റിലും ആ പ്രദേശത്ത് വ്യാപകമായ പ്രചാരത്തിലുള്ള തദ്ദേശ വർത്തമാന പത്രത്തിൽ ഏറ്റവും കുറഞ്ഞത് ഒരെണ്ണത്തിലും പ്രസിദ്ധീകരിക്കുവാൻ ഇടവരുത്താവുന്നതും ആണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ചരക്കുകളെ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം കൊടുക്കേണ്ടതായ എല്ലാ നിരക്കുകളും കൊടുത്തിട്ടുള്ള സംഗതിയിൽ, ആ ചരക്കുകൾ ബോർഡിന്റെ സൂക്ഷിപ്പിൽ വച്ച തീയതി മുതൽ രണ്ടു മാസങ്ങൾ അവസാനിക്കുന്നതുവരെ ഈ ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യലിനുള്ള യാതൊരു നോട്ടീസ് നൽകുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നോട്ടീസ് അങ്ങനെയുള്ള ചരക്കുകൾ കരയ്ക്കിറക്കിയ ജലയാനത്തിന്റെ ഏജന്റുകൾക്കും കൂടി നൽകാവുന്നതാണ്.

(3) അങ്ങനെയുള്ള ഉടമസ്ഥനോ വ്യക്തിയോ (1)-ാം ഉപവകുപ്പ് പ്രകാരം അദ്ദേഹത്തിന് നൽകിയതോ അല്ലെങ്കിൽ പ്രസിദ്ധീകരിച്ചതോ ആയ നോട്ടീസിലുള്ള അഭ്യർത്ഥന അനുസരിച്ചില്ലായെങ്കിൽ ബോർഡിന്, അങ്ങനെയുള്ള ചരക്കുകൾ അതിന്റെ സൂക്ഷിപ്പിൽ വച്ച തീയതി മുതലുള്ള രണ്ടു മാസം അവസാനിച്ചതിനുശേഷം ഏതു സമയത്തും പൊതുലേലം മുഖേന ആ ചരക്കുകൾ വിൽക്കാവുന്നതോ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് ബോർഡ് കരുതുന്ന അങ്ങനെയുള്ള സംഗതികളിൽ, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ 48-ാം വകുപ്പിലെ (2)-ഉം (3)-ഉം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള രീതിയിൽ വിൽപ്പനയുടെ നോട്ടീസ് നൽകിയതിനുശേഷം ബോർഡിന്റെ അഭിപ്രായത്തിൽ ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ചരക്കുകളോ അവയുടെ അത്രയും ഭാഗമോ ടെണ്ടർ മുഖേനയോ കരാർ മുഖേനയോ മറ്റേതെങ്കിലും രീതിയിലോ വിൽക്കാവുന്നതോ ആണ്.

(4) (1)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) ബോർഡിന് ജീവികളുടെയും നശിക്കുന്നതും അപകടമുണ്ടാക്കുന്നതുമായ ചരക്കുകളുടെയും സംഗതിയിൽ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു മാസക്കാലാവധിയോ, അതതു സംഗതിപോലെ, രണ്ടുമാസക്കാലാവധിയോ

അവസാനിച്ചിട്ടില്ലെങ്കിലും അങ്ങനെയുള്ള ചരക്കുകൾ നീക്കം ചെയ്യുന്നതിന്റെ നോട്ടീസ് നൽകാവുന്നതോ ബോർഡിന്റെ അഭിപ്രായത്തിൽ സംഗതിയുടെ അത്യാവശ്യം പരിഗണിച്ച് അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള കുറഞ്ഞ കാലാവധിക്കുള്ള വിൽപ്പന നോട്ടീസ് നൽകാവുന്നതാണ്.

(ബി) നിയന്ത്രിത ചരക്കുകൾ 48-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി വിൽക്കാവുന്നതാണ്.

(5) സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് അത് കരുതുന്നപക്ഷം, വിജ്ഞാപനംവഴി, ഏതെങ്കിലും, ചരക്കുകളോ ചരക്കുകളുടെ വിഭാഗങ്ങളെയോ ഈ വകുപ്പിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

50. <u>വിറ്റ് വരവിന്റെ വിനിയോഗം.</u>—(1) 1962-ലെ കസ്റ്റംസ് ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി 48-ാം വകുപ്പു പ്രകാരമോ 49-ാം വകുപ്പു പ്രകാരമോ ഉള്ള ഓരോ വിൽപ്പനയുടെയും വിറ്റുവരവ് താഴെപ്പറയുന്ന ക്രമത്തിൽ വിനിയോഗിക്കേണ്ടതാണ്;—

(എ) വിൽപ്പനയുടെ ചെലവുകൾ കൊടുക്കുന്നതിൽ;

(ബി) 46-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ലീനിന്റെ മുൻഗണനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ലീനുകളും അവകാശങ്ങളും അവയുടെ മുൻഗണനാ ക്രമപ്രകാരം കൊടുക്കുന്നതിൽ;

(സി) ചരക്കുകൾ കരയ്ക്കിറക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ സൂക്ഷിക്കുന്നതിനോ സംഭരണശാലയിൽ സംഭരിക്കുന്നതിനോ ഉള്ള നിരക്കുകളും ചെലവുകളും, അങ്ങനെയുള്ള ചരക്കുകൾ സംബന്ധിച്ച് കരയ്ക്കിറക്കിയ തീയതി മുതൽ നാലു മാസക്കാലാവധിക്ക് കൊടുക്കേണ്ടതായ പീനൽ ഡമറേജ് അല്ലാത്ത ഡമറേജ് ഉൾപ്പെടെ അതിനെ സംബന്ധിച്ച് ബോർഡിന് ചെല്ലേണ്ട മറ്റ് എല്ലാ ചാർജ്ജുകളും കൊടുക്കുന്നതിൽ;

(ഡി) ബോർഡിന് ചെല്ലേണ്ടതായ മറ്റേതെങ്കിലും തുക കൊടുക്കുന്നതിൽ.

(2) അധിക തുക ഏതെങ്കിലുമുണ്ടെങ്കിൽ, ചരക്കുകളുടെ ഏൽപ്പിച്ചു കൊടുക്കുന്ന ആളിനോ അയാളുടെ ഏജന്റിനോ ഇറക്കുമതിക്കാരനോ ഉടമസ്ഥനോ ചരക്കുകളുടെ വിൽപ്പന തീയതി മുതൽ ആറു മാസത്തിനുള്ളിൽ ഇതിനുവേണ്ടി അയാൾ സമർപ്പിച്ച ഒരു അപേക്ഷയിന്മേൽ നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം യാതൊരു അപേക്ഷയും സമർപ്പിച്ചിട്ടില്ലാത്തിടത്ത്, ബോർഡ് ഈ ആക്ടിന്റെ ആവശ്യത്തിനായി അധിക തുക വിനിയോഗിക്കേണ്ടതാണ്.

51. <u>ജലയാനത്തിന്റെ കണ്ടുകെട്ടൽ മുഖേന നിരക്കുകളും ചാർജ്ജുകളും വസൂലാക്കൽ.</u>—(1) ഈ ആക്റ്റ് പ്രകാരമോ അതിനനുസൃതമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റെഗുലേഷനുകളോ ഉത്തരവുകളോ പ്രകാരം ഏതെങ്കിലും ജലയാനത്തെ സംബന്ധിച്ച് നൽകേണ്ട ഏതെങ്കിലും നിരക്കുകളോ പിഴകളോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുവാൻ അതിന്റെ മാസ്റ്റർ വിസമ്മതിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നപക്ഷം ബോർഡിന് അങ്ങനെയുള്ള ജലയാനത്തെയും അതിന്റെ

കപ്പിയും ഉപകരണവും ഫർണിച്ചറുകളും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗവും ജപ്തി ചെയ്യുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യാവുന്നതും ബോർഡിന് അപ്രകാരം ചെല്ലേണ്ടതായ തുക ആ ജലയാനം ജപ്തിയിലോ തടഞ്ഞു വയ്ക്കലിലോ ആയിരിക്കുന്ന കാലയളവിൽ സിദ്ധിക്കാവുന്ന അങ്ങനെയുള്ള കൂടുതൽ തുക സഹിതം കൊടുക്കുന്നതുവരെ ആയത് തടഞ്ഞുനിർത്താവുന്നതും ആണ്.

(2) പ്രസ്തുത നിരക്കുകളുടെയോ പിഴയുടെയോ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ ആയതിന്റെ ജപ്തിയുടെയോ തടഞ്ഞുവയ്ക്കലിന്റെയോ സൂക്ഷിക്കുന്നതിന്റെയോ ചെലവോ അങ്ങനെ ചെയ്ത ഏതെങ്കിലും ജപ്തിക്കോ തടഞ്ഞുവയ്ക്കലിനോ ശേഷമുള്ള അടുത്ത അഞ്ച് പ്രവൃത്തി ദിവസ കാലയളവുവരെ നൽകാതിരിക്കുന്ന പക്ഷം, ബോർഡിന്, ആ ജലയാനത്തെയോ അപ്രകാരം ജപ്തി ചെയ്തതോ തടഞ്ഞുവച്ചതോ ആയ മറ്റ് സാധനമോ വില്പന നടത്തിക്കാവുന്നതും അങ്ങനെയുള്ള വില്പനയുടെ വിറ്റുവരവ് കൊണ്ട് കൊടുക്കുവാൻ ബാക്കിയുള്ള, അങ്ങനെയുള്ള നിരക്കുകളും പിഴകളും, ചെലവുകളും, വില്പന ചെലവ് ഉൾപ്പെടെ, ഈടാക്കാവുന്നതും അധിക തുക ഏതെങ്കിലും ഉണ്ടെങ്കിൽ അത്, ആവശ്യപ്പെടുന്ന പക്ഷം, അങ്ങനെയുള്ള ജലയാനത്തിന്റെ മാസ്റ്റർക്ക് നൽകേണ്ടതുമാണ്.

എന്നാൽ, വിൽപ്പനയ്ക്ക് മുൻപ് കക്ഷിക്ക് പത്ത് ദിവസത്തെ നോട്ടീസ് നൽകേണ്ടതാണ്.

52. നിരക്കുകളുടെ അടവ്, നഷ്ടപരിഹാരം ഈടാക്കൽ, മുതലായവയ്ക്ക് ശേഷം തുറമുഖ ക്ലിയറൻസ് നൽകൽ.—ബോർഡ്, തുറമുഖത്തുള്ള ഏതൊരു പോർട്ട് ക്ലിയറൻസ് നൽകുന്നത് കർത്തവ്യമായിരിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഉദ്യോഗസ്ഥന്,—

(i) ഈ ആക്റ്റ് പ്രകാരമോ അതിനനുസൃതമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റെഗുലേഷനുകളോ ഉത്തരവുകളോ പ്രകാരമോ അങ്ങനെയുള്ള ജലയാനത്തിനെതിരെ അല്ലെങ്കിൽ അതിനെ സംബന്ധിച്ച് അങ്ങനെയുള്ള ജലയാനത്തിന്റെ ഉടമസ്ഥനോ മാസ്റ്ററോ അല്ലെങ്കിൽ അങ്ങനെയുള്ള ജലയാനത്തിൽ കയറ്റിയിട്ടുള്ള ഏതെങ്കിലും ചരക്കുകൾക്ക് എതിരായി അത് സംബന്ധിച്ച് നൽകപ്പെടേണ്ട നിരക്കുകളോ ഫൈനുകളോ പിഴകളോ ചെലവുകളോ സംബന്ധിച്ച് അതിൽ വിനിർദ്ദേശിച്ചിട്ടുള്ള തുക ചുമത്തേണ്ടതാണെന്നും, അല്ലെങ്കിൽ

(ii) ൯൬-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നാശനഷ്ടം സംബന്ധിച്ച് അതിൽ വിനിർദേശിച്ചിട്ടുള്ള ചെല്ലേണ്ടതായ ഒരു തുകയും അങ്ങനെയുള്ള തുക ആ വകുപ്പ് പ്രകാരം അതിന്റെ വസൂലാക്കലിനുവേണ്ടി ഒരു മജിസ്ട്രേറ്റിന്റെ മുമ്പാകെയുള്ള നടപടികളുടെ ചെലവ് സഹിതം വസൂലാക്കപ്പെടുകയും ചെയ്തിട്ടില്ല എന്ന് ഒരു നോട്ടീസ് നൽകിയാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, അതതു സംഗതിപോലെ, ചാർജ് ചെയ്യപ്പെടേണ്ടതോ ചെല്ലേണ്ടതായതോ ആയ തുക കൊടുത്തു തീർക്കപ്പെടുകയും നഷ്ടപരിഹാരവും ചെലവും വസൂലാക്കപ്പെടുകയും ചെയ്യുന്നതുവരെ അങ്ങനെയുള്ള പോർട്ട് ക്ലിയറൻസ് നൽകുവാൻ പാടില്ലാത്തതാണ്.

എന്നാൽ, കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ച് ഒരു പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് പുറപ്പെടുവിച്ചശേഷം കേന്ദ്രസർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥനെയും ഈ വകുപ്പ് പ്രകാരം പ്രവർത്തിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണ്.

## അദ്ധ്യായം VIII

## കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം

53. വായ്പകൾ സ്വരൂപിക്കുന്നതിനുള്ള അധികാരം.—(1) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വേണ്ടി സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും ഉപാധികളിലും മേൽ വായ്പകൾ സ്വരൂപിക്കാവുന്നതാണ്.

(2) ബോർഡിന്, അത് പുറപ്പെടുവിച്ച സെക്യൂരിറ്റികളിൻമേൽ പൊതു വിപണിയിൽ നിന്ന് വായ്പകൾ സ്വരൂപിക്കാവുന്നതോ സർക്കാരിൽ നിന്നോ സർക്കാർ അംഗീകരിച്ച ഒരു ബാങ്കിലോ നിന്നോ വായ്പകൾ ലഭ്യമാക്കാവുന്നതോ ആണ്.

54. സെക്യൂരിറ്റികൾ.—(1) ബോർഡിന്, സർക്കാരിന്റെ അനുമതിയോടുകൂടി, ബോർഡ് പുറപ്പെടുവിക്കേണ്ട ബോർഡിന്റെ സെക്യൂരിറ്റികളുടെ മാതൃകയും രീതിയും അവ കൈമാറ്റം ചെയ്യപ്പെടാവുന്നതിന് വിധേയമാക്കാവുന്ന ഉപാധികളും റെഗുലേഷനുകൾ വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും രൂപത്തിലുള്ള ഏതെങ്കിലും സെക്യൂരിറ്റിയുടെ കൈവശക്കാരന് അതിനുപകരമായി ബോർഡ്, അതത് സമയം, തീരുമാനിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേൽ, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെട്ട മറ്റൊരു മാതൃകയിലുള്ള ഒരു സെക്യൂരിറ്റി നേടിയെടുക്കാവുന്നതാണ്.

(3) സെക്യൂരിറ്റികൾ മുഖേന ലഭ്യമാക്കിയ പണം സംബന്ധിച്ച് വ്യവഹാരപ്പെടാനുള്ള അവകാശം, തീയതിയുടെ മുൻഗണന സംബന്ധിച്ച മുൻഗണന കൂടാതെ, തത്സമയം അവയുടെ കൈവശമുള്ള ആൾക്ക് വിനിയോഗിക്കാവുന്നതാണ്.

55. സെക്യൂരിറ്റിയിൽ മേലൊപ്പ് വെയ്ക്കൽ.—മേലൊപ്പ് മുഖേന കൈമാറ്റം ചെയ്യാവുന്ന ബോർഡിന്റെ ഒരു സെക്യൂരിറ്റിയുടെ മേലൊപ്പിന്, 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റി (1881-ലെ 26-ാം കേന്ദ്ര ആക്റ്റ്)-ലെ 15-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അങ്ങനെയുള്ള സെക്യൂരിറ്റി എഴുതിക്കൊടുക്കുന്ന ആളോ കൈവശക്കാരനോ അത് ഒപ്പ് വയ്ക്കുമ്പോൾ, സാധുത ഉണ്ടായിരിക്കുന്നതാണ്.

56. സെക്യൂരിറ്റിയിൽ മേലൊപ്പ് വെയ്ക്കുന്ന ആളിന്റെ ബാദ്ധ്യത.—ഒരാൾ, ഏതെങ്കിലും ബോർഡ് സെക്യൂരിറ്റിയിൽ അയാൾ മേലൊപ്പ് വെച്ചു എന്ന കാരണത്താൽ, അതിൻകീഴിൽ മുതലായോ പലിശയായോ ആയി അടയ്ക്കേണ്ടതായ ഏതൊരു പണവും 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (1881-ലെ 26-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്ക് അനുസൃതമായി ബാധ്യത ഒഴിവാക്കുകയോ സോപാധികമാക്കുകയോ ചെയ്യാത്ത പക്ഷം, ഒടുക്കാൻ ബാധ്യസ്ഥമാകുന്നതാണ്.

57. സെക്യൂരിറ്റിയിൻമേൽ ഒപ്പ് പതിക്കൽ.—(1) ബോർഡിന് വേണ്ടി സെക്യൂരിറ്റികളിൽ ഒപ്പ് വയ്ക്കുവാൻ അധികാരപ്പെടുത്തപ്പെട്ട ആളിന്റെ ഒപ്പ്, ബോർഡ് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള യാന്ത്രിക പ്രക്രിയ മുഖേന അച്ചടിക്കുകയോ മുദ്രണം ചെയ്യുകയോ ആലേഖനം ചെയ്യുകയോ അടയാളം പതിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(2) അപ്രകാരം അച്ചടിച്ചതോ മുദ്രണം ചെയ്തതോ ആലേഖനം ചെയ്തതോ അടയാളം പതിപ്പിച്ചതോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഉള്ള ഒരൊപ്പ്, അപ്രകാരം അധികാരപ്പെടുത്തിയ ആളിന്റെ ശരിയായ കയ്യക്ഷരത്തിൽ ആലേഖനം ചെയ്താലെന്നതുപോലെ സാധുതയുണ്ടായിരിക്കുന്നതാണ്.

58. ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റി നൽകൽ.—(1) ഏതെങ്കിലും സെക്യൂരിറ്റി പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടതായോ കളവ് പോയതായോ നശിച്ചു പോയതായോ ആരോപിക്കപ്പെടുകയും അത് നഷ്ടപ്പെടുകയും കളവ് പോവുകയും നശിക്കുകയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ അത് കിട്ടേണ്ടതായ ആളെന്ന് ഒരാൾ അവകാശപ്പെടുകയും ചെയ്യുമ്പോൾ, അയാൾ ബോർഡിലേക്കുള്ള അപേക്ഷയിൻമേലും നഷ്ടപ്പെട്ടതിനോ കളവ് പോയതിനോ നശിച്ചുപോയതിനോ ഉള്ള അതിന് ബോദ്ധ്യപ്പെടുന്ന തെളിവും ഹാജരാക്കുന്നതിൻമേലും അവകാശവാദത്തിന്റെ ന്യായീകരണത്തിൻമേലും റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് എതെങ്കിലുമുണ്ടെങ്കിൽ, അത് ഒടുക്കിയതിൻമേലും ബോർഡിൽ നിന്നും,—

(എ) അപേക്ഷകന് നൽകേണ്ടതായ സെക്യൂരിറ്റി നൽകുന്നതിനും; കൂടാതെ

(ബി) നഷ്ടപ്പെട്ടതോ കളവു പോയതോ നശിച്ചുപോയതോ ആയി പറയപ്പെടുന്ന സെക്യൂരിറ്റിയെ സംബന്ധിച്ച പലിശ ഒരു ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റി നൽകുന്നത് നിലവിലിരിക്കെ കൊടുക്കുന്നതിനും,

വേണ്ടിയുള്ള ഒരു ഉത്തരവ് വാങ്ങാവുന്നതാണ്.

(2) നഷ്ടപ്പെട്ടതിന്റെയും കളവ് പോയതിന്റെയും നശിച്ചുപോയതിന്റെയും വിജ്ഞാപനം ബോർഡ് റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പുറപ്പെടുവിച്ച് കഴിയുന്നതുവരെ, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവ് പാസ്സാക്കാൻ പാടില്ലാത്തതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പാസ്സാക്കുന്ന ഒരു ഉത്തരവിനെ സംബന്ധിച്ചുള്ള സെക്യൂരിറ്റികളുടെ ഒരു ലിസ്റ്റ്, ബോർഡ് റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) മുഴുവനായി നഷ്ടപ്പെട്ടുവെന്നോ കളവ് പോയിട്ടുണ്ടെന്നോ നശിച്ചിട്ടുണ്ടെന്നോ ആരോപിക്കപ്പെടുന്ന ഏതെങ്കിലും സെക്യൂരിറ്റിയെ സംബന്ധിച്ച ബാദ്ധ്യതയിൽനിന്നും ബോർഡ്, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വിമുക്തമാക്കപ്പെടുന്നതിന് മുമ്പ് ഏതെങ്കിലും സമയത്ത് അങ്ങനെയുള്ള സെക്യൂരിറ്റി കണ്ടെത്തപ്പെടുകയാണെങ്കിൽ, അതിനെ സംബന്ധിച്ച് പാസ്സാക്കിയ ഏതൊരു ഉത്തരവും ഈ വകുപ്പ് പ്രകാരം റദ്ദാക്കേണ്ടതാണ്.

59. സെക്യൂരിറ്റികളുടെ പരിവർത്തനം.—(1) ബോർഡിന്, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, അത് നൽകിയിട്ടുള്ള സെക്യൂരിറ്റിക്കോ സെക്യൂരിറ്റികൾക്കോ അർഹതപ്പെട്ടതെന്ന് അവകാശപ്പെടുന്ന ഒരു ആളുടെ അപേക്ഷയിൻമേൽ, ആ അവകാശവാദത്തിന്റെ സത്യാവസ്ഥ ബോദ്ധ്യപ്പെടുന്നതിൻമേലും റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രസീത് നൽകപ്പെട്ട സെക്യൂരിറ്റിയുടെയോ സെക്യൂരിറ്റികളുടെയോ ഏൽപ്പിക്കലിൻമേലും അങ്ങനെയുള്ള ഫീസ് ഏതെങ്കിലും ഉണ്ടെങ്കിൽ നൽകുന്നതിൻമേലും ആ സെക്യൂരിറ്റിയെയോ സെക്യൂരിറ്റികളെയോ പരിവർത്തനം ചെയ്യുകയോ സമാഹൃതമാക്കുകയോ ഉപവിഭജനം നടത്തുകയോ ചെയ്യാവുന്നതും അതനുസരിച്ച് അപേക്ഷകന് ഒരു പുതിയ സെക്യൂരിറ്റിയോ സെക്യൂരിറ്റികളോ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പരിവർത്തനപ്പെടുത്തലോ, സമാഹൃതമാക്കലോ, ഉപവിഭജനമോ ഒരു പോലുള്ളതോ വ്യത്യസ്തമായതോ ആയ വായ്പകളുടെ അല്ലെങ്കിൽ ഒരുപോലുള്ളതോ വ്യത്യസ്തമായതോ ആയ വിഭാഗങ്ങളിലെ ഒരു സെക്യൂരിറ്റിയായോ സെക്യൂരിറ്റികളായോ ആകാവുന്നതാണ്.

60. ചില സംഗതികളിൽ വിമുക്തമാക്കൽ.—1963-ലെ ലിമിറ്റേഷൻ ആക്റ്റിൽ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) എന്തു തന്നെ അടങ്ങിയിരുന്നാലും,—

(i) ഒരു സെക്യൂരിറ്റിയിൻമേൽ കൊടുക്കേണ്ട തുക കൊടുക്കേണ്ടതായ തീയതിയിലോ അതിനുശേഷമോ കൊടുക്കുന്നതിൻമേലും; അല്ലെങ്കിൽ

(ii) 58-ാം വകുപ്പ് പ്രകാരം ഒരു ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റി നൽകിയിട്ടുള്ളപ്പോൾ, അല്ലെങ്കിൽ

(iii) 59-ാം വകുപ്പ് പ്രകാരം പരിവർത്തനത്തിൻമേലോ സമാഹൃതപ്പെടുത്തലിൻമേലോ ഉപവിഭജനം നടത്തിയതിൻമേലോ ഒരു പുതിയ സെക്യൂരിറ്റി അല്ലെങ്കിൽ സെക്യൂരിറ്റികൾ നൽകിയിട്ടുള്ളപ്പോൾ,

അപ്രകാരം പണം കൊടുക്കപ്പെട്ടതോ അതിന്റെ സ്ഥാനത്ത് ഒരു ഡ്യൂപ്ലിക്കേറ്റ് അല്ലെങ്കിൽ പുതിയ സെക്യൂരിറ്റി അല്ലെങ്കിൽ സെക്യൂരിറ്റികൾ നൽകപ്പെട്ടിട്ടുള്ളതോ ആയ സെക്യൂരിറ്റിയെയോ സെക്യൂരിറ്റികളെയോ സംബന്ധിച്ച്,—

(എ) പണം കൊടുത്ത സംഗതിയിൽ, പണം കൊടുക്കേണ്ടതായി വന്ന തീയതി മുതൽ ആറ് വർഷം കഴിഞ്ഞതിനുശേഷം;

(ബി) ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റിയുടെ സംഗതിയിൽ, സെക്യൂരിറ്റി ആദ്യമായി പ്രതിപാദിക്കുന്ന ലിസ്റ്റിന്റെ 58-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രസിദ്ധീകരണ തീയതിമുതൽ, അല്ലെങ്കിൽ അസ്സൽ സെക്യൂരിറ്റിയിൻമേൽ പണമോ പലിശയോ അവസാനമായി നൽകുന്ന തീയതി, അതിൽ ഏതാണോ അവസാനം വരുന്നത് അന്നു മുതൽ ആറു വർഷങ്ങൾ കഴിഞ്ഞതിനുശേഷം;

(സി) പരിവർത്തനത്തിൻമേലോ സമാഹൃതപ്പെടുത്തലിൻമേലോ ഉപവിഭജനം നടത്തിയതിൻമേലോ നൽകപ്പെട്ട പുതിയ സെക്യൂരിറ്റിയുടെ സംഗതിയിൽ, അവ നൽകിയ തീയതി മുതൽ ആറു വർഷം കഴിഞ്ഞതിനുശേഷം,— എല്ലാ ബാദ്ധ്യതകളിൽ നിന്നും ബോർഡ് വിമുക്തമാക്കപ്പെടേണ്ടതാണ്.

61. ബോർഡ് എടുത്ത വായ്പകൾക്കുള്ള സെക്യൂരിറ്റി.—ഈ ആക്റ്റ് പ്രകാരം ബോർഡ് സ്വരൂപിക്കുന്ന എല്ലാ വായ്പകളുടെയും ആദ്യ ചാർജ്ജ്,—

(1) (i) ഏതെങ്കിലും വായ്പ കൊടുത്തു തീർക്കുന്നതിനോ അതിന്റെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനോ ഉള്ള ആവശ്യത്തിനുവേണ്ടി ഋണമോചന നിധിയായി ബോർഡ് മാറ്റി വച്ചിട്ടുള്ള ഏതെങ്കിലും തുക; അല്ലെങ്കിൽ

(ii) ബോർഡ് സ്ഥാപിച്ചിട്ടുള്ള പ്രോവിഡന്റ് ഫണ്ടോ പെൻഷൻ ഫണ്ടോ; അല്ലാത്ത ബോർഡിൽ നിക്ഷിപ്തമായതും വായ്പകൾ നിലവിലുള്ള വേളയിൽ ഇതിനുശേഷം ബോർഡിൽ നിക്ഷിപ്തമാകുന്നതോ ആയ വസ്തുവിലും;

(2) ഈ ആക്റ്റ് പ്രകാരം ബോർഡിന് ചുമത്താവുന്ന നിരക്കുകളുടെയും, മേൽ ആയിരിക്കുന്നതാണ്.

62. ബോർഡിന് നൽകിയ വായ്പകളെ സംബന്ധിച്ച് സർക്കാരിനുള്ള പരിഹാരങ്ങൾ.—സർക്കാരിന്, അത് ബോർഡിന് നൽകിയ വായ്പകളെ സംബന്ധിച്ച് ബോർഡ് നൽകിയിട്ടുള്ള സെക്യൂരിറ്റികളുടെ കൈവശക്കാർക്കുള്ള അതേ പ്രതിവിധികൾ ഉണ്ടായിരിക്കുന്നതും, സർക്കാരിന് അങ്ങനെയുള്ള വായ്പകളെ സംബന്ധിച്ച് അങ്ങനെയുള്ള സെക്യൂരിറ്റികളുടെ കൈവശക്കാരെക്കാൾ ഏതെങ്കിലും മുൻഗണന അല്ലെങ്കിൽ കൂടുതൽ അവകാശങ്ങൾ ഉണ്ടെന്ന് കരുതപ്പെടാൻ പാടില്ലാത്തതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വായ്പയുടെ, നിശ്ചിത ദിവസത്തിനുമുമ്പ് ഉണ്ടാക്കിയ നിബന്ധനകൾ, ബോർഡ് തിരിച്ചടയ്ക്കുന്ന കാര്യത്തിൽ ആ വായ്പയ്ക്ക് മറ്റ് എല്ലാ വായ്പകളിൻമേൽ മുൻഗണനയുണ്ടായിരിക്കുന്നതാണെന്ന് പ്രകടമായി വ്യവസ്ഥ ചെയ്യുമ്പോൾ, അങ്ങനെയുള്ള വായ്പയ്ക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്.

63. തിരിച്ചടയ്ക്കേണ്ട തീയതിക്കുമുൻപ് വായ്പ തിരിച്ചടയ്ക്കാനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അതിന്റെ കൈവശം വന്നുചേരാവുന്നതും സെക്യൂരിറ്റിയുടെ മറ്റ് കൈവശക്കാരുടെ സുരക്ഷയ്ക്ക് ഭംഗം വരാതെ വിനിയോഗിക്കാൻ കഴിയുന്നതുമായ തുകകളിൽ നിന്നും ഏതെങ്കിലും തുക, തിരിച്ചടയ്ക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമയം എത്തിയിട്ടില്ലെങ്കിൽപ്പോലും ഏതെങ്കിലും വായ്പയുടെ മുതലിനെ സംബന്ധിച്ച് സർക്കാരിന് നൽകേണ്ടതായ തുക തിരിച്ചടയ്ക്കുന്നതിന് വേണ്ടി വിനിയോഗിക്കാവുന്നതാണ്:

എന്നാൽ പതിനായിരം രൂപയിൽ കുറഞ്ഞ ഏതൊരു തുകയിൽ നിന്നും അങ്ങനെയുള്ള ഒരു തിരിച്ചടവും നടത്താൻ പാടില്ലാത്തതും; അങ്ങനെയുള്ള തിരിച്ചടവ് നടത്തുകയാണെങ്കിൽ തുടർന്നുവരുന്ന ഓരോ തവണയിലെയും പലിശയ്ക്കും ബാക്കി നിൽക്കുന്ന മുതലിൻമേൽ അടയ്ക്കേണ്ട പലിശതുകയെ കൃത്യമായി പ്രതിനിധാനം ചെയ്യുന്ന രീതിയിൽ വകവയ്ക്കേണ്ടതാണ്.

64. ഋണബാദ്ധ്യതാനിധി സ്ഥാപിക്കൽ.—(1) വായ്പയുടെ തീയതി മുതൽ ഒരു വർഷം അവസാനിക്കുന്നതിനുമുമ്പ് തിരിച്ചടയ്ക്കേണ്ടതല്ലാത്ത, ഈ ആക്റ്റ് പ്രകാരം ബോർഡ് സ്വരൂപിച്ച ഒരു വായ്പയെ സംബന്ധിച്ച്, സർക്കാർ, ലിഖിതമായ ഒരു ഉത്തരവ് മുഖേന അപ്രകാരം നിർദ്ദേശിക്കുകയാണെങ്കിൽ, ബോർഡ് ഏതൊരു സംഗതിയിലും സർക്കാരിന്റെ മുൻകൂട്ടിയുള്ള സമ്മതം നേടിയിട്ടില്ലാത്ത പക്ഷം, ഇരുപത്തിയഞ്ച് വർഷത്തിൽ കവിയാത്ത, എന്നാൽ ഏതൊരു സംഗതിയിലും ഏറ്റവും കൂടിയ കാലാവധി നാൽപ്പത് വർഷത്തിൽ കവിയാത്തതുമായ ഒരു കാലാവധിക്കുള്ളിൽ, ആ വായ്പ അടച്ചു തീർക്കുവാൻ മതിയായ ഒരു തുക അതിന്റെ വരുമാനത്തിൽ അർദ്ധവാർഷികമായി ഒരു ഋണമോചന നിധിയായി മാറ്റി വയ്ക്കേണ്ടതാണ്:

എന്നാൽ, കേന്ദ്ര സർക്കാരിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിലോ നിന്ന് ബോർഡ് എടുത്തിട്ടുള്ള വായ്പകളുടെ സംഗതിയിൽ, ഒരു ഋണമോചന നിധി, ആയതിലേക്കുള്ള ഏതെങ്കിലും നിബന്ധനയുടെ അഭാവത്തിൽ സ്ഥാപിക്കേണ്ട ആവശ്യമില്ല.

(2) ഈ ആക്റ്റ് പ്രകാരം ബോർഡ് അതിന് ബാദ്ധ്യസ്ഥമാകുന്ന, ഏതെങ്കിലും അധികാരസ്ഥാനം സ്വരൂപിച്ചിട്ടുള്ള ഒരു വായ്പയെ സംബന്ധിച്ച് നിശ്ചിത ദിവസത്തിന് മുമ്പ് ആ അധികാരസ്ഥാനം ഏതെങ്കിലും ഋണമോചന നിധി സ്ഥാപിച്ചിട്ടുള്ളിടത്ത് ആ അധികാരസ്ഥാനം അപ്രകാരം സ്ഥാപിച്ച ഋണമോചന നിധി ബോർഡിനാൽ ഈ വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

65. ഋണമോചന നിധിയുടെ നിക്ഷേപവും വിനിയോഗവും.—(1) 64-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡ് അപ്രകാരം മാറ്റിവച്ചിട്ടുള്ള തുകകളും ആ വകുപ്പിലെ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഋണമോചന നിധിയുടെ ഭാഗമാകുന്ന തുകകളും പൊതുസെക്യൂരിറ്റികളിലോ ഇതിനുവേണ്ടി സർക്കാർ അംഗീകരിക്കാവുന്ന അങ്ങനെയുള്ള മറ്റ് സെക്യൂരിറ്റികളിലോ നിക്ഷേപിക്കേണ്ടതും ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി ബോർഡ് ട്രസ്റ്റിൽ കൈവശം വയ്ക്കേണ്ടതുമാണ്.

(2) ബോർഡിന്, ഏതെങ്കിലും ഋണമോചന നിധിയിൽ ഈട്ടം കൂടിയ തുകകൾ മൊത്തമായോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതു തുകകളുടെ തിരിച്ചടവിന് വേണ്ടിയാണോ ആ നിധി സ്ഥാപിച്ചിട്ടുള്ളിടത്ത് അവ അടച്ചു തീർക്കുന്നതിലോ അതിലേക്കോ വിനിയോഗിക്കാവുന്നതാണ്.

എന്നാൽ, ഋണമോചന നിധിയോ അപ്രകാരം വിനിയോഗിച്ച ഋണമോചന നിധിയുടെ ഭാഗമോ ഉൽപ്പാദിപ്പിച്ചേക്കാവുന്ന പലിശയ്ക്ക് തുല്യമായ ഒരു തുക, കടം വാങ്ങിയ മുഴുവൻ തുകയും അടച്ചുതീർക്കുന്നതുവരെ, ഓരോ വർഷവും ആ നിധിയിലേക്ക് അടയ്ക്കുകയും ഈട്ടം കൂടേണ്ടതുമാണ്.

66. ഋണമോചന നിധിയുടെ വാർഷിക പരിശോധന.—(1) ഏതെങ്കിലും വായ്പ കടം വീട്ടുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഒരു ഋണമോചന നിധി, സർക്കാർ, ഇതിന് വേണ്ടി നിയമിക്കാവുന്ന അങ്ങനെയുള്ള ആളാലുള്ള വാർഷിക പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതും അപ്രകാരം നിയമിക്കപ്പെടുന്ന ആളുകൾ നിധിയുടെ വരവിലുള്ള സെക്യൂരിറ്റികളുടെ പണമൂല്യവും നടപ്പ് വിപണിമൂല്യവും നിക്ഷേപം പതിവായി നടത്തുകയും യഥാർത്ഥമായി കണക്കാക്കിയ പ്രകാരമുള്ള പലിശനിരക്ക്

അതിൻമേൽ ലഭിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈട്ടം കൂടിയിരിക്കുമായിരുന്ന തുകയ്ക്ക് യഥാർത്ഥത്തിൽ തുല്യമാണോ എന്ന് തീർച്ചപ്പെടുത്തേണ്ടതുമാണ്.

(2) ബോർഡ്, സർക്കാർ, പ്രത്യേകമായി ക്രമേണയുള്ള ഒരു പുനഃക്രമീകരണത്തിന് അനുമതി നൽകാത്തപക്ഷം, നിധിയുടെ വാർഷിക പരിശോധന നടത്തുവാൻ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ആൾ കുറവെന്ന് സാക്ഷ്യപ്പെടുത്താവുന്ന ഏതെങ്കിലും തുക, ഉടൻതന്നെ ഋണമോചന നിധിയിലേക്ക് നൽകേണ്ടതാണ്.

(3) ഒരു ഋണമോചന നിധിയുടെ വരവിലുള്ള സെക്യൂരിറ്റികളുടെ പണമൂല്യവും നടപ്പ് വിപണിമൂല്യവും അതിന്റെ വരവിൽ ഉണ്ടായിരിക്കേണ്ട തുകയിലും കൂടുതലാണെങ്കിൽ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ആൾ കൂടുതലുള്ള തുക സാക്ഷ്യപ്പെടുത്തേണ്ടതും, ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, 64-ാം വകുപ്പിൻകീഴിൽ ആവശ്യപ്പെട്ടിട്ടുള്ള ഋണമോചന നിധിയിലേക്കുള്ള അർദ്ധവാർഷിക അംശദായങ്ങൾ കുറയ്ക്കുകയോ നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്.

67. താൽക്കാലിക വായ്പയോ ഓവർഡ്രാഫ്റ്റുകളോ എടുക്കാനുള്ള ബോർഡിന്റെ അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ബോർഡിന്,—

(i) ബോർഡ് അതിന്റെ കരുതൽ നിധികളിൽ കൈവശം വയ്ക്കുന്ന സെക്യൂരിറ്റികളോ ബോർഡിന് ബാങ്കുകളിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ സെക്യൂരിറ്റിയിൻമേലോ വച്ചുകൊണ്ട് താൽക്കാലിക ഓവർഡ്രാഫ്റ്റോ മറ്റ് വിധത്തിലോ ഉള്ള മാർഗ്ഗം തുകകൾ കടം വാങ്ങാവുന്നതാണ്;

(ii) സർക്കാരിന്റെ മുൻകൂർ അനുവാദം ഇല്ലാതെ തന്നെ അതിന്റെ നിലവിലുള്ള ആസ്തികൾ ഈടു നൽകിയോ പണയപ്പെടുത്തിയോ അത്തരം ബാങ്കുകളിൽ നിന്നും മുൻകൂർ തുകകൾ കരസ്ഥമാക്കാവുന്നതാണ്:

എന്നാൽ, അത്തരം താൽക്കാലിക ഓവർഡ്രാഫ്റ്റുകളോ മറ്റു വായ്പകളോ,—

(എ) ഏതു സമയത്തും ആറ് മാസത്തിൽ കൂടുതൽ കാലം നിലനിൽക്കാൻ പാടില്ലാത്തതും; കൂടാതെ

(ബി) ഏതെങ്കിലും വർഷത്തിൽ, ഏതൊരു സമയത്തും, അങ്ങനെയുള്ള ഓവർഡ്രാഫ്റ്റുകളുടെയോ മറ്റ് വായ്പകളുടെയോ തുക ഇതിനുവേണ്ടി സർക്കാർ നിശ്ചയിക്കാവുന്ന പത്ത് ലക്ഷം രൂപയിൽ കവിയാത്ത അങ്ങനെയുള്ള തുകയിൽ കവിയുകയാണെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ എടുക്കുവാൻ പാടില്ലാത്തതും ആണ്:

എന്നിരുന്നാലും ഓവർഡ്രാഫ്റ്റ് മുഖേനയോ മറ്റു വിധത്തിലോ അപ്രകാരം കടം വാങ്ങിയ എല്ലാ തുകകളും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി ചെലവാക്കേണ്ടതാണ്.

68. ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആന്റ് ഡെവലപ്മെന്റിൽ നിന്നോ മറ്റു വിദേശ സ്ഥാപനങ്ങളിൽ നിന്നോ പണം കടം വാങ്ങുവാനുള്ള ബോർഡിന്റെ അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ, ഇതിനുവേണ്ടി തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് വിധേയമായി, ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും സർക്കാർ അംഗീകരിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആന്റ് ഡെവലപ്മെന്റിൽ നിന്നോ ഇന്ത്യയ്ക്കു പുറത്തുള്ള ഏതെങ്കിലും രാജ്യത്തെ മറ്റേതെങ്കിലും ബാങ്കിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഏതൊരു കറൻസിയിലും കറൻസികളിലും വായ്പകൾ സ്വരൂപിക്കാവുന്നതും ഈ അദ്ധ്യായത്തിലെ മറ്റേതൊരു വ്യവസ്ഥയും അങ്ങനെയുള്ള ഏതെങ്കിലും വായ്പയോ അതിനെ സംബന്ധിച്ചോ, സർക്കാരോ മറ്റുവിധത്തിലോ വായ്പയുടെ നിബന്ധനകളും ഉപാധികളും അല്ലെങ്കിൽ അതിന്റെ അംഗീകാരമോ അപ്രകാരം നൽകിയിട്ടില്ലാത്തപക്ഷം ബാധകമാകുന്നതല്ല.

## അദ്ധ്യായം IX

## വരവും ചെലവും

69. ബോർഡിന്റെ പൊതുനിധി.—ബോർഡിന് പൊതുനിധി എന്നു വിളിക്കുന്ന ഒരു നിധി സ്വന്തമായുണ്ടായിരിക്കേണ്ടതും പരിപാലിക്കേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, ബോർഡോ ബോർഡിനുവേണ്ടിയോ സ്വീകരിച്ചിട്ടുള്ള എല്ലാ തുകകളും, സർക്കാരിൽനിന്നുള്ള ഗ്രാന്റുകൾ, ധനസഹായങ്ങൾ, വായ്പകൾ, മുൻകൂർ പണങ്ങൾ എന്ന വഴിയിലും എല്ലാ തുറമുഖത്തിന്റെയും അവയുടെ പ്രധാനഭാഗങ്ങളുടെയും കൺസർവേറ്റർ എന്ന നിലയിലോ അല്ലെങ്കിൽ 1908-ലെ ഇന്ത്യൻ തുറമുഖ ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്)-ലെ 36-ാം വകുപ്പ് പ്രകാരം നിയമിച്ച നികായം എന്ന നിലയിലോ അത് സ്വീകരിച്ചിട്ടുള്ള എല്ലാ തുകകളും അതിലേക്ക് വരവ് വയ്ക്കേണ്ടതുമാണ്.

70. പൊതുനിധിയിലെ തുകയുടെ വിനിയോഗിക്കൽ.—(1) 69-ാം വകുപ്പ് പ്രകാരം പൊതുനിധിയിലേക്ക് വരവ് വച്ച തുക ബോർഡ് താഴെ പറയുന്ന ചാർജുകൾ നൽകുന്നതിന് വിനിയോഗിക്കേണ്ടതാണ്, അതായത്:—

(എ) ബോർഡ് സ്വരൂപിച്ചിരിക്കാവുന്നതോ ലഭ്യമാക്കിയിരിക്കാവുന്നതോ ബോർഡ് പണം അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥമാകാവുന്നതോ ആയ ഏതെങ്കിലും വായ്പയെ സംബന്ധിച്ച് അടയ്ക്കേണ്ടതായ മുതലിന്റെ പലിശയും തവണകളും അങ്ങനെയുള്ള വായ്പയ്ക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള ഋണമോചന നിധിയിലേക്ക് പണം കൊടുക്കലും;

(ബി) ബോർഡിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും കൊടുക്കേണ്ടതായ ശമ്പളമോ, ഫീസോ, വേതനമോ ബത്തയോ പെൻഷനോ ഗ്രാറ്റുവിറ്റിയോ സമാശ്വാസബത്തയോ മറ്റ് തുകകളോ;

(സി) കേന്ദ്രസർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ബോർഡിന് നൽകിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പെൻഷനും അവധി ബത്തയും നൽകുന്നതിന്റെ കണക്കിൽ അങ്ങനെയുള്ള സർക്കാരിന് കൊടുക്കേണ്ടതായ വിഹിതങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ;

(ഡി) ബോർഡ് സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും പ്രോവിഡന്റ് ഫണ്ടിന്റെയോ, ക്ഷേമനിധിയുടെയോ, വായ്പയുടെയോ പ്രത്യേക നിധിയുടെയോ നടത്തിപ്പിലും ഭരണ നിർവ്വഹണത്തിലും ബോർഡിന് വന്നുചേർന്നിട്ടുള്ള, ഏതെങ്കിലുമുണ്ടെങ്കിൽ, തുകയും ചെലവുകളും;

(ഇ) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റെഗുലേഷനുകളാൽ, (ഡി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും നിധിയിലേക്ക് നൽകാൻ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള വിഹിതങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ;

(എഫ്) തുറമുഖത്തിന്റെയും ഡോക്കുകളുടെയും ബോർഡിന്റെ സംഭരണശാലകളുടെയും മറ്റ് വസ്തുക്കളുടെയും സംരക്ഷണത്തിനുവേണ്ടി അതത് സംഗതിപോലെ, സർക്കാരോ, കേന്ദ്ര സർക്കാരോ മറ്റേതെങ്കിലും അധികാരസ്ഥാനമോ, സ്ഥാപിക്കാവുന്നതും പരിപാലിക്കാവുന്നതുമായ പോലീസ് സേനയുടേയോ കേന്ദ്ര വ്യവസായ സുരക്ഷാസേനയുടേയോ മറ്റേതെങ്കിലും സേനയുടേയോ വാച്ച് ആന്റ് വാർഡ് ചുമതലകളുമായി ബന്ധപ്പെട്ട ചെലവുകളിലേക്ക് ബോർഡ് നൽകേണ്ടതായ ഒരു ന്യായമായ വിഹിതമായി ബോർഡും സർക്കാരും അല്ലെങ്കിൽ കേന്ദ്രസർക്കാരും അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനവുമായി അതത് സമയം സമ്മതിക്കപ്പെടാവുന്ന അങ്ങനെയുള്ള തുകകൾ;

(ജി) ബോർഡിന്റെ സ്വന്തമായതോ ബോർഡിൽ നിക്ഷിപ്തമായതോ ആയ വസ്തുവിന്റെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവും ആയതിൻമേലുള്ള എല്ലാ ചാർജ്ജുകളും എല്ലാ പ്രവർത്തന ചെലവുകളും;

(എച്ച്) റവന്യൂവിലേക്ക് ചെലവ് ചാർജ് ചെയ്യുവാൻ ബോർഡ് തീരുമാനിക്കുന്ന 23-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും പുതിയ ജോലികളുടെയോ ഉപകരണത്തിന്റെയോ നടത്തിപ്പിന്റെയും ഏർപ്പാടിന്റെയും ചെലവ്;

(ഐ) 24-ാം വകുപ്പ് പ്രകാരം ഉണ്ടായിട്ടുള്ള ഏതെങ്കിലും ചെലവുകൾ;

(ജെ) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി പൊതുവായി ബോർഡിന് ഉണ്ടായേക്കാവുന്ന മറ്റേതെങ്കിലും ചെലവ്;

(കെ) ബോർഡിന്റെ അപേക്ഷയിൻമേലോ മറ്റ് വിധത്തിലോ സർക്കാർ പ്രത്യേകമായി അനുവദിക്കാവുന്നതോ ബോർഡ് നിയമപരമായി ബാദ്ധ്യസ്ഥമാകാവുന്നതോ ആയ മറ്റേതെങ്കിലും ചാർജ്;

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള രീതിയിലോ ആവശ്യങ്ങൾക്കോ ഉടനടി ഉപയോഗിക്കാൻ കഴിയാത്ത ബോർഡിന്റെ വരവിൽ നിലനിൽക്കുന്ന എല്ലാ തുകയും,—

(എ) ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ ട്രഷറി സേവിംഗ് ബാങ്കിലോ സർക്കാർ നിയന്ത്രിക്കുന്നതും മാനേജ് ചെയ്യുന്നതുമായ ധനകാര്യസ്ഥാപനത്തിലോ ബോർഡ് തീരുമാനിക്കാവുന്ന പ്രകാരം നിക്ഷേപിക്കേണ്ടതാണ്; അല്ലെങ്കിൽ

(ബി) ദേശസാൽകൃത ബാങ്കുകളിലെ ഏതെങ്കിലും പ്രത്യേക പദ്ധതിയിലോ ബോർഡ് തീരുമാനിച്ചേക്കാവുന്ന അങ്ങനെയുള്ള പബ്ലിക് സെക്യൂരിറ്റികളിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത സെക്യൂരിറ്റികൾ ഈ ആക്റ്റിലെ ആവശ്യങ്ങൾക്ക് വേണ്ടി ബോർഡിന്റെ വിശ്വാസത്തിൽ കൈവശം വയ്ക്കേണ്ടതുമാണ്.

71. പൊതുനിധിയിൽ നിന്നും നിർദ്ദിഷ്ട അക്കൗണ്ടിലേക്കും തിരിച്ചും തുക കൈമാറുന്നതിനുള്ള അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, പൊതുനിധിയിൽ വകവച്ചിട്ടുള്ള തുകകളിൽ നിന്നും ഏതെങ്കിലും തുക അങ്ങനെ പരിപാലിക്കുന്ന പൈലറ്റേജ് അക്കൗണ്ട് പോലുള്ള പ്രത്യേകമായതോ നിർദ്ദിഷ്ടമായ അക്കൗണ്ടിലേക്കോ ഉള്ള കമ്മി, ഏതെങ്കിലും ഉണ്ടെങ്കിൽ, നേരിടുന്നതിനോ വിനിയോഗിക്കാവുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള പ്രത്യേക അക്കൗണ്ടുകളിലുള്ള ഏതെങ്കിലും മിച്ച നിധി മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ ബോർഡിന്റെ പൊതുനിധിയിലേക്ക് കൈമാറ്റം ചെയ്യാവുന്നതുമാണ്.

72. കരുതൽ ഫണ്ടുകൾ സ്ഥാപിക്കൽ.—ബോർഡിന്, തുറമുഖങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനോ പുതിയ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനോ ഉള്ള ആവശ്യത്തിന് വേണ്ടിയോ റവന്യൂവിലെ ഏതെങ്കിലും താൽക്കാലിക കുറവിനോ പെട്ടെന്നുള്ള കാരണത്താൽ ഉണ്ടാവുന്ന ചെലവിന്റെ വർദ്ധനവിനോ തീ പിടിത്തത്തിലോ ചുഴലിക്കാറ്റിലോ കപ്പൽച്ചേതങ്ങളിലോ മറ്റ് അപകടത്തിലോ ഉണ്ടാകുന്ന നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള ചെലവ് വഹിക്കുന്നതിനോ പകരം വയ്ക്കുന്നതിന്റെ ആവശ്യത്തിനോ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ജോലികളുടെ സാധാരണ നടത്തിപ്പിൽ ഉണ്ടാകുന്ന മറ്റേതെങ്കിലും അത്യാവശ്യത്തിന് വേണ്ടിയോ അതിന്റെ വരുമാനമിച്ചത്തിൽ നിന്നും അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള തുകകൾ ഒരു കരുതൽ നിധിയായോ നിധികളായോ അതത് സമയം മാറ്റി വയ്ക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും കരുതൽ നിധിയായോ നിധികളായോ വാർഷികമായി മാറ്റിവയ്ക്കപ്പെടുന്ന തുക അതിന്റെ ആകെത്തുകയായുള്ളത് ഏതൊരു സമയത്തും, സർക്കാർ, അതത് സമയം നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള തുകയിൽ കവിയാൻ പാടില്ലാത്തതാണ്.

73. <u>മാരിടൈം ബോർഡ് സെക്യൂരിറ്റികൾ ബോർഡിന്റെ സ്വന്തം നിക്ഷേപങ്ങൾക്കായി കരുതിവയ്ക്കുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റ് പ്രകാരം ബോർഡിന് നിക്ഷേപം നടത്തുവാൻ അധികാരപ്പെട്ട ഏതെങ്കിലും നിക്ഷേപത്തിന്റെ ആവശ്യത്തിനായി സർക്കാരിന്റെ സമ്മതം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും വായ്പയ്ക്ക് വേണ്ടി അത് പുറപ്പെടുവിക്കാവുന്ന ഏതെങ്കിലും സെക്യൂരിറ്റികളെ കരുതി വയ്ക്കുന്നതും മാറ്റിവയ്ക്കുന്നതും ബോർഡിന് നിയമപരമായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള സെക്യൂരിറ്റികൾ അപ്രകാരം കരുതി വയ്ക്കുവാനും മാറ്റി വയ്ക്കുവാനുമുള്ള ഉദ്ദേശം വായ്പ നൽകുന്നതിനുള്ള ഒരു ഉപാധിയായി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കേണ്ടതാണ്.

(2) ബോർഡ് നേരിട്ടും, ബോർഡിന്റെ പേരിലും പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള സെക്യൂരിറ്റികൾ അങ്ങനെയുള്ള സെക്യൂരിറ്റികളെ ഇല്ലാതാക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതല്ല. എന്നാൽ, അപ്രകാരം നൽകുന്ന ഓരോ സെക്യൂരിറ്റിയും മറ്റേതെങ്കിലും വ്യക്തികൾക്ക് അയാളുടെ പേരിൽ നൽകപ്പെട്ട എന്നപോലെ എല്ലാ തരത്തിലും സാധുവായിരിക്കുന്നതാണ്.

(3) ബോർഡ് പുറപ്പെടുവിക്കുന്ന ഏതെങ്കിലും സെക്യൂരിറ്റി ബോർഡ് വാങ്ങുകയോ ബോർഡിലേക്ക് കൈമാറുകയോ തീറ് നൽകുകയോ അധികാരപ്പെടുത്തുകയോ ചെയ്തത്, അങ്ങനെയുള്ള ഏതെങ്കിലും സെക്യൂരിറ്റിയെ ഇല്ലാതാക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതല്ലാത്തതും, എന്നാൽ, ആയത് സാധുവായിരിക്കുന്നതും മറ്റേതെങ്കിലും ആൾക്ക് കൈവശം ലഭിക്കുകയോ കൈമാറ്റം ചെയ്യപ്പെടുകയോ തീറ് നൽകപ്പെടുകയോ അധികാരപ്പെടുത്തുകയോ ചെയ്തിട്ടുണ്ട് എന്നപോലെ അതേ രീതിയിലും അതേ വ്യാപ്തിയോളവും മാറ്റിയെടുക്കാവുന്നതാണ്.

74. <u>മൂലധനത്തിലേക്ക് ചെലവ് ചാർജ്ജ് ചെയ്യുവാൻ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി.</u>—(1) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ബോർഡിന് മൂലധനത്തിലേക്ക് യാതൊരു ചെലവും ചാർജ്ജ് ചെയ്യാൻ പാടില്ലാത്തതാണ്.

എന്നാൽ, ബോർഡിന്, സർക്കാർ ചുമത്താവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പരിധി അധികരിക്കാതെ അങ്ങനെയുള്ള അനുമതിയില്ലാതെ, മൂലധനത്തിലേക്ക് ചാർജ്ജ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും, മൂലധനത്തിലേക്ക് ഉള്ള ഒരു ചാർജ്ജ് എന്ന നിലയിൽ വഹിച്ച യഥാർത്ഥ ചെലവ് ഏതെങ്കിലും സംഗതിയിൽ സർക്കാർ ഇതിന് വേണ്ടി അനുവദിച്ചിട്ടുള്ള ചെലവിനെ കവിയുന്നിടത്ത്, അധികമായത് അപ്രകാരം അനുവദിച്ച ചെലവിന്റെ പത്ത് ശതമാനത്തിൽ അധികമല്ലാത്ത പക്ഷം, വീണ്ടും സർക്കാരിന്റെ അനുമതി ആവശ്യമുള്ളതായി കരുതപ്പെടാൻ പാടില്ലാത്തതാണ്.

75. സർക്കാരിന്റെയോ ബോർഡിന്റെയോ അനുമതി ആവശ്യമുള്ള ജോലികൾ.—(1) സർക്കാർ ഇതിനുവേണ്ടി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുകയിൽ കവിയുന്ന എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള തുകയുടെ യാതൊരു പുതിയ ജോലിയോ ഉപകരണമോ ബോർഡ് ആരംഭിക്കുകയോ ഏർപ്പെടുത്തുകയോ പാടില്ലാത്തതും അങ്ങനെയുള്ള ജോലിക്കോ ഉപകരണത്തിനോ ഉള്ള ഒരു എസ്റ്റിമേറ്റിന്റെ ഒരു പ്ലാൻ ബോർഡിന് സമർപ്പിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നതുവരെ അങ്ങനെയുള്ള ഏതൊരു പുതിയ ജോലിയെയോ ഉപകരണത്തെയോ സംബന്ധിച്ച് ബോർഡ് ഏതൊരു കോൺട്രാക്റ്റിലും ഏർപ്പെടാൻ പാടില്ലാത്തതും അങ്ങനെയുള്ള പുതിയ ജോലികളുടെയോ ഉപകരണത്തിന്റെയോ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള ചെലവ്, സർക്കാർ ഇതിനുവേണ്ടി അതത് സമയം നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുകയിൽ കവിയുന്നെങ്കിൽ പ്ലാനിലും എസ്റ്റിമേറ്റിലും ഉള്ള സർക്കാരിന്റെ അനുമതി അങ്ങനെയുള്ള ജോലി ആരംഭിക്കുന്നതിനോ ഉപകരണം ഏർപ്പെടുത്തുന്നതിനോ മുമ്പ് ലഭ്യമാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലുള്ള യാതൊന്നും, വഹിച്ചിട്ടുള്ള യഥാർത്ഥ ചെലവ് ഏതെങ്കിലും സംഗതിയിൽ അപ്രകാരം അനുവദിച്ച എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള ചെലവിന്റെ പത്തു ശതമാനത്തെക്കാൾ കൂടുതൽ കവിയാത്തിടത്ത് വീണ്ടും സർക്കാരിന്റെ അനുമതി ആവശ്യപ്പെടുന്നതായി കരുതപ്പെടാൻ പാടില്ലാത്തതാണ്.

76. പ്രവൃത്തി നിർവ്വഹണത്തിന് നിർദ്ദേശം നൽകാൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കുള്ള അധികാരം.—75-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക്, സർക്കാർ അതിലേക്കായി നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള പരമാവധി പരിധിയിൽ കൂടാതെ ചെലവ് വരുന്ന ഏതൊരു പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതും അത്തരം പ്രവൃത്തികളുടെ നിർവ്വഹണത്തിന് കോൺട്രാക്റ്റിൽ ഏർപ്പെടാവുന്നതുമാണ്. എന്നാൽ, അങ്ങനെയുള്ള ഓരോ സംഗതിയിലും ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, അപ്രകാരം നൽകിയിട്ടുള്ള ഏതൊരു നിർദ്ദേശത്തിന്റെയോ അയാൾ ഏർപ്പെട്ടിട്ടുള്ള കരാറോ സംബന്ധിക്കുന്ന ഒരു റിപ്പോർട്ട് കഴിയുന്നത്രവേഗം ബോർഡിന് നൽകേണ്ടതാണ്.

77. അവകാശവാദങ്ങളെ രാജിയാക്കാനും ഒത്തുതീർപ്പാക്കാനുമുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുകയ്ക്ക് അല്ലെങ്കിൽ മറ്റ് നഷ്ടപരിഹാരത്തിന് അത് നൽകിയിട്ടുള്ളതോ അതിന് എതിരായി നൽകിയിട്ടുള്ളതോ ആയ ഏതൊരു അവകാശമോ ആവശ്യമോ നടപടിയെയോ വ്യവഹാരമോ രാജിയാക്കാവുന്നതോ ഒത്തുതീർപ്പാക്കാവുന്നതോ ആണ്:

എന്നാൽ, അങ്ങനെയുള്ള ഒത്തുതീർപ്പാക്കലിൽ ബോർഡ് നൽകുന്ന തുക സർക്കാർ ഇതിലേക്കായി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തുകയേക്കാൾ അധികമാകുന്ന ഒരു തുക ഉൾപ്പെടുന്നുവെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ, ഈ വകുപ്പ് പ്രകാരം യാതൊരു ഒത്തുതീർപ്പും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

78. നഷ്ടം എഴുതിത്തള്ളൽ.—(1) സർക്കാർ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, കിട്ടേണ്ടതായ ഏതെങ്കിലും തുകയോ പണമായോ വസ്തുവകയായോ, ബോർഡിന് ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടമോ തിരിച്ചുപിടിക്കാനാവാത്തതാണെന്ന് ബോർഡിന്, അഭിപ്രായമുള്ളപക്ഷം ബോർഡിന്, അപ്രകാരമുള്ള തുകയോ നഷ്ടമോ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി അന്തിമമായി എഴുതിത്തള്ളാൻ അനുവദിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരം തിരിച്ചുപിടിക്കാനാവാത്ത തുകയോ നഷ്ടമോ ഒരു സംഗതിയിൽ ഇരുപത്തിഅയ്യായിരം രൂപയോ ഏതെങ്കിലും ഒരു വർഷത്തിൽ ആകെ അഞ്ചുലക്ഷം രൂപയോ കവിയാതിരിക്കുന്നിടത്ത്, സർക്കാരിന്റെ അങ്ങനെയുള്ള യാതൊരു അംഗീകാരവും ആവശ്യമുണ്ടായിരുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കിട്ടേണ്ടതായ എന്തെങ്കിലും തുകയോ പണമായോ വസ്തുവകയായോ ബോർഡിന് ഉണ്ടായിട്ടുള്ള എന്തെങ്കിലും നഷ്ടമോ ബോർഡിന് തിരിച്ചുപിടിക്കാനാവാത്തതാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അഭിപ്രായമുള്ളിടത്ത് ഒരു സംഗതിയിൽ അയ്യായിരം രൂപയോ ഏതെങ്കിലും ഒരു വർഷത്തിൽ ആകെ ഒരു ലക്ഷം രൂപയോ കവിയാതിരിക്കുന്നിടത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അന്തിമമായി എഴുതിത്തള്ളാവുന്നതിനുള്ള അനുമതി നൽകാവുന്നതും അങ്ങനെയുള്ള ഓരോ സംഗതിയിലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അങ്ങനെയുള്ള അനുമതി നൽകിയതിനുള്ള കാരണങ്ങൾ കാണിച്ചുകൊണ്ട് ഒരു റിപ്പോർട്ട് ബോർഡിന് നൽകേണ്ടതുമാണ്.

79. ബോർഡിന് കൺസർവേറ്റർ എന്ന നിലയ്ക്കുള്ള അധികാരം മുതലായവ.—ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള, പ്രവൃത്തിയെ സംബന്ധിച്ച എല്ലാ അധികാരങ്ങളും അധികാരസ്ഥാപനങ്ങളും നിയന്ത്രണങ്ങളും തുറമുഖ കൺസർവേറ്റർ എന്ന നിലയിലോ 1908-ലെ ഇന്ത്യൻ തുറമുഖ ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു നികായം എന്ന നിലയിലോ ബോർഡ് നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കും അപ്രകാരമുള്ള പ്രവൃത്തികളുടെ അനുമതിക്കും അതിന്റെ എസ്റ്റിമേറ്റിനും അതിൻ കീഴിലുള്ള ചെലവുകൾക്കും ബാധകമായിരിക്കുന്നതാണ്.

80. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ.—(1) ബോർഡ് ഓരോ വർഷവും ജനുവരി 31-ാം തീയതിയോ അതിനു മുമ്പോ ഒരു പ്രത്യേക യോഗംകൂടി ആയതിൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ അടുത്ത സാമ്പത്തികവർഷത്തേക്കുള്ള വരവ് ചെലവ് കണക്കുകളുടെ ഒരു എസ്റ്റിമേറ്റ് സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള എസ്റ്റിമേറ്റിന്റെ ഒരു പകർപ്പ് ബോർഡിലെ ഓരോ അംഗത്തിനും തപാൽ വഴിയോ മറ്റു വിധത്തിലോ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രത്യേക യോഗത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക്, ഏറ്റവും കുറഞ്ഞത്, പത്തുദിവസം മുമ്പെങ്കിലും ലഭിക്കത്തക്കവിധം അയച്ചുകൊടുക്കേണ്ടതാണ്.

(3) ബോർഡ്, അങ്ങനെയുള്ള യോഗത്തിൽ എസ്റ്റിമേറ്റ് പരിഗണിക്കേണ്ടതും അത് മാറ്റങ്ങളോടുകൂടിയോ അല്ലാതെയോ താൽക്കാലികമായി അംഗീകരിക്കാവുന്നതുമാണ്.

(4) ബോർഡ്, അത് താൽക്കാലികമായി അംഗീകരിച്ച അങ്ങനെയുള്ള എസ്റ്റിമേറ്റിന്റെ ഒരു പകർപ്പ് ഫെബ്രുവരി 10-ാം തീയതിയ്ക്കോ അതിനുമുമ്പ് ആയോ സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(5) സർക്കാരിന് എസ്റ്റിമേറ്റ് അംഗീകരിക്കാവുന്നതോ അഭിപ്രായം രേഖപ്പെടുത്തി മടക്കിനൽകി അതിന് യുക്തമെന്ന് കരുതുന്ന അധികവിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരം ഒരു എസ്റ്റിമേറ്റ് മടക്കിനൽകുമ്പോൾ, ബോർഡ്, അങ്ങനെയുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃപരിശോധിക്കേണ്ടതും സർക്കാർ ആവശ്യപ്പെടുന്ന അധികവിവരങ്ങൾ, നൽകേണ്ടതും ആവശ്യമാണെങ്കിൽ എസ്റ്റിമേറ്റ് ഭേദഗതിയോ രൂപാന്തരമോ വരുത്തി സർക്കാരിന് പുനഃസമർപ്പിക്കേണ്ടതുമാണ്.

(7) സർക്കാർ, ഭേദഗതിയോടുകൂടിയോ അല്ലാതെയോ എസ്റ്റിമേറ്റ് അംഗീകരിക്കേണ്ടതാണ്.

(8) അങ്ങനെയുള്ള എസ്റ്റിമേറ്റ് അതുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് സർക്കാർ അംഗീകരിക്കാതിരുന്നിടത്ത്, എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച് ബോർഡിനെ അറിയിക്കുന്നതിനുള്ള അങ്ങനെയുള്ള സമയം വരെ സർക്കാരിന്റെ അഭിപ്രായത്തിൽ ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ചെലവുകൾ വരുത്തുന്നതിന് സർക്കാരിന് ബോർഡിനെ അധികാരപ്പെടുത്താവുന്നതാണ്.

81. സപ്ലിമെന്ററി എസ്റ്റിമേറ്റ് തയ്യാറാക്കൽ.— ബോർഡിന് ഏതൊരു വർഷക്കാലയളവിലാണോ ഒരു എസ്റ്റിമേറ്റിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത്, അങ്ങനെയുള്ള വർഷത്തിന്റെ ബാക്കി കാലയളവിലേക്കായി ഒന്നോ അതിലധികമോ സപ്ലിമെന്ററി എസ്റ്റിമേറ്റുകൾ തയ്യാറാക്കിപ്പിക്കാവുന്നതും, 81-ാം വകുപ്പിലെ വ്യവസ്ഥകൾ, കഴിയാവുന്നിടത്തോളം, ഒരു ഒറിജിനൽ വാർഷിക എസ്റ്റിമേറ്റിന് എന്നപോലെ അങ്ങനെയുള്ള എസ്റ്റിമേറ്റിന്* ബാധകമാകുന്നതുമാണ്.

82. എസ്റ്റിമേറ്റിലെ തുകയുടെ പുനർവിനിയോഗം.—ഇതിലേക്കായി സർക്കാർ നൽകിയേക്കാവുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾക്ക് വിധേയമായി, സർക്കാർ അനുമതി നൽകിയ തൽസമയം പ്രാബല്യത്തിലുള്ള ഒരു എസ്റ്റിമേറ്റിൽ ചെലവിന് അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു തുകയോ അതിന്റെ ഭാഗമോ ചെലവാക്കിയിട്ടില്ലെങ്കിൽ ബോർഡിന്, പ്രസ്തുത എസ്റ്റിമേറ്റിൽ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് എന്തെങ്കിലും ചെലവിൽ അധികരിക്കുന്നത് നേരിടുന്നതിനായി ഏതൊരു സമയത്തും പുനർവിനിയോഗം ചെയ്യാവുന്നതാണ്.

83. അടിയന്തരഘട്ടങ്ങളിലൊഴികെ എസ്റ്റിമേറ്റിൽ ഉറച്ചു നിൽക്കൽ.—(1) 81-ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിധേയമായി, അടിയന്തര സംഗതികളിൽ ഒഴികെ, ഇതിലേക്കായി സർക്കാർ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തുകയിൽ അധികരിക്കുന്ന യാതൊരു തുകയും, സർക്കാർ അന്തിമമായി അനുമതി നൽകപ്പെട്ടിട്ടുള്ള ആ സമയം പ്രാബല്യത്തിലുളള ബോർഡിന്റെ ഏതെങ്കിലും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടുവന്നിട്ടില്ലാത്ത പക്ഷം അങ്ങനെയുള്ള തുകകൾ, ബോർഡിനാലോ ബോർഡിന് വേണ്ടിയോ ചെലവഴിക്കാൻ പാടുള്ളതല്ല.

(2) അടിയന്തിര സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ, (1)-ാം ഉപവകുപ്പ് പ്രകാരം ഇതിലേക്കായി നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള പരിധിയിലും അധികരിച്ച ഏതെങ്കിലുംതുക ബോർഡ് ചെലവഴിച്ചാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആ സാഹചര്യങ്ങൾ അങ്ങനെയുള്ള അധികചെലവ് പരിഹരിക്കുവാൻ ബോർഡ് നിർദ്ദേശിക്കുന്ന മാർഗ്ഗത്തെക്കുറിച്ചുള്ള ഒരു വിശദീകരണം സഹിതം സർക്കാരിന് ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

84. കണക്കുകളും ആഡിറ്റുകളും.—(1) ബോർഡ് ശരിയായ കണക്കുകളും മറ്റ് പ്രസക്തരേഖകളും സൂക്ഷിച്ച് പോരേണ്ടതും സർക്കാർ അംഗീകരിക്കുന്ന അങ്ങനെയുള്ള ഫാറത്തിലുള്ള ബാലൻസ് ഷീറ്റ് ഉൾപ്പെടെയുള്ള കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ കണക്കുകൾ വർഷത്തിൽ ഒരിക്കൽ ഓഡിറ്റ് ചെയ്യപ്പെടേണ്ടതും സർക്കാർ അപ്രകാരം ആവശ്യപ്പെടുന്നപക്ഷം ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് സർക്കാർ നിയമിക്കുന്ന ഒരു ആഡിറ്റർ അങ്ങനെയുള്ള കണക്കുകൾ സമാഹരിക്കുന്നതിനൊപ്പം ഒരേ സമയത്ത് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ബോർഡ്, ആഡിറ്റർക്ക് നൽകേണ്ടതായ ഏതൊരു തുകയും ബോർഡിന്റെ പൊതുഫണ്ടിൽനിന്ന് കുറവ് ചെയ്യേണ്ടതുമാണ്.

(3) സർക്കാരിന്റെ കണക്കുകളുമായി ബന്ധപ്പെട്ട ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് ഉള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ആഡിറ്റർക്ക്, ബോർഡിന്റെ കണക്കുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നതും വിശേഷിച്ച്, ബോർഡിന്റെ കണക്കുബുക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും, മറ്റ് രേഖകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

85. ആഡിറ്റ് റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം.—(1) ബോർഡിന്റെ കണക്കുകളുടെ ഓഡിറ്റും പരിശോധനയും പൂർത്തിയാക്കിയശേഷം, പതിനാല് ദിവസത്തിനകം ആഡിറ്റർ, ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിനും ബോർഡിനും അയച്ചുകൊടുക്കേണ്ടതാണ്.

(2) സർക്കാർ, സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതായ എല്ലാ ആഡിറ്റ് റിപ്പോർട്ടും അങ്ങനെയുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചുകഴിഞ്ഞാൽ ഉടൻതന്നെ നിയമസഭയുടെ മുമ്പാകെ വയ്ക്കാൻ ഇടയാക്കേണ്ടതാണ്.

86. ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള പിഴവുകളും ക്രമക്കേടുകളും ബോർഡ് പരിഹരിക്കണമെന്ന്.—ബോർഡിന്റെ വരവുചെലവ് സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ടിൽ ആഡിറ്റർ ചൂണ്ടിക്കാണിച്ചേക്കാവുന്ന ഏതെങ്കിലും പിഴവുകളും ക്രമക്കേടുകളും ബോർഡ് ഉടനടി പരിഗണനയിൽ എടുക്കേണ്ടതും ബോർഡ് യുക്തമെന്ന് കരുതുന്നതായ അങ്ങനെയുള്ള നടപടി അതിൻമേൽ എടുക്കേണ്ടതും എടുത്ത നടപടി സംബന്ധിച്ച ഒരു റിപ്പോർട്ട് സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

87. ബോർഡും ആഡിറ്റർമാരും തമ്മിലുള്ള ഭിന്നതകൾ സർക്കാർ തീരുമാനിക്കണമെന്ന്.—ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും കാര്യത്തിൽ ബോർഡും ആഡിറ്ററും തമ്മിൽ ഒരു അഭിപ്രായഭിന്നത ഉണ്ടാവുകയും, അങ്ങനെയുള്ള കാര്യത്തിന്മേൽ അദ്ദേഹം നൽകിയ ശുപാർശകൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അത് സ്വീകരിക്കാനും നടപ്പിലാക്കാനും ബോർഡിന് കഴിയാതെവരുകയും ചെയ്യുന്നപക്ഷം, ആ സംഗതി ഉടനടി സർക്കാരിന് റഫർ ചെയ്യേണ്ടതും, ആയതിൻമേൽ സർക്കാർ അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതും അത്തരം ഉത്തരവുകൾ നടപ്പിലാക്കാൻ ബോർഡ് ബാദ്ധ്യസ്ഥവുമാണ്.

## അദ്ധ്യായം X
## സർക്കാരിന്റെ മേൽനോട്ടവും നിയന്ത്രണവും

88. ഭരണ റിപ്പോർട്ട്.—(1) ഓരോ വർഷവും ഏപ്രിൽ ഒന്നാം തീയതിക്ക് ശേഷവും സർക്കാർ ഇതിലേക്കായി നിശ്ചയിക്കാവുന്ന അപ്രകാരമുള്ള തീയതിക്ക് ശേഷമല്ലാതെയും, കഴിയുന്നത്ര വേഗത്തിൽ, ബോർഡ്, മാർച്ച് മുപ്പത്തിയൊന്നാം തീയതി അവസാനിച്ച മുൻവർഷത്തെ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തെക്കുറിച്ചുള്ള ഒരു വിശദമായ റിപ്പോർട്ട് സർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഫാറത്തിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) സർക്കാർ, ഓരോ വാർഷിക ഭരണറിപ്പോർട്ടും, അപ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

89. വരവ് ചെലവ് സ്റ്റേറ്റ്മെന്റ് സർക്കാരിന് സമർപ്പിക്കണമെന്ന്.—(1) ബോർഡ്, ഓരോവർഷവും അല്ലെങ്കിൽ പലപ്രാവശ്യമോ അല്ലെങ്കിൽ സർക്കാർ അപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നുവെങ്കിലോ, അതിന്റെ വരവുചെലവ് സ്റ്റേറ്റ്മെന്റ് സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും സമർപ്പിക്കേണ്ടതാണ്.

(2) അപ്രകാരമുള്ള എല്ലാ സ്റ്റേറ്റ്മെന്റുകളുടെയും പകർപ്പ്, ഓരോ പരിശോധനയ്ക്കും അതതുസമയം ബോർഡ് നിശ്ചയിക്കാവുന്ന അപ്രകാരമുള്ള ഫീസ് ഒടുക്കുന്നതിൻമേൽ ബോർഡിന്റെ ഓഫീസിൽ, ഓഫീസ് സമയത്ത് പൊതുജനങ്ങളുടെ പരിശോധയ്ക്കായി ലഭ്യമാകുന്നതാണ്.

90. ബോർഡിനെ അതിലംഘിക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, ഏതൊരു സമയത്തും,—

(എ) ഗൗരവമേറിയ അടിയന്തരഘട്ടമെന്ന കാരണത്താൽ ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾപ്രകാരമോ അതിൻകീഴിലോ ബോർഡിൻമേൽ ചുമത്തിയ കർത്തവ്യങ്ങൾ അതിന് നിർവ്വഹിക്കുവാൻ കഴിയില്ലെന്ന് അഭിപ്രായമുള്ളപക്ഷം; അല്ലെങ്കിൽ

(ബി) ബോർഡ്, ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾപ്രകാരമോ അതിൻകീഴിലോ അതിൻമേൽ ചുമത്തപ്പെട്ട കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ തുടർച്ചയായ വീഴ്ചവരുത്തിയെന്നും അപ്രകാരമുള്ള വീഴ്ചയുടെ ഫലമായി, ബോർഡിന്റെ സാമ്പത്തികസ്ഥിതിയിലോ അല്ലെങ്കിൽ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിലോ ഗണ്യമായ നിലവാരത്തകർച്ച ഉണ്ടായിട്ടുണ്ടെന്നും അഭിപ്രായമുള്ളപക്ഷം,

സർക്കാരിന്, വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക്, ബോർഡിനെ അതിലംഘിക്കാവുന്നതാണ്:

എന്നാൽ, (ബി) ഖണ്ഡത്തിൽ പറയുന്ന കാരണങ്ങൾക്കായി ഈ ഉപവകുപ്പു പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ്, ബോർഡിനെ അതിലംഘിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിക്കേണ്ടതുമാണ്.

(2) ബോർഡിനെ അതിലംഘിച്ചുകൊണ്ട് (1)-ാം ഉപവകുപ്പുപ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ,—

(എ) ബോർഡിലെ എല്ലാ അംഗങ്ങളും അതിലംഘിക്കപ്പെട്ട തീയതി മുതൽ ബോർഡിലെ അംഗങ്ങളെന്ന നിലയിലുള്ള അവരുടെ പദവികൾ ഒഴിയേണ്ടതാണ്;

(ബി) ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ ബോർഡിനാലോ അതിനു വേണ്ടിയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാമായിരുന്നതോ ആയ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും (3)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡമോ (സി) ഖണ്ഡമോപ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ സർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്.

(സി) (3)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡമോ അല്ലെങ്കിൽ (സി) ഖണ്ഡമോപ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ സ്വത്തുക്കളും സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന അതിലംഘനത്തിനുള്ള കാലാവധി അവസാനിക്കുമ്പോൾ സർക്കാരിന്,—

(എ) ആറ് മാസത്തിൽ കവിയാത്ത അത് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള അധിക കാലയളവിലേക്ക്, അതിലംഘനത്തിനുള്ള കാലാവധി ദീർഘിപ്പിക്കാവുന്നതാണ്; അല്ലെങ്കിൽ

(ബി) പുതിയ നിയമനം മുഖേന ബോർഡിനെ പുനഃസംഘടിപ്പിക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡപ്രകാരം പദവി ഒഴിഞ്ഞ ഏതൊരാളെയും നിയമനത്തിന് അയോഗ്യനായി കരുതാൻ പാടില്ലാത്തതുമാണ്; അല്ലെങ്കിൽ

(സി) അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്ക് മാത്രം നിയമനംമുഖേന ബോർഡ് പുനഃസംഘടിപ്പിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡപ്രകാരം പദവി ഒഴിഞ്ഞ ഏതൊരാളെയും ബോർഡിനെ അതിലംഘിക്കപ്പെട്ടപ്പോൾ അതിൽ അംഗങ്ങളായിരുന്നുവെന്ന കാരണത്താൽമാത്രം നിയമനത്തിന് അയോഗ്യനായി കരുതാൻ പാടില്ലാത്തതുമാണ്:

എന്നാൽ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചപ്രകാരമോ പ്രസ്തുത ഉപവകുപ്പ് പ്രകാരം ദീർഘിപ്പിച്ചു നൽകിയതോ ആയ അതിലംഘനത്തിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ്, ഏതൊരു സമയത്തും സർക്കാരിന് ഈ ഉപവകുപ്പിന്റെ (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം നടപടി എടുക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനവും ഈ വകുപ്പ് പ്രകാരം എടുത്ത ഏതെങ്കിലും നടപടിയുടെയും അപ്രകാരമുള്ള നടപടിയിലേക്ക് നയിച്ച സാഹചര്യങ്ങളുടെയും പൂർണ്ണമായ ഒരു റിപ്പോർട്ടും നിയമസഭയുടെ മുൻപാകെ ഏറ്റവുമടുത്ത സാദ്ധ്യമായ സമയത്ത് സർക്കാർ വയ്ക്കേണ്ടതാണ്.

91. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—(1) സർക്കാരിന്, അത് യുക്തമെന്ന് കരുതുന്നതോ അല്ലെങ്കിൽ ആക്റ്റിന്റെ ലക്ഷ്യം നിറവേറ്റുന്ന ആവശ്യത്തിലേക്ക് സഹായകമാകുന്നതോ ആയ അപ്രകാരമുള്ള പൊതുവായതോ പ്രത്യേകമായിട്ടുള്ളതോ ആയ നയപരമായ നിർദ്ദേശങ്ങൾ, അതതുസമയങ്ങളിൽ ബോർഡിന് നൽകാവുന്നതും ബോർഡ് അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകുന്നതിന് മുമ്പ്, ബോർഡിന് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള ഒരവസരം നൽകേണ്ടതാണ്.

(2) ഒരു സംഗതി നയപരമായ ഒന്നാണോ അല്ലയോ എന്നത് സംബന്ധിച്ച സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) 1908-ലെ ഇന്ത്യൻ പോർട്സ് ആക്റ്റിലേയും (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) ഭേദഗതി ചെയ്ത ആക്റ്റിലേയും, ഏതെങ്കിലും ഉണ്ടെങ്കിൽ, വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി കേരള മാരിടൈം ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

92. തുറമുഖ പരിധികൾ പ്രഖ്യാപിക്കൽ.—ജലമാർഗങ്ങളോടും ഉപയോഗിക്കുന്നവരുടെ സൗകര്യങ്ങളോടുംകൂടിയ തുറമുഖ സൗകര്യങ്ങളുടെ സുസ്ഥിര വികസനവും ഏകോപനവും ഉറപ്പുവരുത്തുന്നതിനായി ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായി കൂടിയാലോചിച്ചതിനുശേഷം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട തുറമുഖങ്ങൾക്കായുള്ള തുറമുഖപരിധി തയ്യാറാക്കാവുന്നതാണ്.

## അദ്ധ്യായം XI

## ശിക്ഷകൾ

93. ഈ ആക്റ്റ് പ്രകാരം ജോലിക്ക് നിയമിച്ചിട്ടുള്ള ആളുകൾ ചില ആവശ്യങ്ങൾക്കുവേണ്ടി പബ്ലിക് സർവ്വന്റുമാർ ആയിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരം ബോർഡിനാൽ നിയമിക്കപ്പെട്ട എല്ലാ ആൾക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 161 മുതൽ 171 വരെയുള്ളതും 184-ഉം 185-ഉം 409-ഉം വകുപ്പുകളുടെ ആവശ്യങ്ങൾക്കും 1988-ലെ അഴിമതി നിരോധന ആക്റ്റിന്റെ (1988-ലെ 49-ാം കേന്ദ്ര ആക്റ്റ്) ആവശ്യങ്ങൾക്കും പ്രസ്തുത നിയമസംഹിതയുടെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലുള്ള ഒരു പബ്ലിക് സർവ്വന്റ് ആയി കരുതപ്പെടേണ്ടതാണ്.

94. 26-ഉം 27-ഉം 28-ഉം 30-ഉം വകുപ്പുകളുടെ ഉല്ലംഘനത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ 26, 27 അല്ലെങ്കിൽ 28 വകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിലെ വ്യവസ്ഥകളെ ലംഘിക്കുകയോ 30-ാം വകുപ്പ് പ്രകാരം ചുമത്തിയ ഏതെങ്കിലും ഉപാധി പാലിക്കുവാൻ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, അയ്യായിരം രൂപവരെ ആകാവുന്ന പിഴയും തുടർച്ചയായ ഉല്ലംഘനമോ വീഴ്ചയോ തുടരുന്ന ഒന്നാണെങ്കിൽ ആദ്യത്തെ കുറ്റസ്ഥാപനത്തിനു ശേഷം അങ്ങനെയുള്ള ലംഘനമോ വീഴ്ചയോ തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപവരെ ആകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

95. അനുമതിയല്ലാതെ വാർഫുകൾ, കപ്പൽത്തറ മുതലായവ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള ശിക്ഷ.—34-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, ആദ്യലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ആദ്യത്തേതിനുശേഷം ഉല്ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപവരെയാകാവുന്ന ഒരു അധികപിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.

96. <u>നിരക്കുകൾ മുതലായവ ഒഴിവാക്കുന്നതിനുള്ള ശിക്ഷ.</u>—ഏതെങ്കിലും ചരക്കുകളെയോ ഏതെങ്കിലും ചരക്കുകളെ വഹിക്കുന്ന ജലയാനങ്ങളെ സംബന്ധിച്ച് നിയമപരമായി ബോർഡിന് നൽകേണ്ടതായ നിരക്കുകൾ നൽകുന്നതിൽനിന്നും ഒഴിവാകുവാനുള്ള ഉദ്ദേശ്യത്തോടുകൂടി

(എ) അങ്ങനെയുള്ള നിരക്കുകൾ നിശ്ചയിക്കുന്നതിനായി ബോർഡിലെ ഏതെങ്കിലും ജീവനക്കാരന്, നൽകുന്ന ഏതെങ്കിലും രേഖയിൽ അങ്ങനെയുള്ള ചരക്കിന്റെ ഭാരമോ അളവോ മൂല്യമോ വിവരണമോ അല്ലെങ്കിൽ അങ്ങനെയുള്ള യാനത്തിന്റെ കേവുഭാരം കുറച്ച് കാണിക്കുകയോ തെറ്റായി നൽകുകയോ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ചരക്കുകളെയോ അങ്ങനെയുള്ള യാനങ്ങളെയോ നീക്കം ചെയ്യുകയോ നീക്കംചെയ്യാൻ ശ്രമിക്കുകയോ നീക്കംചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അപ്രകാരം നൽകേണ്ടതായ നിരക്ക് തുകയുടെ ഇരട്ടിവരെയാകാവുന്ന പിഴനൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

97. <u>ബോർഡിന്റെ വസ്തുവിനുള്ള നഷ്ടത്തിനുള്ള മൂല്യം വസൂലാക്കൽ.</u>—ഏതെങ്കിലും യാനത്തിന്റെ മാർഗ്ഗനിർദ്ദേശാധികാരവും നിയന്ത്രണവുമുള്ള ഏതെങ്കിലും ആളിന്റെയോ അങ്ങനെയുള്ള യാനത്തിൽ നിയോഗിച്ചിട്ടുള്ള ഏതെങ്കിലും നാവികന്റെയോ ആളുകളുടെയോ ഉപേക്ഷമൂലം ബോർഡിന്റെ കൈവശത്തിലുള്ള ഏതെങ്കിലും ഡോക്കിനോ, വാർഫിനോ, കപ്പൽത്തുറയ്ക്കോ, കെട്ടിയിട്ടിരിക്കുന്ന സ്ഥലത്തിനോ, സ്റ്റേജിനോ, കടൽപാലത്തിനോ മറ്റ് പണിനിർമ്മാണത്തിനോ ബോർഡിന് സ്വന്തമായ ഏതെങ്കിലും ജംഗമ വസ്തുവിനോ ഏതെങ്കിലും നാശനഷ്ടം സംഭവിക്കുകയാണെങ്കിൽ, അങ്ങനെയുള്ള നാശനഷ്ടത്തിന്റെ തുക ബോർഡിന്റെ അപേക്ഷയിൻമേൽ ഒരു മജിസ്ട്രേറ്റിന്റെ വാറണ്ട് പ്രകാരം അങ്ങനെയുള്ള ജലയാനത്തിന് സ്വന്തമായ ബോട്ടിന്റെ പായ്മരത്തിന്റെയോ കരുതിവച്ച സാധനത്തിന്റെയോ കയറുകളുടെയോ കേബിളുകളുടെയോ നങ്കൂരങ്ങളുടെയോ സ്റ്റോർ സാധനങ്ങളുടെയോ മതിയായ ഒരു ഭാഗത്തിന്റെ ദുരവസ്ഥയും വിൽപ്പനയും മുഖേന അങ്ങനെയുള്ള വസൂലക്കലിന്റെ ചെലവ് സഹിതം വസൂലാക്കപ്പെടാവുന്നതാണ്:

എന്നാൽ, യാനത്തിന്റെ ഉടമസ്ഥൻ മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാകുവാൻ യഥാവിധി വിളിച്ചുവരുത്തുന്നതുവരെയും അയാൾ ഹാജരാകുകയും ചെയ്യുന്നുവെങ്കിൽ അയാൾക്ക് പറയുവാനുള്ളത് കേട്ടതിനുശേഷം അല്ലാതെ മജിസ്ട്രേറ്റ് അങ്ങനെയുള്ള വാറണ്ട് പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ആ ജലയാനം ആ സമയത്ത് ബോർഡിന്റെ യഥാവിധി അധികാരപ്പെടുത്തപ്പെട്ട ഒരു ജീവനക്കാരന്റെ ഉത്തരവുകളിൻകീഴിൽ ആയിരിക്കുകയും ഉണ്ടായ നാശനഷ്ടം അങ്ങനെയുള്ള ജീവനക്കാരന്റെ ഉത്തരവിനോ ശരിയല്ലാത്ത പ്രവൃത്തിക്കോ കൃത്യവിലോപത്തിനോ കല്പിക്കപ്പെടാവുന്നതായിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അങ്ങനെയുള്ള യാതൊരു വാറണ്ടും പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

98. ബോർഡിലെ അംഗമോ ജീവനക്കാരനോ ഓഹരിയോ അവകാശമോ ആർജ്ജിക്കരുതെന്ന്.—ബോർഡിലെ ഒരംഗമായോ ഒരു ജീവനക്കാരനായോ ഇരിക്കെ ബോർഡുമായോ, ബോർഡ് മുഖേനയോ ബോർഡിനുവേണ്ടിയോ ഏതെങ്കിലും കോൺട്രാക്റ്റിലോ തൊഴിലിലോ, പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും ഓഹരിയോ അവകാശ ബന്ധമോ ആർജ്ജിക്കുന്ന ഏതൊരാളും ഒരു വർഷക്കാലയളവ് വരെയാകാവുന്ന വെറും തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

99. മറ്റ് കുറ്റങ്ങൾ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ റെഗുലേഷനിലെയോ ഉത്തരവിലെയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും അത്തരം ലംഘനത്തിന് ഈ ആക്റ്റിൻ കീഴിൽ പ്രകടമായി യാതൊരു ശിക്ഷയും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, കുറ്റസ്ഥാപനത്തിൻമേൽ രണ്ടായിരം രൂപവരെ ആകാവുന്ന പിഴനൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

100. കുറ്റങ്ങൾ നടപടിക്കെടുക്കൽ.—(1) ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ കുറ്റങ്ങളുടേയും പരിശോധനയും, അന്വേഷണവും, വിചാരണയും മറ്റ് തരത്തിൽ കൈകാര്യം ചെയ്യുന്നതും 1973-ലെ ക്രിമിനൽ നിയമസംഹിതയിലെ (1974-ലെ (2)-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ അനുസരിച്ച് ആയിരിക്കേണ്ടതാണ്.

(2) യാതൊരു കോടതിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ലിഖിതമായ ഒരു റിപ്പോർട്ടിൻമേലല്ലാതെ ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം നടപടിക്ക് എടുക്കാൻ പാടില്ലാത്തതാണ്.

101. കമ്പനികളാലും ഏകാംഗീകൃത നികായങ്ങളാലും സഹകരണ സംഘങ്ങളാലുമുള്ള കുറ്റങ്ങൾ.—(1) ഒരു കമ്പനി ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തിട്ടുള്ളപക്ഷം പ്രസ്തുത കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ കാര്യാദികൾ നടത്തുന്നതിനായി അതിന്റെ ചാർജ്ജ് വഹിക്കുകയും കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും, ആ കമ്പനിയും ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും, അതനുസരിച്ച നടപടി എടുത്ത് ശിക്ഷിക്കപ്പെടുന്നതിന് വിധേയനോ വിധേയമോ ആയിരിക്കുന്നതുമാകുന്നു.

എന്നാൽ, ഈ ഉപവകുപ്പിലുള്ള യാതൊന്നുംതന്നെ കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവുകൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായി തീരുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റുപ്രകാരമുള്ള, ഒരു കുറ്റം ഒരു കമ്പനിയോ ഏകാംഗീകൃത നികായമോ സഹകരണ സംഘമോ ചെയ്തിരിക്കുകയും ആ കുറ്റം ചെയ്തത് കമ്പനിയുടെയോ ഏകാംഗീകൃത നികായത്തിന്റെയോ സഹകരണ സംഘത്തിന്റെയോ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ കമ്പനിയുടെയോ ഏകാംഗീകൃത നികായത്തിന്റെയോ സഹകരണ സംഘത്തിന്റെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോട് കൂടിയോ മൗനാനുവാദത്തോടെയോ കൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ ഏതെങ്കിലും അശ്രദ്ധ കാരണമായുണ്ടായിട്ടുള്ളതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള കമ്പനിയുടെയോ ഏകാംഗീകൃത നികായത്തിന്റെയോ സഹകരണ സംഘത്തിന്റെയോ ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും അയാൾക്ക് എതിരായി നടപടിയെടുക്കുന്നതിനും തദനുസരണം ശിക്ഷിക്കപ്പെടുന്നതിനും അയാൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

<u>വിശദീകരണം.</u>—ഈ വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി,—

(എ) "കമ്പനി" എന്നാൽ 2013-ലെ കമ്പനികൾ ആക്റ്റ് (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഏകാംഗീകൃതമാക്കിയതോ അല്ലെങ്കിൽ മുമ്പുള്ള കമ്പനി നിയമ പ്രകാരം ഏകാംഗീകൃതമാക്കിയ ഒരു കമ്പനി എന്നർത്ഥമാകുന്നു;

(ബി) "ഏകാംഗീകൃത നികായം" എന്നാൽ നിയമപരമായ സ്വഭാവ സവിശേഷതയോടുകൂടി പ്രവർത്തിക്കുന്നതിന് നിയമത്താൽ അധികാരപ്പെടുത്ത പ്പെട്ടിട്ടുള്ളതും അതിന്റേതായ എല്ലാ അധികാരങ്ങളും, ചുമതലകളും ബാദ്ധ്യതകളും ഉള്ളതുമായ ഒരുകൂട്ടം വ്യക്തികൾ എന്നർത്ഥമാകുന്നതും അതിൽ ഭാരതത്തിന് പുറത്ത് ഏകാംഗീകൃതമായ ഒരു കമ്പനി ഉൾപ്പെടുന്നതും ആകുന്നു;

(സി) "സഹകരണ സംഘം" എന്നാൽ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം എന്നർത്ഥമാകുന്നു.

(ഡി) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

## അദ്ധ്യായം XII

## പലവക

102. സംസ്ഥാന തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റുവിജ്ഞാപനംവഴി, ബോർഡിലെ അംഗങ്ങളും, ചേംബർ ഓഫ് കോമേഴ്സ്, കപ്പൽ ഗതാഗതം, നൗക, ജലയാനങ്ങൾ, കസ്റ്റംസ്, റെയിൽവേ, റോഡ് ഗതാഗതം, തൊഴിൽ, വാർത്താവിനിമയം, കടൽ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, തുറമുഖങ്ങളുടെ പ്രവർത്തകർ, ഫിഷറീസും വ്യവസായവും എന്നിവയുടെ താത്പര്യങ്ങൾ പ്രതിനിധീകരിക്കുന്നതിന് സർക്കാരിന്റെ അഭിപ്രായത്തിൽ കഴിവുള്ളവരായ ആളുകളുടെ ഇടയിൽനിന്ന് സർക്കാർ നിയമിക്കാവുന്ന പത്തിൽ കുറയാത്തതും ഇരുപതിൽ കൂടാത്തതും ആയ അങ്ങനെയുള്ള മറ്റ് ആളുകളും അടങ്ങുന്ന ഒരു സംസ്ഥാന തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കാവുന്നതും, എന്നു വരികിലും മുൻപറഞ്ഞ താല്പര്യങ്ങളിൽ ഓരോന്നിൽനിന്നും ഏറ്റവും കുറഞ്ഞ ഒരു അംഗം ഉണ്ടായിരിക്കേണ്ടതുമാണ്.

(2) ബോർഡിന്റെ വൈസ് ചെയർമാൻ, കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ ചെയർമാനായിരിക്കുന്നതാണ്.

(3) സർക്കാർ, ഇതിലേക്കായി നിയമിക്കാവുന്ന അങ്ങനെയുള്ള ബോർഡിന്റെ ഉദ്യോഗസ്ഥൻ കമ്മിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച കമ്മിറ്റിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ചെറുകിട തുറമുഖങ്ങളെ സംബന്ധിച്ചുള്ള പൊതുവായ എല്ലാ ചോദ്യങ്ങളിന്മേലും ബോർഡിനെ ഉപദേശിക്കുക;

(ബി) ഏതൊരു ചെറുകിട തുറമുഖത്തിന്റെ വികസനത്തെ സംബന്ധിക്കുന്ന ഏതെങ്കിലും പദ്ധതിയെ സംബന്ധിച്ച് ബോർഡിനെ ഉപദേശിക്കുക;

(സി) ചെറുകിട തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തെ പുനഃപരിശോധിക്കുകയും അവരുടെ തൊഴിൽ ചെയ്യപ്പെടുന്നതിനുള്ള മാർഗങ്ങളും നിർദ്ദേശിക്കുകയും ചെയ്യുക;

(ഡി) ചെറുകിട തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിൽ ബോർഡ് അഭിമുഖീകരിക്കുന്ന ഏതെങ്കിലും വിഷമത നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക;

(ഇ) ചെറുകിട തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തെ സംബന്ധിക്കുന്ന ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച ബോർഡിന് സ്വമേധയാ ശുപാർശകൾ നിർദ്ദേശിക്കുക;

(എഫ്) സർക്കാരോ ബോർഡോ അതിന്റെ അഭിപ്രായത്തിനായി അതിന് റഫർ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള വിഷയങ്ങളിന്മേൽ ബോർഡിന് റിപ്പോർട്ട് ചെയ്യുക,

(5) സർക്കാരിന്, ചട്ടങ്ങളാൽ,—

(എ) കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും യോഗങ്ങളുടെ നടപടിക്രമത്തിനും;

(ബി) കമ്മിറ്റിയുടെ സെക്രട്ടറിയുടെ കർത്തവ്യങ്ങൾ;

(സി) കമ്മിറ്റിയിലെ അംഗങ്ങളായി നിയമിക്കപ്പെടുന്ന ആളുകളുടെ ഉദ്യോഗ കാലാവധി, കമ്മിറ്റിയിലെ അംഗങ്ങളുടെ യാത്രാബത്തയും ദിനബത്തയും അതിന്റെ നിരക്കും;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(6) മുൻപറഞ്ഞ ഏതെങ്കിലും താല്പര്യം പ്രതിനിധാനം ചെയ്യാൻ കമ്മിറ്റിയിലേക്ക് നിയമിക്കപ്പെടുന്ന ഏതൊരാൾക്കും രേഖാമൂലമുള്ള രാജി ചെയർമാന് നൽകുന്നതുവഴി അംഗത്വത്തിൽ നിന്ന് രാജി വയ്ക്കാവുന്നതും, ചെയർമാൻ അതു സ്വീകരിക്കുന്ന തീയതി മുതൽ രാജി പ്രാബല്യത്തിൽ വരുന്നതും ആ ഒഴിവ് അദ്ദേഹം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

103. <u>തദ്ദേശീയ ഉപദേശക സമിതി.</u>—(1) സർക്കാരിന്, അതത് സമയം അത് തീരുമാനിക്കാവുന്ന അങ്ങനെയുള്ള തുറമുഖങ്ങൾക്കുവേണ്ടി ഓരോ സംഗതിയിലും അത് ഉചിതമെന്ന് കരുതാവുന്ന അത്രയും എണ്ണം ആളുകൾ അടങ്ങുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിലും ഉപാധികളിൻമേലും തദ്ദേശീയ ഉപദേശക സമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിന്, അത് ഉചിതമെന്ന് കരുതുകയാണെങ്കിൽ അതിന്റെ മുമ്പാകെ വരുന്ന ഏതൊരു കാര്യത്തിന്മേലും ബന്ധപ്പെട്ട തദ്ദേശീയ ഉപദേശക സമിതിയുമായി കൂടിയാലോചിക്കാവുന്നതും അത്തരം കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ, ഇതിലേക്കായി പൊതുവായതോ അല്ലെങ്കിൽ പ്രത്യേകമായതോ ആയ ഉത്തരവുമുഖേന വിനിർദ്ദേശിക്കാവുന്നതോ അപ്രകാരം ചെയ്യുവാൻ റെഗുലേഷൻ മുഖേന ആവശ്യപ്പെടുമ്പോഴോ ചെയ്യേണ്ടതാണ്.

(3) 1908-ലെ ഇന്ത്യൻ പോർട്ട് ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നിയമിക്കപ്പെട്ട പോർട്ട് ആഫീസർ, പ്രാദേശിക ഉപദേശക സമിതിയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ ആയിരിക്കുന്നതാണ്.

(4) പ്രാദേശിക ഉപദേശക സമിതി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഇടവേളകളിലും ബോർഡിന്റെ ചെയർമാൻ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സന്ദർഭങ്ങളിലും അടിയന്തര കാര്യങ്ങളുടെ നടത്തിപ്പിനായി യോഗം ചേരേണ്ടതാണ്.

(5) പ്രാദേശിക ഉപദേശക സമിതിയുടെ ഒരു യോഗത്തിലെ ക്വാറം രൂപീകരിക്കുവാൻ ആവശ്യമായ അംഗങ്ങളുടെ എണ്ണം സർക്കാർ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(6) തദ്ദേശീയ ഉപദേശക സമിതിയുടെ ശിപാർശകൾ അടുത്ത ബോർഡ് മീറ്റിംഗ് മുമ്പാകെ വയ്ക്കാവുന്നതാണ്.

104. ഈ ആക്റ്റ് പ്രകാരം ചെയ്ത കാര്യങ്ങളെ സംബന്ധിച്ച നടപടികളുടെ കാലഹരണം.—ഈ ആക്റ്റിന് അനുസൃതമായി ചെയ്തതോ ചെയ്തതായി കരുതപ്പെടാവുന്നതോ ആയ ഏതിനെങ്കിലും വേണ്ടി ബോർഡിനോ അതിലെ അംഗത്തിനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നടപടികളോ, വ്യവഹാരകാരണം പ്രസ്താവിക്കുന്ന ലിഖിതമായ നോട്ടീസ് ബോർഡിനോ അങ്ങനെയുള്ള അംഗത്തിനോ ജീവനക്കാരനോ നൽകിയതിനുശേഷം ഒരു മാസം അവസാനിക്കുന്നതുവരെയോ വ്യവഹാരകാരണം ഉണ്ടായതിനുശേഷം ആറുമാസങ്ങൾ കഴിഞ്ഞോ ആരംഭിക്കുവാൻ പാടില്ലാത്തതാണ്.

105. ഉത്തമ വിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടമോ റെഗുലേഷനോ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ചോ ബോർഡിനുള്ളതോ ബോർഡിന് സ്വന്തമായതോ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും നങ്കൂരമിടുന്ന സ്ഥലത്തിന്റെയോ വടങ്ങളുടെയോ മറ്റ് സാധനങ്ങളുടെയോ ഏതെങ്കിലും തകരാറിന്റെ അനന്തരഫലമായി ഏതെങ്കിലും ജലയാനത്തിന് ഉണ്ടാകുന്ന ഏതെങ്കിലും നാശനഷ്ടത്തിനുവേണ്ടിയോ ബോർഡിനോ അതിലെ ഏതെങ്കിലും അംഗത്തിനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

106. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി, സർക്കാരിന്, വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അപ്രകാരമുള്ള ചട്ടങ്ങൾ, പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടം ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി ഉണ്ടാക്കാവുന്നതാണ്, അതായത്:—

(എ) 13-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ചെയർമാന്റെയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും സേവന വ്യവസ്ഥകളും ഉപാധിക്കും;

(ബി) 22-ാം വകുപ്പ് പ്രകാരം കരാറുകൾ ഒപ്പിട്ട് പൂർത്തീകരിക്കുന്നതിനുള്ള ഫാറവും രീതിയും;

(സി) 53-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ബോർഡിന് സ്വരൂപിക്കാവുന്ന വായ്പ സംബന്ധിച്ച വ്യവസ്ഥകളും ഉപാധികളും;

(ഡി) 103-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശീയ ഉപദേശക സമിതിയിലെ ഒരു അംഗമായി ആളുകളെ നിയമിക്കുന്നതിനുള്ള വ്യവസ്ഥയും ഉപാധികളും;

(ഇ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതതോ ആയ മറ്റ് ഏതൊരു കാര്യവും.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കുന്നതാണ്:

എന്നാൽ, സത്വര നടപടി എടുക്കുവാൻ ആവശ്യമാക്കിത്തീർക്കുന്ന സന്ദർഭം നിലവിലുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന പക്ഷം, അതിന് ഈ വകുപ്പ് പ്രകാരം ഉണ്ടാക്കേണ്ടതായ ചട്ടത്തിന്റെ മുൻകൂട്ടിയുള്ള പ്രസിദ്ധപ്പെടുത്തൽ വേണ്ടെന്ന് വയ്ക്കാവുന്നതാണ്.

(4) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ, ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ ചട്ട പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

107. <u>റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള</u> അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഈ ആക്റ്റിന്റെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അനുസൃതമായി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും അതിന്റെ ഈ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും അങ്ങനെയുള്ള റെഗുലേഷനുകൾക്ക് താഴെ പറയുന്ന എല്ലാമോ എല്ലാത്തിനുമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്, അതായത്:—

(എ) ബോർഡിന്റെയോ അതിലെ കമ്മിറ്റികളുടെയോ യോഗങ്ങളുടെ സമയവും യോഗസ്ഥലവും അങ്ങനെയുള്ള യോഗങ്ങളിലെ കാര്യത്തിലെ നടത്തിപ്പിനുവേണ്ടി അനുവർത്തിക്കേണ്ട നടപടിക്രമവും അങ്ങനെയുള്ള യോഗങ്ങളുടെ ക്വാറം രൂപീകരണത്തിനുള്ള അംഗങ്ങളുടെ എണ്ണവും;

(ബി) ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും, ഉദ്യോഗക്കയറ്റവും, സസ്പെൻഷനും, നീക്കം ചെയ്യലും പിരിച്ചുവിടലും;

(സി) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അവധിയും അവധിബത്തകളും പെൻഷനും ഗ്രാറ്റുവിറ്റിയും സമാശ്വാസബത്തകളും, യാത്രാ ബത്തകളും, പ്രോവിഡന്റ് ഫണ്ടിന്റെയോ അവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള മറ്റേതെങ്കിലും ഫണ്ടിന്റെയോ രൂപീകരണവും പരിപാലനവും;

(ഡി) 15-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം, അപ്പീലുകൾ ബോധിപ്പിക്കാവുന്ന സമയപരിധിയും രീതിയും അങ്ങനെയുള്ള അപ്പീലുകൾ തീരുമാനിക്കുന്നതിനുള്ള നടപടിക്രമവും;

(ഇ) 16-ാം വകുപ്പിലെ (എഫ്) ഖണ്ഡപ്രകാരം, ബോർഡിലെ ജീവനക്കാരാകുന്ന ആളുകളുടെ സേവന വേതന വ്യവസ്ഥകൾ;

(എഫ്) അതിലെ ജീവനക്കാരുടെ നിയമനവും സേവന വ്യവസ്ഥകളും ക്രമീകരിക്കുന്നതിനുള്ള ആവശ്യത്തിന് ആനുഷംഗികമായതോ ആവശ്യമായതോ ആയ മറ്റ് ഏത് കാര്യവും;

(ജി) 31-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ രസീതിന്റെ ഫാറം;

(എച്ച്) 32-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം നോട്ടീസ് നൽകാവുന്ന കാലാവധി;

(ഐ) ഈ ആക്റ്റ് പ്രകാരം ബോർഡ് നിർമ്മിച്ചതോ ആർജ്ജിച്ചതോ അതിൽ നിക്ഷിപ്തമായതോ ആയ ഡോക്കുകളുടെയും വാർഫുകളുടെയും കപ്പൽത്തുറകളുടെയും ജട്ടികളുടെയും കെട്ടിടങ്ങളുടെയും മറ്റു നിർമ്മാണങ്ങളുടെയും അല്ലെങ്കിൽ ബോർഡ് ആർജ്ജിച്ചതോ അതിൽ നിക്ഷിപ്തമായതോ ആയ ഏതെങ്കിലും ഭൂമിയുടെയോ ഫോർഷോറിന്റെയോ സുരക്ഷിതവും കാര്യക്ഷമവും സൗകര്യപ്രദവുമായ ഉപയോഗവും നടത്തിപ്പും നിയന്ത്രണവും;

(ജെ) ബോർഡിന്റെ പരിസരങ്ങൾക്കുള്ളിൽ കൊണ്ടുവരുന്ന ചരക്കുകൾ സ്വീകരിക്കലും കയറ്റിറക്കലും സംഭരണവും ചരക്കു നീക്കംചെയ്യലും, ഈ പ്രവർത്തനങ്ങൾ ബോർഡിനാലോ ബോർഡ് നിയോഗിക്കപ്പെട്ട ആളുകളാലോ മാത്രമായി നടത്തുന്നതിനുവേണ്ടിയും കരയ്ക്കിറക്കുന്നതിനു മുമ്പുതന്നെ കേടായിരിക്കാവുന്നതോ അപ്രകാരം കേടായിട്ടുള്ളതായി ആരോപിക്കപ്പെടാവുന്നതോ ആയ ചരക്കുകളുടെ ചുമതല ഏറ്റെടുക്കുന്നതിനുവേണ്ടി അനുവർത്തിക്കേണ്ട നടപടിക്രമം പ്രഖ്യാപിക്കുന്നതിന് വേണ്ടിയും;

(കെ) തുറമുഖം നദി അല്ലെങ്കിൽ നദീതടങ്ങളുടെ നദീതീരവും ബോർഡിന്റെ മരാമത്ത് നിർമ്മാണങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനും അതിലോ അവയിൻമേലോ അഴുക്കോ മാലിന്യമോ വലിച്ചെറിയുന്നത് തടയുന്നതിനോ വേണ്ടിയും;

(എൽ) ഈ ആക്റ്റ് പ്രകാരം ബോർഡ് ചുമത്താവുന്ന നിരക്കുകൾ കൊടുക്കുന്ന രീതിയും;

(എം) ജലയാനങ്ങളിൽനിന്ന് ചരക്കുകൾ ഇറക്കുന്നതിനും യാനങ്ങളിൽനിന്ന് കപ്പലിലേക്ക് ചരക്കുകൾ കയറ്റുന്നതിനും ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള ഡോക്കുകളും ജെട്ടികളും സ്റ്റേജുകളും കടൽപ്പാലങ്ങളും കപ്പൽത്തുറകളും വാർഫുകളും നിയന്ത്രിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനും നിർവ്വചിക്കുന്നതിനും;

(എൻ) തുറമുഖത്തിനുള്ളിലോ തുറമുഖപ്രവേശനഭാഗങ്ങൾക്കുള്ളിലോ ഉള്ള ജലയാനങ്ങളിൽനിന്നും കയറ്റിറക്ക് നടത്തേണ്ട രീതിയും ഉപാധികളും നിബന്ധനകളും;

(ഒ) കപ്പലുകൾക്ക് ഇടയിലുള്ളതോ കപ്പലിനും തീരത്തിനും ഇടയിലുള്ളതോ തീരത്തിനും കപ്പലുകൾക്കും ഇടയിലുള്ളതോ ആയ ചരക്കുകളുടെ നീക്കം നിയന്ത്രിക്കുന്നതിന്;

(പി) ബോർഡിന്റെ പരിസരങ്ങളിൽനിന്നും അച്ചടക്കമില്ലാത്തതോ മറ്റു അനഭിലഷണീയരായതോ ആയ ആളുകളേയും അതിക്രമിച്ചു കടക്കുന്നവരേയും ഒഴിവാക്കൽ;

(ക്യൂ) തുറമുഖത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്;

(ആർ) പൊതുവായി തുറമുഖങ്ങളുടെ കാര്യക്ഷമവും ശരിയായതുമായ ഭരണനിർവ്വഹണത്തിനു വേണ്ടി;

(എസ്) ബോർഡ് പുറപ്പെടുവിച്ചതോ പുറപ്പെടുവിക്കേണ്ടതോ ആയ സെക്യൂരിറ്റികളെ സംബന്ധിക്കുന്ന രേഖകൾ ഒപ്പു വയ്ക്കുന്നതിന് അധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും ആളും അയാളും അവയിൽ കോർപ്പറേറ്റ് മുദ്ര പതിപ്പിക്കുന്നതിന്റെയും അവയുടെ സാക്ഷ്യപ്പെടുത്തലിന്റേയും രീതിയും;

(റ്റി) അങ്ങനെയുള്ള സെക്യൂരിറ്റികൾ സംബന്ധിച്ച പലിശ അടയ്ക്കുന്നതിന്റെയും രേഖപ്പെടുത്തേണ്ടതിന്റെയും കൈപ്പറ്റുന്നതിന്റേയും രീതി;

(യു) കടപ്പത്രങ്ങൾ പുതുക്കാവുന്നതിന്റെ സാഹചര്യങ്ങളും രീതിയും;

(വി) അങ്ങനെയുള്ള സെക്യൂരിറ്റികൾ അവയിന്മേലുള്ള പലിശ വീണ്ടും നൽകുന്നതിന് മുമ്പുതന്നെ അവ പുതുക്കേണ്ടതായ സാഹചര്യങ്ങൾ;

(ഡബ്ല്യൂ) അങ്ങനെയുള്ള സെക്യൂരിറ്റികൾ പുതുക്കലിനോ, പരിവർത്തനത്തിനോ സമാഹൃതമാക്കലിനോ ഉപവിഭജനത്തിനോ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള അങ്ങനെയുള്ള സെക്യൂരിറ്റികൾക്ക് രസീത് നൽകേണ്ട ഫാറം;

(എക്സ്) ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റികൾക്കുവേണ്ടി അപേക്ഷിക്കുന്ന ഒരാൾ ഹാജരാക്കേണ്ടതായ തെളിവ്;

(വൈ) 58-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള ഫാറവും രീതിയും അതേ വകുപ്പിലെ (3)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പട്ടിക പ്രസിദ്ധീകരിക്കുന്ന രീതിയും;

(ഇസഡ്) പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടിട്ടുള്ളതായോ കളവ് പോയിട്ടുള്ളതായോ നശിച്ചുപോയിട്ടുള്ളതായോ ആരോപിക്കപ്പെടുന്ന സെക്യൂരിറ്റികളിന്മേൽ പലിശ നൽകുന്നതിനുവേണ്ടിയോ ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റികൾ നൽകുന്നതിനുവേണ്ടിയോ അപേക്ഷിക്കുന്ന ഒരാൾ നൽകേണ്ട നഷ്ടപരിഹാരത്തിന്റെ സ്വഭാവവും തുകയും;

(ഇസഡ് എ) സെക്യൂരിറ്റികൾ പരിവർത്തനപ്പെടുത്തുന്നതിനും സമാഹൃതമാക്കുന്നതിനും ഉപവിഭജനം നടത്താവുന്നതിനും വിധേയമാക്കേണ്ട ഉപാധികൾ;

(ഇസഡ് ബി) സ്റ്റോക്ക് സർട്ടിഫിക്കറ്റ് നൽകപ്പെടാവുന്നതിനുള്ള തുക;

(ഇസഡ് സി) പൊതുവായി, സെക്യൂരിറ്റികളുടെ ഡ്യൂപ്ലിക്കേറ്റ് നൽകലും പുതുക്കലും പരിവർത്തനവും സമാഹൃതമാക്കലും ഉപവിഭജനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും;

(ഇസഡ് ഡി) ഡ്യൂപ്ലിക്കേറ്റ് സെക്യൂരിറ്റികൾ നൽകലും സെക്യൂരിറ്റികളുടെ പുതുക്കലും പരിവർത്തനവും സമാഹൃതമാക്കലും ഉപവിഭജനവും സംബന്ധിച്ച് നൽകേണ്ടതായ ഫീസും;

(ഇസഡ് ഇ) സ്റ്റോക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ചുമത്തേണ്ടതായ ഫീസ്;

(ഇസഡ് എഫ്) റെഗുലേഷനുകൾവഴി വ്യവസ്ഥ ചെയ്യേണ്ടതോ വ്യവസ്ഥ ചെയ്യാവുന്നതോ ആയ മറ്റു ഏതൊരു കാര്യവും.

108. റെഗുലേഷനുകൾ സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഈ ആക്റ്റ് പ്രകാരം ബോർഡ് ഉണ്ടാക്കിയ യാതൊരു റെഗുലേഷനും, ആയത് ഔദ്യോഗിക ഗസറ്റിൽ ബോർഡ് പ്രസിദ്ധപ്പെടുത്തുന്നതുവരെ പ്രാബാവമുണ്ടായിരിക്കുന്നതല്ല.

(2) ഈ ആക്റ്റ് പ്രകാരം കീഴിൽ ഉണ്ടാക്കിയ ഏതൊരു റെഗുലേഷനും അതിന്റെ ലംഘനത്തിന്, കുറ്റസ്ഥാപനത്തിൻമേൽ ഇരുനൂറ് രൂപവരെയാകാവുന്ന പിഴയോടുകൂടിയും ലംഘനം തുടരുന്ന ഒന്നാണെങ്കിൽ അങ്ങനെയുള്ള ലംഘനം തുടരുന്ന കാലയളവിനുള്ള ഓരോ ദിവസത്തിനും അമ്പത് രൂപ വരെയാകാവുന്ന അധിക പിഴയോടുകൂടിയും ശിക്ഷിക്കപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

109. റെഗുലേഷനുകൾ ഉണ്ടാക്കാൻ നിർദ്ദേശം നൽകുന്നതിന് സർക്കാരിനുള്ള അധികാരം.—(1) പൊതുതാല്പര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ കരുതുമ്പോഴെല്ലാം അതിന് അതിന്റെ ലിഖിതമായ ഉത്തരവുവഴി 107-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ എല്ലാത്തിനുമോ ഏതിനെങ്കിലുമോ ഇതിലേക്കായി സർക്കാർ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ഏതെങ്കിലും റെഗുലേഷനുകൾ ഉണ്ടാക്കുവാനോ ബോർഡിനോട് നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ സർക്കാരിന്, അത് വിനിർദ്ദേശിച്ചിട്ടുള്ള കാലാവധിയെ അത് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള കൂടുതൽ കാലാവധിയോ കാലാവധികളോ കൊണ്ട് നീട്ടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ അങ്ങനെയുള്ള നിർദ്ദേശങ്ങളെ പാലിക്കുവാൻ ബോർഡ് വീഴ്ച വരുത്തുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്യുന്നുവെങ്കിൽ സർക്കാരിന്, നിർദ്ദേശത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള രൂപത്തിലോ സർക്കാർ ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള അതിന്റെ രൂപഭേദത്തോടു കൂടിയോ, അതതു സംഗതിപോലെ, റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതോ റെഗുലേഷനുകൾ ഭേദഗതി ചെയ്യാവുന്നതോ ആണ്:

എന്നാൽ, അപ്രകാരം റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ മുമ്പ് സർക്കാർ പ്രസ്തുത കാലയളവിനുള്ളിൽ ബോർഡ് നൽകുന്ന ഏതെങ്കിലും ആക്ഷേപമോ നിർദ്ദേശമോ പരിഗണിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിന് അനുസൃതമായി ഏതെങ്കിലും റെഗുലേഷൻ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യപ്പെട്ടിട്ടുള്ളിടത്ത് അപ്രകാരം ഉണ്ടാക്കിയതോ ഭേദഗതി ചെയ്യപ്പെട്ടതോ ആയ റെഗുലേഷനുകൾ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്മേൽ അവയ്ക്ക് അതിനനുസൃതമായി പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

110. ആദ്യ റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ആദ്യത്തെ റെഗുലേഷനുകൾ വിജ്ഞാപനം വഴി സർക്കാർ ഉണ്ടാക്കേണ്ടതാണ്.

111. ചില റെഗുലേഷനുകൾ മുതലായവയുടെ പതിക്കൽ.—107-ാം വകുപ്പിലെ (എ) മുതൽ (ആർ) വരെ ഖണ്ഡങ്ങൾ പ്രകാരം ഉണ്ടാക്കിയ റെഗുലേഷനുകളുടെ മൂലവാക്യവും VI-ാം അദ്ധ്യായപ്രകാരം ബോർഡ് ഉണ്ടാക്കിയ ഉപാധികളുടെ ഒരു സ്റ്റേറ്റ്മെന്റ് സഹിതം, നിരക്കിന്റെ സ്കെയിലും വാർഫുകളിലും ഡോക്കുകളിലും, കടൽപ്പാലങ്ങളിലും ബോർഡിന്റെ കെട്ടിട പരിസരങ്ങളിലുള്ള മറ്റ് സൗകര്യപ്രദമായ സ്ഥലങ്ങളിലും ആ ആവശ്യത്തിനായി സൂക്ഷിക്കേണ്ട പ്രത്യേക ബോർഡുകളിൽ, മലയാളത്തിലും ഇംഗ്ലീഷിലും പ്രാദേശിക ഭാഷകളിലും എടുത്തു കാണിക്കത്ത വിധം ബോർഡ് പതിപ്പിക്കേണ്ടതാണ്.

112. തീരുവകൾ പിരിച്ചെടുക്കുന്നതിനുവേണ്ടി വാർഫുകൾ മുതലായവ ഉപയോഗിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവകാശം സംരക്ഷിക്കലും കസ്റ്റംസ് ഉദ്യോഗസ്ഥരുടെ അധികാരവും.—ഈ ആക്റ്റിലെ യാതൊന്നും തന്നെ,—

(1) ബോർഡിന്റെ കൈവശത്തിലുള്ള ഏതെങ്കിലും ഡോക്കിലോ ബർത്തിലോ വാർഫിലോ കപ്പൽത്തുറയിലോ സ്റ്റേജിലോ ജെട്ടിയിലോ കടൽപ്പാലത്തെയോ കസ്റ്റംസ് തീരുവകൾ പിരിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെയോ തീരുവകൾ പിരിക്കുവാനുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ അവകാശത്തേയോ; അല്ലെങ്കിൽ

(2) തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം കസ്റ്റംസ് അധികാരസ്ഥാനങ്ങളിൽ നിക്ഷിപ്തമാക്കപ്പെട്ട ഏതെങ്കിലും അധികാരത്തെയോ അധികാരശക്തിയെയോ, ബാധിക്കുന്നതല്ല.

113. ഈ ആക്റ്റിലെ വ്യവസ്ഥകൾ വ്യോമയാനത്തിന് ബാധകമാക്കൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ ജലയാനങ്ങളെ സംബന്ധിച്ച് അവ ബാധകമാകുന്ന അതേ രീതിയിൽ, ജലത്തിലായിരിക്കുമ്പോൾ ഏതെങ്കിലും തുറമുഖം ഉപയോഗപ്പെടുത്തുന്ന എല്ലാ വ്യോമയാനങ്ങൾക്കും ബാധകമാകുന്നതാണ്.

114. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഏത് കാര്യവും പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമുഖേന ചെയ്യാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതലുള്ള രണ്ടുവർഷകാലാവധി അവസാനിച്ചതിനുശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 ആഗസ്റ്റ് 16.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*